പിതാവിന്റെ സ്നേഹം



ആശിഷ് റായ്ച്ചൂർ

സൗജന്യ വിതരണത്തിന് മാത്രം
അച്ചടിയും വിതരണവും: ഓൾ പീപ്പിൾസ് ചർച്ച് & വേൾഡ് ഔട്ട്റീച്ച്, ബാംഗ്ലൂർ, ഇന്ത്യ.
നിലവിലെ പതിപ്പ്: 2026

ബന്ധപ്പെടുവാനുള്ള വിവരങ്ങൾ
All Peoples Church & World Outreach,
#319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

ഫോൺ:+91-80-25452617
ഇമെയിൽ: **bookrequest@apcwo.org**
വെബ്സൈറ്റ്: **apcwo.org**

സൂചന നൽകിയിരിക്കുന്നവയൊഴിച്ച് മറ്റെല്ലാ തിരുവെഴുത്ത് ഉദ്ധരണികളും വിശുദ്ധ ബൈബിളിൽ നിന്നും—ബി.എസ്.ഐ-മലയാളം-ഒ.വി. ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ (BSI) പ്രസിദ്ധീകരണം-എടുത്തിട്ടുള്ളതാകുന്നു. അനുമതി പ്രകാരം ഉപയോഗിച്ചിരിക്കുന്നു. എല്ലാ അവകാശങ്ങളും നിക്ഷിപ്തം.

സാമ്പത്തിക പങ്കാളിത്തം
ഓൾ പീപ്പിൾസ് ചർച്ചിലെ അംഗങ്ങളുടെയും, പങ്കാളികളുടെയും, സുഹൃത്തുക്കളുടെയും സാമ്പത്തിക സഹായത്താലാണ് ഈ പ്രസിദ്ധീകരണത്തിന്റെ സൗജന്യ വിതരണം സാധ്യമാക്കിയത്. ഈ സൗജന്യ പ്രസിദ്ധീകരണം നിങ്ങൾക്ക് ഗുണപ്രദമായെങ്കിൽ, ഓൾ പീപ്പിൾസ് ചർച്ചിൽ നിന്നുള്ള സൗജന്യ പ്രസിദ്ധീകരണങ്ങളുടെ അച്ചടിയെയും വിതരണത്തെയും സാമ്പത്തികമായി സഹായിക്കുന്നതിന് ഞങ്ങൾ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. നിങ്ങളുടെ സംഭാവന നൽകുന്നതിനെക്കുറിച്ചുള്ള വിവരങ്ങൾക്കായി ദയവായി **apcwo.org/give** എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ഈ പുസ്തകത്തിന്റെ പിൻഭാഗത്തുള്ള "പാർട്ണർ വിത്ത് ഓൾ പീപ്പിൾസ് ചർച്ച്" എന്ന പേജ് കാണുകയോ ചെയ്യുക. നന്ദി!

സൗജന്യ വിവരശേഖരങ്ങളും അനുബന്ധ വെബ്സൈറ്റുകളും
പ്രഭാഷണങ്ങൾ: apcwo.org/sermons | **പുസ്തകങ്ങൾ:** apcwo.org/books
ചർച്ച് ആപ്പ്: apcwo.org/app | **ബൈബിൾ കോളേജ്:** apcbiblecollege.org
ഇ-ലേണിംഗ്: apcbiblecollege.org/elearn | **കൗൺസെലിംഗ്:** chrysalislife.org
സംഗീതം: apcmusic.org | **ശുശ്രൂഷകരുടെ കൂട്ടായ്മ:** pamfi.org
എപിസി വേൾഡ് മിഷനുകൾ: apcworldmissions.org
ബിലീവേഴ്സ് ബൈബിൾ കമന്ററി: believersbiblecommentary.com

(Malayalam—The Father's Love)

പിതാവിന്റെ സ്നേഹം

തളരാത്ത സ്നേഹം

APC MUSIC (apcmusic.org)

ചരണം 1

വൻമലകളെൻ വഴിമദ്ധ്യേ ഉയരുമ്പോൾ
അതിൻ നിഴലുകൾ എന്നെ മൂടുമ്പോൾ,
ആരെൻ നിലവിളി കേൾക്കുമെന്ന് ഞാനഴലുമ്പോൾ,
ലക്ഷ്യത്തിലെത്തുവാൻ എന്നെ തുണയ്ക്കണേ.

അനുപല്ലവി 1

അന്നേരം ഞാനെൻ മിഴികൾ ഉയർത്തുന്നു,
ദൈവമേ, നിന്നെ കാണുവാൻ,
ഭൂമിയെയും മേലെ
സ്വർഗ്ഗത്തെയും മെനഞ്ഞവനേ,
അറിയുന്നു ഞാനെൻ സഹായം നിന്നിൽനിന്ന്
കർത്താവെന്നെ വലയം ചെയ്തിരിക്കുന്നു (x2)

പല്ലവി

നിൻ സ്നേഹത്താൽ,
നിൻ തളരാത്ത സ്നേഹത്താൽ,
രാവും പകലും,
നീ ഉയരത്തിൽ നിന്നെന്നെ കാണുന്നു
അങ്ങ് എന്നെ ഇടറാൻ വിടില്ല,
അങ്ങ് എന്നെ വീഴാൻ വിടില്ല,
തളരാ സ്നേഹത്തിൻ പിതാവേ.

ചരണം 2

ഞാൻ പകൽ വെളിച്ചത്തിലായാലും,
രാത്രി തൻ ഇരുളിലായാലും,
നിൻ ചിറകിൻ തണലിന്നെ പൊതിയുന്നു,
എന്നരികിൽനിന്ന് നീ ഒരിയ്ക്കലും മാറില്ല.

അനുപല്ലവി 2

അതിനാൽ ഞാനെൻ മിഴികൾ,
നിന്നിലുറപ്പിക്കുന്നു ദൈവമേ
ഭൂമിയെയും മേലെ
സ്വർഗ്ഗത്തെയും മെനഞ്ഞവനേ,
അറിയുന്നു ഞാനെൻ സഹായം നിന്നിൽനിന്ന്
കർത്താവെന്നെ വലയം ചെയ്തിരിക്കുന്നു (x2)

ബ്രിഡ്ജ്

വലയം ചെയ്തിരിക്കുന്നു, വലയം ചെയ്തിരിക്കുന്നു
നിൻ സ്നേഹമെന്നെ വലയം ചെയ്തിരിക്കുന്നു (x4)

ജീവനേക്കാൾ ശ്രേഷ്ഠം

സങ്കീർത്തനങ്ങൾ 63

APC MUSIC (apcmusic.org)

ചരണം 1

ഓ ദൈവമേ, ഞങ്ങൾ നിനക്കായി ദാഹിച്ചു മോഹിക്കുന്നു.
വരണ്ടതും ഉണങ്ങിയതുമായ ഈ ദേശത്ത്,
നീയാണ് ഞങ്ങളുടെ അഭയസ്ഥാനം.
ദൈവമേ, നിന്റെ സത്യത്തിനായി ഞങ്ങൾ വിശക്കുന്നു,
ശക്തി ക്ഷയിക്കുമ്പോൾ,
ഞങ്ങളുടെ ആത്മാവ് നിന്നോട് നിലവിളിക്കുന്നു.

പല്ലവി

നിൻ സ്നേഹം ജീവനേക്കാൾ എത്രയോ ശ്രേഷ്ഠം,
കർത്താവേ, നിന്നിൽ ഞങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നു.
അതുകൊണ്ട് ഞങ്ങളുടെ അധരങ്ങൾ സ്തുതിക്കുവാൻ തുടങ്ങുന്നു,
ഞങ്ങൾ കൈകൾ ഉയർത്തി പ്രാർത്ഥിക്കുന്നു,
അങ്ങയുടെ സ്നേഹം ജീവനേക്കാൾ എത്രയോ ശ്രേഷ്ഠം.

ചരണം 2

ആരാധനയിൽ ഞങ്ങൾ നിൻ തേജസ്സാർന്ന മുഖം കാണുന്നു,
വാക്കുകളില്ലാതെ ആശ്ചര്യത്തോടെ
ഞങ്ങളിതാ ഇവിടെ നിൽക്കുന്നു.
കർത്താവേ, എന്നെന്നേക്കും
ഞങ്ങൾ നിൻ നാമത്തെ വാഴ്ത്തും.
നിന്നതുല്യ കൃപയാൽ രക്ഷിക്കപ്പെട്ട ഞങ്ങളുടെ ഭയങ്ങളെ അകറ്റണമേ

ബ്രിഡ്ജ്

ദൈവമേ നീയെന്റെ ദൈവം
നിൻ അചഞ്ചല സ്നേഹത്തിന്
തുല്യമേതുമില്ല.

ഉള്ളടക്കം

ആമുഖം

1. അതിരുകളില്ലാത്ത ദൈവം, സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവ് 1

2. അളവറ്റ സ്നേഹം 16

3. സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവിന്റെ യഥാർത്ഥ ചിത്രം 27

4. പിതാവിന്റെ സ്നേഹം സ്വീകരിക്കുക 38

5. പിതാവിന്റെ സ്നേഹത്തിൽ വസിക്കുക 55

6. ശിക്ഷണം നൽകുന്ന സ്നേഹം 68

7. സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവിനെ അനുകരിക്കുക 75

ആമുഖം

ദൈവത്തെക്കുറിച്ചുള്ള നിങ്ങളുടെ വെളിപ്പാടിന് അനുസരിച്ചായിരിക്കും ദൈവവുമായുള്ള നിങ്ങളുടെ ബന്ധം. ദൈവവുമായുള്ള നിങ്ങളുടെ ബന്ധത്തിനു അനുസരിച്ചായിരിക്കും മറ്റുള്ളവരുമായുള്ള നിങ്ങളുടെ ബന്ധം.

ബൈബിൾ ദൈവത്തിന്റെ പല വശങ്ങളെ വെളിപ്പെടുത്തുന്നു. ഇതിൽ, ദൈവത്തെക്കുറിച്ചുള്ള ഏറ്റവും ശക്തമായ വെളിപ്പെടുത്തലുകളിൽ ഒന്ന് അവൻ പിതാവാണ് എന്നതാണ്. ദൈവം നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവാണ്. ദൈവത്തെ "ഞങ്ങളുടെ പിതാവേ" എന്ന് വിളിക്കുവാൻ കർത്താവായ യേശു നമ്മെ പഠിപ്പിച്ചു. പിതാവിന് നമ്മോടുള്ള സ്നേഹം ബൈബിൾ വെളിപ്പെടുത്തുന്നു. ഈ പുസ്തകം പിതാവിന്റെ സ്നേഹത്തെക്കുറിച്ചുള്ള ഒരു പഠനമാണ്. ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെക്കുറിച്ചുള്ള നമ്മുടെ ധാരണയ്ക്ക് അനുസരിച്ചായിരിക്കും നാം ദൈവത്തെയും നമ്മെത്തന്നെയും മറ്റുള്ളവരെയും സ്നേഹിക്കുന്നത്.

ഒന്നാമത്തെ കല്പന നമുക്കുള്ളതെല്ലാം കൊണ്ട് ദൈവത്തെ സ്നേഹിക്കുക എന്നതാണ്. രണ്ടാമത്തേത് നാം നമ്മെത്തന്നെ സ്നേഹിക്കുന്നതുപോലെ മറ്റുള്ളവരെയും സ്നേഹിക്കുക എന്നതാണ്. അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ടാണ് നാം അവനെ സ്നേഹിക്കുന്നത്. അവൻ നമ്മെ എത്രമാത്രം സ്നേഹിച്ചു എന്ന് മനസ്സിലാക്കുമ്പോൾ ദൈവത്തോടുള്ള നമ്മുടെ സ്നേഹം ആഴമുള്ളതാകുന്നു. അവൻ നമ്മെ എത്രത്തോളം സ്നേഹിക്കുന്നു എന്ന് നാം മനസ്സിലാക്കുമ്പോൾ, നമ്മെത്തന്നെ സ്നേഹിക്കുവാൻ നാം പഠിക്കുന്നു. നാം നമ്മെത്തന്നെ സ്നേഹിക്കുമ്പോൾ, മറ്റുള്ളവരെയും സ്നേഹിക്കുവാൻ നമുക്ക് സാധിക്കുന്നു. ദൈവം നമ്മെ എത്രമാത്രം വിലമതിക്കുന്നു എന്ന് മനസ്സിലാക്കുമ്പോൾ, നാം നമ്മെത്തന്നെ വിലമതിക്കുവാൻ തുടങ്ങുന്നു. നാം നമ്മെത്തന്നെ വിലമതിക്കുമ്പോൾ, മറ്റുള്ളവരെയും വിലമതിക്കുവാൻ നമുക്ക് കഴിയും.

സാധാരണയായി, നാം നമ്മോട് തന്നെ എങ്ങനെയാണോ

പെരുമാറുന്നത്, അതുപോലെ തന്നെയാണ് മറ്റുള്ളവരോടും പെരുമാറുന്നത്. നാം നമ്മെത്തന്നെ വിമർശിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നവരാണെങ്കിൽ, മറ്റുള്ളവരോടും അങ്ങനെ തന്നെ ചെയ്യുവാനുള്ള പ്രവണതയുണ്ടാകും. ദൈവസ്നേഹത്തെക്കുറിച്ചുള്ള നമ്മുടെ ബോധ്യം നമ്മോടും തന്നെയും മറ്റുള്ളവരോടുമുള്ള നിഷേധാത്മകതയിൽ നിന്നും നമ്മെ മോചിപ്പിക്കുന്നു.

സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവായ ദൈവം നമ്മെ നിരുപാധികമായി അളവറ്റ സ്നേഹിക്കുന്നു. പിതാവിന് നമ്മോടുള്ള സ്നേഹത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ ആവിഷ്കാരവും പ്രകടനവുമാണ് യേശുക്രിസ്തുവിന്റെ ക്രൂശ്. പിതാവിന്റെ സ്നേഹം നാം അറിയുകയും വിശ്വസിക്കുകയും സ്വീകരിക്കുകയും അതിൽ വിശ്രമിക്കുകയും ചെയ്യുമ്പോൾ എല്ലാറ്റിനും മാറ്റം സംഭവിക്കുന്നു. നാം സൗഖ്യം പ്രാപിക്കുകയും സമ്പൂർണ്ണരാക്കപ്പെടുകയും നമ്മുടെ എല്ലാ തകർച്ചകളിൽ നിന്നും ബന്ധനങ്ങളിൽ നിന്നും മോചിപ്പിക്കപ്പെടുകയും ചെയ്യുന്നു. പിതാവിന്റെ സ്നേഹത്തിൽ നിന്ന് നാം ജീവിക്കുമ്പോൾ, നാം സ്നേഹിക്കപ്പെട്ടതുപോലെ തന്നെ മറ്റുള്ളവരെയും സ്നേഹിക്കുന്നു. നാം ദൈവത്തെയും മറ്റുള്ളവരെയും സ്വതന്ത്രമായി സ്നേഹിക്കുന്നു. ദൈവത്തിന്റെ അഭേദ്യമായ സ്നേഹത്തിലൂടെ ജീവിതത്തിലെ എല്ലാ വെല്ലുവിളികളെയും അന്ധകാര ശക്തികളെയും പൂർണ്ണമായി കീഴടക്കിയ ജയാളികളായി നാം ജീവിക്കുന്നു.

പിതാവിന്റെ സ്നേഹം വ്യക്തിപരമായി അറിയുവാനും അനുഭവിക്കുവാനുമുള്ള ഒരു യാത്രയിലേക്ക് ഈ പുസ്തകം നമ്മെ നയിക്കുന്നു. നിങ്ങൾ ഇതുവരെ പോയിട്ടുള്ളതിൽ വെച്ച് ഏറ്റവും ആവേശകരമായ ഒരു പര്യവേക്ഷണത്തിനായി തയ്യാറെടുക്കുക— പരിധികളില്ലാത്ത ദൈവസ്നേഹത്തിന്റെ ആഴങ്ങളിലേക്കുള്ള ഒരു യാത്ര.

ദൈവം അനുഗ്രഹിക്കട്ടെ!
ആശിഷ് റായ്ച്ചൂർ

1

അതിരുകളില്ലാത്ത ദൈവം, സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവ്

സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവ്
മത്തായി 6:9
നിങ്ങൾ ഇവ്വണ്ണം പ്രാർത്ഥിപ്പിൻ:
സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ.

ദൈവം ആരെന്നതിനെക്കുറിച്ചുള്ള വിവിധ വശങ്ങൾ ബൈബിൾ നമുക്ക് വെളിപ്പെടുത്തുന്നു. ഇതിൽ ദൈവത്തിന്റെ ഏറ്റവും അത്ഭുതകരമായ വശങ്ങളിൽ ഒന്ന് അവൻ നമ്മുടെ പിതാവാണ് എന്നുള്ളതാണ്. ദൈവത്തെ "സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവ്" അല്ലെങ്കിൽ "ഞങ്ങളുടെ സ്വർഗ്ഗീയ പിതാവ്" എന്ന് വിളിച്ച് പ്രാർത്ഥിക്കുവാൻ കർത്താവായ യേശു നമ്മെ പഠിപ്പിച്ചു. കർത്താവായ യേശു "സ്വർഗ്ഗീയ പിതാവ്," "സ്വർഗസ്ഥനായ പിതാവ്" എന്നിങ്ങനെ പിതാവാം ദൈവത്തെ പരാമർശിച്ചുകൊണ്ട് പലപ്പോഴും ഉപയോഗിച്ചിട്ടുണ്ട്.

അതിരുകളില്ലാത്തവനും, സർവ്വശക്തനും, സർവ്വജ്ഞനും, സർവ്വവ്യാപിയും സ്വയംഭ്രവും നിത്യനുമായ ഈ ദൈവം നമ്മുടെ പിതാവാകുവാൻ ആഗ്രഹിക്കുന്നു എന്നത് സവിശേഷവും അതിശയകരവുമാണ്. പിതാവെന്ന നിലയിൽ അവന് പുത്രന്മാരും പുത്രിമാരും അടങ്ങുന്ന ഒരു കുടുംബമുണ്ട്. അതിൽ ഒരു വിഭാഗം സ്വർഗ്ഗത്തിലും മറ്റുള്ളവർ ഭ്രമിയിലുമാണ്. ഈ കുടുംബത്തിന് അതിന്റെ പേരും വ്യക്തിത്വവും ലഭിക്കുന്നത് അവനിൽ നിന്നാണ്. *"അതുനിമിത്തം ഞാൻ സ്വർഗ്ഗത്തിലും ഭ്രമിയിലുമുള്ള സകല കുടുംബത്തിനും പേർ വരുവാൻ കാരണമായ പിതാവിന്റെ സന്നിധിയിൽ മുട്ടുകുത്തുന്നു."* (എഫെസ്യർ 3:14,15)

ദൈവം സ്വയംഭ്രവും സ്വയംപര്യാപ്തനുമാണ്. ദൈവത്തിന് മനുഷ്യരുടെ ആവശ്യമില്ല. എന്നിരുന്നാലും, തന്റെ സ്വന്തം ഇഷ്ടത്താലും തിരഞ്ഞെടുപ്പിനാലും, തന്നെത്തന്നെ അവർക്ക് ഒരു പിതാവായി വെളിപ്പെടുത്തേണ്ടതിന് തന്റെ സ്വന്തം "പുത്രന്മാരും" "പുത്രിമാരും"

ആക്കുവാൻ ആഗ്രഹിച്ചുകൊണ്ട് മനുഷ്യരെ സൃഷ്ടിക്കുവാൻ അവൻ തീരുമാനിച്ചു.

നമ്മെ പുത്രന്മാരും പുത്രിമാരുമായി അതിയായി വാഞ്ഛിക്കുന്ന ഒരു പിതാവ് എന്ന നിലപാട് അവൻ സ്വയം തിരഞ്ഞെടുത്തിരിക്കുന്നു. ഈ അർത്ഥത്തിൽ, അവന് നമ്മെ "ആവശ്യമാണ്". നാം അവനെ അറിയണമെന്നും ഒരു പിതാവെന്ന നിലയിൽ അവനെ ആസ്വദിക്കണമെന്നും അവൻ ആഗ്രഹിക്കുന്നു.

1 യോഹന്നാൻ 4:8

...ദൈവം സ്നേഹം തന്നെ.

ദൈവം സ്നേഹമാണെന്നും ബൈബിൾ നമുക്ക് വെളിപ്പെടുത്തിത്തരുന്നു. നമ്മുടെ സ്വർഗ്ഗീയ പിതാവ് സ്നേഹമാണ്. ദൈവത്തിന്റെ സ്നേഹം നിരുപാധികമാണെന്ന് ഈ പഠനത്തിലൂടെ നാം കണ്ടെത്തും. ദൈവത്തിന്റെ സ്നേഹം പരിധിയില്ലാത്തതാണ്. അവന്റെ സ്നേഹം അതിരുകളില്ലാത്തതാണ്. ദൈവം നമ്മെ സ്നേഹിക്കുന്നത് ഇപ്രകാരമാണ്.

പലപ്പോഴും, "പിതാവ്" എന്ന വാക്കിനെക്കുറിച്ച് ചിന്തിക്കുമ്പോൾ, നമ്മുടെ സ്വന്തം മാതാപിതാക്കളുമായുള്ള അനുഭവങ്ങളോടും നമ്മോടുള്ള അവരുടെ പെരുമാറ്റത്തോടും അതിനെ ബന്ധിപ്പിക്കുവാൻ നാം മുതിരാറുണ്ട്. നമ്മിൽ ചിലർക്ക് നമ്മുടെ മാതാവിൽ നിന്നോ പിതാവിൽ നിന്നോ വളരെ നല്ല അനുഭവങ്ങൾ ലഭിച്ചിട്ടുണ്ടാകാം, അതിനാൽ "പിതാവ്" എന്ന വാക്കിനോട് അവർക്ക് നല്ല മനോഭാവമായിരിക്കും. എന്നാൽ മറുവശത്ത്, നമ്മിൽ ചിലർക്കെങ്കിലും "പിതാവ്" എന്ന വാക്ക് കേൾക്കുന്നത് തന്നെ അരോചകമായിരിക്കാം. നമ്മുടെ മാതാപിതാക്കളുമായുള്ള അനുഭവം വേദനാജനകമായിരുന്നിരിക്കാം, അതിനാൽ ആ ചിന്തകളെയും ഓർമ്മകളെയും ഉണർത്തുന്ന എന്തിനെയും നാം വെറുക്കുന്നു.

ഈ പുസ്തകം ഏതൊരു ഭൗതിക പിതാവിനേക്കാളും ഉന്നതനും ശ്രേഷ്ഠനും വ്യത്യസ്തനുമായ നമ്മുടെ സ്വർഗ്ഗീയ പിതാവിനെക്കുറിച്ചുള്ളതാണ്. ദൈവം ഒരു കൊള്ളരുതാത്ത ഭൗതിക പിതാവിനെപ്പോലെയല്ല. അതിനാൽ, ഒരു ഭൗതിക പിതാവിനെ കാണുന്നതുപോലെ ദൈവത്തെ നോക്കരുത്. നിങ്ങളുടെ ഭൗതിക മാതാപിതാക്കളിൽ നിന്നു നിങ്ങൾക്ക് നേരിടേണ്ടിവന്ന

മോശമായ അനുഭവങ്ങൾ, നിങ്ങളുടെ സ്വർഗ്ഗീയ പിതാവിനെ അറിയുന്നതിനും അവനിൽ നിന്നും പ്രാപിക്കുന്നതിനും ഒരു തടസ്സമാകുവാൻ അനുവദിക്കരുത്. നമ്മുടെ സ്വർഗ്ഗീയ പിതാവിന്റെ സ്നേഹം അറിയുകയും അനുഭവിക്കുകയും ചെയ്യുക എന്നതാണ് ഈ പഠനത്തിലൂടെയുള്ള നമ്മുടെ ലക്ഷ്യം. ഇത് ജീവിതത്തെ മാറ്റിമറിക്കുന്ന ഒന്നാണ്. പിതാവിന്റെ സ്നേഹം കണ്ടെത്തുകയും അനുഭവിക്കുകയും ചെയ്യുന്നതിൽ നിന്നും നിങ്ങളെ തടയുവാൻ ഒന്നിനെയും അനുവദിക്കരുത്.

ദൈവം ബന്ധങ്ങളിൽ വിശ്വസിക്കുന്നു

യോഹന്നാൻ 17:24

"പിതാവേ, നീ ലോകസ്ഥാപനത്തിനു മുമ്പെ എന്നെ സ്നേഹിച്ചതിക്കൊണ്ടു എനിക്കു നല്കിയ മഹത്വം നീ എനിക്കു തന്നിട്ടുള്ളവർ കാണേണ്ടതിനു ഞാൻ ഇരിക്കുന്ന ഇടത്തു അവരും എന്നോടു കൂടെ ഇരിക്കേണം എന്നു ഞാൻ ഇച്ഛിക്കുന്നു."

ലോകസ്ഥാപനത്തിന് മുമ്പ്, മറ്റേതും സൃഷ്ടിക്കപ്പെടുന്നതിന് മുമ്പ് തന്നെ, ത്രിത്വത്തിൽ സ്നേഹം ഉണ്ടായിരുന്നു. ത്രിത്വം സ്നേഹമായിരുന്നു, സ്നേഹമാകുന്നു, കാരണം ദൈവം സ്നേഹമാണ്. കാലാതീതമായ ഭൂതകാലത്തിൽ—നിത്യതയിൽ—പിതാവും വചനവും ആത്മാവും തമ്മിൽ സ്നേഹം നിലനിന്നിരുന്നു.

ദൈവം ബന്ധങ്ങളെ ആഗ്രഹിക്കുന്നുവെന്ന് ഇത് നമ്മെ പഠിപ്പിക്കുന്നു. ദൈവത്തിന് സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും കഴിയും.

മർക്കോസ് 12:29-31

[29]അതിന് യേശു: എല്ലാറ്റിലും മുഖ്യകല്പനയോ: 'യിസ്രായേലേ, കേൾക്ക; നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്.

[30]നിന്റെ ദൈവമായ കർത്താവിനെ നീ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണമനസ്സോടും പൂർണശക്തിയോടും കൂടെ സ്നേഹിക്കേണം' എന്ന് ആകുന്നു.

[31]രണ്ടാമത്തേതോ: 'കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കേണം' എന്നത്രേ; ഇവയിൽ വലുതായിട്ടു മറ്റൊരു കല്പനയും ഇല്ല എന്ന് ഉത്തരം പറഞ്ഞു.

കർത്താവായ യേശു നമുക്ക് നൽകിയ ഒന്നാമത്തെ കൽപന, നമ്മുടെ സർവ്വസ്വവും—ഹൃദയം, ആത്മാവ്, മനസ്സ്, ശക്തി—ഉപയോഗിച്ച് ദൈവത്തെ സ്നേഹിക്കുവാനാണ്. ദൈവത്തിന് സ്നേഹിക്കപ്പെടുവാൻ സാധിക്കുമെന്ന് ഇത് സൂചിപ്പിക്കുന്നു. അവൻ നമ്മുടെ സ്നേഹം സ്വീകരിക്കുന്നു. അവനോടുള്ള നമ്മുടെ സ്നേഹത്തിൽ

അവൻ ആനന്ദിക്കുന്നു. നമ്മുടെ സ്നേഹം അവനെ സ്പർശിക്കുന്നു. നമ്മുടെ സ്നേഹം അവന് അനുഭവവേദ്യമാകുന്നു. ഹൃദയപരമാർത്ഥതയോടെ നാം *"പിതാവേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു," "യേശു കർത്താവേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു," "പരിശുദ്ധാത്മാവേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു"* എന്ന് പറയുമ്പോൾ അവൻ അത് അനുഭവിച്ചറിയുന്നു.

നാം അവന്റെ സ്വരൂപത്തിലാണ് സൃഷ്ടിക്കപ്പെട്ടത്. നമ്മളും ബന്ധങ്ങൾ ആഗ്രഹിക്കുന്നവരാണ്. നമുക്ക് സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും കഴിയും. ദൈവത്തെയും മനുഷ്യരെയും സ്നേഹിക്കുവാനാണ് നാം സൃഷ്ടിക്കപ്പെട്ടത്. സ്നേഹിക്കപ്പെടുവാൻ—സ്നേഹം സ്വീകരിക്കുവാൻ—വേണ്ടിയാണ് നാം സൃഷ്ടിക്കപ്പെട്ടത്.

നാം കുടുംബങ്ങളിൽ ജനിക്കുന്നതും ബന്ധങ്ങളിൽ ആയിരിക്കുന്നതും ഒരു പൈതൽ എന്ന നിലയിൽ മാതാപിതാക്കളുടെ—അച്ഛന്റെയോ അമ്മയുടെയോ—സ്നേഹത്തിനും വാത്സല്യത്തിനും സംരക്ഷണത്തിനും പരിപോഷണത്തിനും പ്രോത്സാഹനത്തിനും അംഗീകാരത്തിനും വേണ്ടി നാം കൊതിക്കുന്നതുകൊണ്ടാണ്.

ദൈവം തന്റെ പരിധിയില്ലാത്തതും നിരുപാധികവുമായ സ്നേഹത്തിന്റെ കേന്ദ്രമായി നമ്മെ മാറ്റിയിരിക്കുന്നു

എഫെസ്യർ 1:4-6

[4]നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന് അവൻ ലോകസ്ഥാപനത്തിനു മുമ്പേ നമ്മെ
[5]അവനിൽ തിരഞ്ഞെടുക്കയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തു മുഖാന്തരം
[6]നമ്മെ ദത്തെടുക്കേണ്ടതിന് അവൻ പ്രിയനായവനിൽ നമുക്കു സൗജന്യമായി നല്കിയ തന്റെ കൃപാമഹത്ത്വത്തിന്റെ പുകഴ്ച്ചയ്ക്കായി സ്നേഹത്തിൽ നമ്മെ മുൻനിയമിക്കയും ചെയ്തവല്ലോ.

എഫെസ്യർ 1:4,5 (ദ മെസ്സേജ് ഇംഗ്ലീഷ് ബൈബിൾ)
[4]ഭൂമിയുടെ അടിസ്ഥാനമിടുന്നതിനും വളരെ മുൻപ് അവന്റെ മനസ്സിൽ നമ്മളുണ്ടായിരുന്നു; അവന്റെ സ്നേഹത്താൽ നമ്മെ സമ്പൂർണ്ണരും വിശുദ്ധരും ആക്കേണ്ടതിനായി തന്റെ സ്നേഹത്തിന്റെ കേന്ദ്രബിന്ദുവായി അവൻ നമ്മെ തിരഞ്ഞെടുത്തു.
[5]യേശുക്രിസ്തുവിലൂടെ നമ്മെ തന്റെ കുടുംബത്തിലേക്ക് ദത്തെടുക്കാൻ അവൻ ദീർഘ കാലം മുൻപ് തന്നെ തീരുമാനിച്ചിരുന്നു. (ഈ പദ്ധതി ആസൂത്രണം ചെയ്യുന്നതിൽ അവൻ എത്രമാത്രം ആനന്ദിച്ചു!)

ദൈവം ഈ ലോകം സൃഷ്ടിക്കുന്നതിന് മുമ്പ് തന്നെ, ക്രിസ്തുവിൽ തിരഞ്ഞെടുക്കപ്പെട്ട ഒരു കൂട്ടം ജനം തന്റെ സ്നേഹത്താൽ പൊതിയപ്പെട്ടവരും വിശുദ്ധരും നിഷ്കളങ്കരും ആയിരിക്കണമെന്ന്

നിശ്ചയിച്ചു. അവരെ തന്റെ സ്വന്തം കുടുംബത്തിലേക്ക് പുത്രന്മാരായും പുത്രിമാരായും ദത്തെടുക്കുവാനും, അവർക്ക് പിതാവായിരിക്കുവാനും, തന്റെ സ്വന്തം പേര് അവർക്ക് നൽകുവാനും അവൻ തീരുമാനിച്ചു. ഇത് *"തന്റെ തിരുഹിതത്തിന്റെ പ്രസാദപ്രകാരമായിരുന്നു"* (എഫെസ്യർ 1:5). ഇത് ചെയ്യുവാനാണ് അവൻ ശ്രുഷ്കാന്തിയോടും താത്പര്യത്തോടുമിരുന്നത്.

പുത്രന്മാരെയും പുത്രിമാരെയും ലഭിക്കണമെന്ന് ആഗ്രഹിക്കുന്ന ദൈവത്തിന്റെ ഹൃദയമാണ് ഇത് വെളിപ്പെടുത്തുന്നത്. നാം മക്കളും അവൻ നമ്മുടെ സ്വർഗ്ഗീയ പിതാവായുമിരിക്കുന്ന ഒരു അടുത്ത ബന്ധവും കൂട്ടായ്മയും നമ്മളുമായി വേണമെന്നതാണ് ദൈവത്തിന്റെ ആഗ്രഹം. ലോകസ്ഥാപനത്തിന് മുൻപേ ഇതാണ് അവന്റെ ഹൃദയാഭിലാഷം. നമ്മുടെ സൃഷ്ടിയുടെ കാരണവും ഇതാണ്. നാം അവന്റെ മക്കളായിരിക്കുവാനും അവന്റെ അളവറ്റ, ഉപാധികളില്ലാത്ത സ്നേഹത്തിന്റെ കേന്ദ്രമായിരിക്കുവാനും വേണ്ടിയാണ് ദൈവം നമ്മെ സൃഷ്ടിച്ചത്.

സൃഷ്ടിക്ക് മുമ്പേ സ്നേഹമുണ്ടായിരുന്നു, സ്നേഹം ഉള്ളതുകൊണ്ട് സൃഷ്ടിയുണ്ടായി.

സ്നേഹിക്കപ്പെടുവാനുള്ള നമ്മുടെ ശേഷിയെ വീണ്ടെടുക്കുന്നു

എങ്കിലും, പാപം നിമിത്തം നാം തകർന്നിരിക്കുന്നു. സ്നേഹിക്കപ്പെടുവാനുള്ള നമ്മുടെ ശേഷി തകർന്നിരിക്കുന്നു. മറ്റുള്ളവരെ സ്നേഹിക്കുവാനുള്ള നമ്മുടെ ശേഷിയും തകർന്നുപോയിരിക്കുന്നു.

സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനുമുള്ള പ്രാപ്തി തകർന്നുപോയിരിക്കയാൽ, മനഃപൂർവ്വമല്ലാതെ നാം പല കാര്യങ്ങൾ ചെയ്യുകയും അവ നമ്മുടെ വൈകാരിക തലത്തിനു ചുറ്റും മതിലുകളായി മാറുകയും ചെയ്യുന്നു. സ്നേഹമില്ലാതെ ജീവിക്കുവാൻ കഴിയുമെന്ന് നാം സ്വയം പറയുന്നു. മനുഷ്യരിൽ നിന്ന് നാം അകലം പാലിക്കുന്നു. മറ്റുള്ളവരെ അകറ്റി നിർത്തുന്നു. ആരോടും കൂടുതൽ അടുക്കുന്നില്ല. വൈകാരികമായി നമ്മെത്തന്നെ മറ്റുള്ളവരിൽനിന്ന് ഒറ്റപ്പെടുത്തുന്നു. ഈ മനസികാവസ്ഥയുമായി നാം വിവാഹജീവിതത്തിലേക്ക് കടക്കുമ്പോൾ നമ്മുടെ പങ്കാളിയോട് വൈകാരികമായി അടുക്കുവാൻ സാധിക്കാതെ വരുന്നു. ചുറ്റും ഈ മതിലുകൾ പ്രതിരോധത്തിനായി കെട്ടിയിരിക്കുന്നതിനാൽ വൈകാരികമായ അടുപ്പം വളരെ

പ്രയാസകരമായി മാറുന്നു. ഒരു മാതാവോ പിതാവോ എന്ന നിലയിൽ, മക്കൾക്ക് ഭൗതികമായ കാര്യങ്ങൾ നൽകുവാൻ നമുക്ക് കഴിഞ്ഞേക്കാം, എന്നാൽ സ്നേഹവാനായ ഒരു പിതാവിന്റെ (അല്ലെങ്കിൽ മാതാവിന്റെ) സ്നേഹവും ഊഷ്മളതയും പ്രകടിപ്പിക്കുവാൻ നമുക്ക് കഴിയാതെ വരുന്നു. തന്മൂലം ആത്മാർത്ഥമായ ഉപാധികളില്ലാത്ത സ്നേഹം ലഭിക്കാതെ മക്കൾ വളരുന്നു.

വിചിത്രമായ കാര്യമെന്തെന്നാൽ, സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനുള്ള നമ്മുടെ ശേഷി തകരുമ്പോൾ, നാം ജീവിതത്തിലെ തെറ്റായ കാര്യങ്ങളുമായി "ആത്മബന്ധത്തിൽ" അഥവാ "വൈകാരികമായ ബന്ധത്തിൽ" ഏർപ്പെടുന്നു. ജോലി, കരിയർ, വിജയം, പേര്, പ്രശസ്തി, അംഗീകാരം, പൊതുജനശ്രദ്ധ, പണം, വസ്തുക്കൾ തുടങ്ങിയവയോട് നാം വൈകാരികമായി ആസക്തിയുള്ളവരായി മാറുന്നു.

സ്നേഹവാനായ ദൈവത്തിന് മുമ്പിലുള്ള തെറ്റായ നിലപാടുകൾ

തുടർന്നു നമ്മുടെ തകർച്ചയിൽ നിന്നുകൊണ്ട് നാം ദൈവവുമായി ബന്ധപ്പെടുവാൻ ശ്രമിക്കുന്നു. എന്നാൽ ദൈവത്തെക്കുറിച്ച് നാം നമ്മുടെയുള്ളിൽ വെച്ചുപുലർത്തുന്ന തെറ്റായ ആശയങ്ങളും ധാരണകളും ദൈവത്തോട് ബന്ധപ്പെടുന്നതിനെ ബാധിക്കുന്നു. ഈ തെറ്റിദ്ധാരണകളും തെറ്റായ ചിന്താഗതികളും ദൈവം യഥാർത്ഥത്തിൽ ആരാണെന്ന നമ്മുടെ വെളിപ്പാടിനെ വികലമാക്കുന്നു. ദൈവത്തെക്കുറിച്ചുള്ള നമ്മുടെ ചിത്രം (കാഴ്ചപ്പാട്, ധാരണ) വികലവും, കളങ്കിതവും, പിഴവുള്ളതുമാകുന്നു. സ്വർഗ്ഗീയ പിതാവിന്റെ പരിധിയില്ലാത്ത നിരുപാധികമായ സ്നേഹം സ്വീകരിക്കുവാനും ആശ്ലേഷിക്കുവാനും നമുക്ക് കഴിയുന്നില്ല. ഇത് ദൈവവുമായുള്ള നമ്മുടെ ബന്ധത്തിൽ നമ്മെ തടസ്സപ്പെടുത്തുന്നു.

പരിധികളും ഉപാധികളും ഇല്ലാത്ത ദൈവസ്നേഹം മനസ്സിലാക്കുന്നതിൽ നിന്ന് നമ്മെ തടയുന്ന **ഏഴ് തെറ്റായ നിലപാടുകൾ** (തെറ്റായ ധാരണകൾ) നമുക്ക് ഇവിടെ ചിന്തിക്കാം.

1) ധൂർത്തപുത്രന്റെ മനോഭാവം

ഈ മനോഭാവമുള്ളവർ എപ്പോഴും തങ്ങളെത്തന്നെ അയോഗ്യരും

അനർഹരും ആർക്കും കൊള്ളാത്തവരും ദൈവസ്നേഹത്തിന് അപര്യാപ്തരുമായി കാണുന്നു. അതുകൊണ്ട് ദൈവത്തെ സ്നേഹവാനും ക്ഷമിക്കുന്നവനുമായ ഒരു പിതാവായി കാണുവാൻ ഇവർക്ക് വളരെ പ്രയാസമാണ്.

അവർ എപ്പോഴും പിതാവിന്റെ അടുത്തേയ്ക്ക് പോയ ധൂർത്തപുത്രനെപ്പോലെ ചിന്തിക്കുന്നു: *"... ഇനി നിന്റെ മകൻ എന്ന പേരിനു ഞാൻ യോഗ്യനല്ല; നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കേണമേ."* (ലൂക്കോസ് 15:19)

നമ്മൾ തെറ്റ് ചെയ്യുമ്പോൾ പശ്ചാത്തപിക്കുന്നത് നല്ലതും പ്രധാനവുമാണെങ്കിലും, നമ്മൾ എപ്പോഴും ആ മനോഭാവത്തിൽതന്നെ തുടരണമെന്ന് ദൈവം ആഗ്രഹിക്കുന്നില്ല. മകൻ തിരിച്ചുവന്നപ്പോൾ പിതാവ് അവനെ ആഘോഷപൂർവ്വം സ്വീകരിച്ചു; അവനെ നല്ല വസ്ത്രങ്ങൾ ധരിപ്പിച്ചു, വിരലിൽ മോതിരമണിയിച്ചു, വിരുന്നൊരുക്കി. തന്റെ മകൻ മകനായിത്തന്നെ ഇരിക്കണമെന്നാണ് ആ പിതാവ് ആഗ്രഹിച്ചത്!

നമ്മുടെ പാപങ്ങൾ എത്രമാത്രം പ്രത്യാഘാതം ഉണ്ടാക്കിയെന്നും, ദൈവത്തിൽ നിന്ന് നമുക്ക് ലഭിച്ച ഈ ക്ഷമ എത്ര വലുതാണെന്നും നമ്മൾ തിരിച്ചറിയുമ്പോൾ, പകരമായി നാം അവനെ സമ്പൂർണ്ണ ഹൃദയത്തോടെ സ്നേഹിക്കുന്നു. കണ്ണീരോടെ തന്റെ അടുക്കൽ വന്ന പാപിയായ സ്ത്രീയെക്കുറിച്ച് കർത്താവായ യേശു പറഞ്ഞു: *"ആകയാൽ ഇവളുടെ അനേകമായ പാപങ്ങൾ മോചിച്ചിരിക്കുന്നു എന്നു ഞാൻ നിന്നോടു പറയുന്നു; അവൾ വളരെ സ്നേഹിച്ചുവല്ലോ; അല്പം മോചിച്ചുകിട്ടിയവൻ അല്പം സ്നേഹിക്കുന്നു."* (ലൂക്കോസ് 7:47) നമ്മുടെ പാപങ്ങളുടെ എണ്ണമോ അല്ലെങ്കിൽ നമ്മൾ ചെയ്ത പാപങ്ങളുടെ വലിപ്പമോ അല്ല പ്രധാനം, മറിച്ച് നമ്മുടെ പാപങ്ങൾ എത്രമാത്രം കോട്ടം വരുത്തിയെന്നും എത്രത്തോളം നമ്മോട് ക്ഷമിച്ചുവെന്നുമുള്ള തിരിച്ചറിവാണ് അവനെ അളവില്ലാതെ അധികമായി സ്നേഹിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്. അധികം ക്ഷമിക്കപ്പെട്ട നമ്മൾ, നമ്മുടെ സ്വർഗ്ഗീയ പിതാവിനെ ആഴമായി സ്നേഹിക്കേണ്ടതാണ്. അത് അവൻ അർഹിക്കുന്നതും ആഗ്രഹിക്കുന്നതുമാണ്.

2) അടിമയുടെ മനോഭാവം

ഈ ചിന്താഗതിയുള്ളവർ എപ്പോഴും അടിമയുടെ

മനോഭാവക്കാർ ആയിരിയ്ക്കും. എല്ലാം സ്വപരിശ്രമം കൊണ്ടു നേടിയെടുക്കേണ്ടതാണെന്നും തങ്ങൾ വലിയ കാര്യങ്ങൾക്ക് അയോഗ്യരാണെന്നും അപര്യാപ്തരാണെന്നും ഇവർ കരുതുന്നു. നമ്മെ മക്കളായി ദത്തെടുക്കുന്ന, ഒരു അവകാശത്തിന് യോഗ്യരാക്കി *"ക്രിസ്തുവിനോടൊപ്പം കൂട്ടവകാശികളാക്കുന്ന,"* ദൈവത്തെ മനസ്സിലാക്കുവാൻ ഇവർക്ക് പ്രയാസമാണ്. (റോമർ 8:17)

എന്നാൽ നാം അടിമകളെപ്പോലെ പെരുമാറുവാൻ ദൈവം ആഗ്രഹിക്കുന്നില്ല എന്നു ബൈബിൾ വ്യക്തമായി പഠിപ്പിക്കുന്നു.

റോമർ 8:15
നിങ്ങൾ പിന്നെയും ഭയപ്പെടേണ്ടതിനു ദാസ്യത്തിന്റെ ആത്മാവിനെ അല്ല; നാം അബ്ബാ പിതാവേ, എന്നു വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെ അത്രേ പ്രാപിച്ചത്.

റോമർ 8:15 (കന്റംപെററി ഇംഗ്ലീഷ് വേർഷൻ ഇംഗ്ലീഷ് ബൈബിൾ)
ദൈവത്തിന്റെ ആത്മാവ് നമ്മെ അവനെ ഭയപ്പെടുന്ന അടിമകളാക്കുന്നില്ല. പകരം, നമ്മെ അവന്റെ മക്കളാക്കുകയും നാം അവനെ "ഞങ്ങളുടെ പിതാവേ" എന്ന് വിളിക്കുകയും ചെയ്യുന്നു.

റോമർ 8:15 (ഗ്രഡ് ന്യൂസ് ട്രാൻസ്ലേഷൻ ഇംഗ്ലീഷ് ബൈബിൾ)
ദൈവം നിങ്ങൾക്ക് നൽകിയ ആത്മാവ് നിങ്ങളെ അടിമകളാക്കുകയോ ഭയപ്പെടുത്തുകയോ ചെയ്യുന്നില്ല; പകരം, ആ ആത്മാവ് നിങ്ങളെ ദൈവത്തിന്റെ മക്കളാക്കി മാറ്റുന്നു. ആത്മാവിന്റെ ശക്തിയാൽ നമ്മൾ ദൈവത്തോട്, "അബ്ബാ! എന്റെ പിതാവേ!" എന്ന് വിളിച്ചപേക്ഷിക്കുന്നു.

ഗലാത്യർ 4:4–7
[4]എന്നാൽ കാലസമ്പൂർണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽനിന്നു ജനിച്ചവനായി ന്യായപ്രമാണത്തിൻകീഴ് ജനിച്ചവനായി നിയോഗിച്ചയച്ചത്
[5]അവൻ ന്യായപ്രമാണത്തിൻ കീഴുള്ളവരെ വിലയ്ക്കു വാങ്ങിയിട്ടു നാം പുത്രത്വം പ്രാപിക്കേണ്ടതിനു തന്നെ.
[6]നിങ്ങൾ മക്കൾ ആകകൊണ്ട് അബ്ബാ പിതാവേ എന്നു വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിൽ അയച്ചു.
[7]അങ്ങനെ നീ ഇനി ദാസനല്ല പുത്രനത്രേ; പുത്രനെങ്കിലോ ദൈവഹിതത്താൽ അവകാശിയും ആകുന്നു.

3) അനാഥന്റെ മനോഭാവം

തങ്ങൾ നാഥനില്ലാത്തവരാണെന്നും, ഉപേക്ഷിക്കപ്പെട്ടവരാണെന്നും, ഒറ്റപ്പെട്ടവരാണെന്നും, ആരും തങ്ങളെ സ്നേഹിക്കുവാനും കരുതുവാനും ഇല്ലെന്നും ഇവർ കരുതുന്നു. അതിനാൽ ദൈവത്തെ സ്നേഹവാനും

കരുതുന്നവനുമായ ഒരു പിതാവായി മനസ്സിലാക്കുവാൻ ഇവർക്ക് വളരെ ബുദ്ധിമുട്ടാണ്.

തന്നെ "പിതാവേ" എന്നു വിളിച്ച് തന്റെ പുത്രീപുത്രന്മാരായിരിക്കുവാൻദൈവം ആഗ്രഹിക്കുന്നുവെന്ന് റോമർ 8:15, ഗലാത്യർ 4:4-7 എന്നീ വേദഭാഗങ്ങൾ ആവർത്തിച്ചു പറയുന്നു. "ആത്മീയ അനാഥരായി" സ്വയം കരുതുവാനോ ജീവിക്കുവാനോ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നില്ല മറിച്ച് അവന്റെ പുത്രീപുത്രന്മാർ ആയിരിക്കുവാൻ അവൻ ആഗ്രഹിക്കുന്നു.

4) തിരസ്കരിക്കപ്പെട്ടവന്റെ മനോഭാവം

ഇത്തരം മനസ്ഥിതിയുള്ള ആളുകൾക്ക് തങ്ങൾ തിരസ്കരിക്കപ്പെട്ടവരാണെന്ന ആഴത്തിലുള്ള തോന്നൽ ഉണ്ടാകുന്നു; അവർ എപ്പോഴും അകന്നു മാറി നിൽക്കുകയും, തങ്ങൾ ഒഴിവാക്കപ്പെട്ടവരും പുറന്തള്ളപ്പെട്ടവരും ആണെന്ന് സ്വയം കരുതുകയും ചെയ്യുന്നു. അതിനാൽ, അവർ ദൈവവുമായി ബന്ധപ്പെടുമ്പോൾ, തന്നെ സമീപിക്കുന്നവരെ തന്റെ സന്നിധിയിലേയ്ക്ക് സ്വാഗതം ചെയ്യുന്നവനായി, തന്നിലേയ്ക്ക് ധൈര്യത്തോടും സ്വാതന്ത്ര്യത്തോടും കൂടി വരുവാൻ പ്രോത്സാഹിപ്പിക്കുന്ന ഒരാളായി ദൈവത്തെ ഉൾക്കൊള്ളുവാൻ അവർക്ക് വലിയ പ്രയാസമായിരിക്കും.

എഫെസ്യർ 2:12,13,18

[12]അക്കാലത്തു നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരും യിസ്രായേൽപൌരതയോടു സംബന്ധമില്ലാത്തവരും വാഗ്ദത്തത്തിന്റെ നിയമങ്ങൾക്കു അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്നു ഓർത്തുകൊൾവിൻ.

[13]മുമ്പെ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തുയേശുവിൽ ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായിത്തീർന്നു.

[18]അവൻ മുഖാന്തരം നമുക്കു ഇരുപക്ഷക്കാർക്കും ഏകാത്മാവിനാൽ പിതാവിങ്കലേക്കു പ്രവേശനം ഉണ്ടു.

യേശുക്രിസ്തുവിന്റെ രക്തത്തിലൂടെ നമ്മെ ദൈവത്തിന്റെ അടുക്കലേയ്ക്ക് കൊണ്ടുവന്നിരിക്കുന്നു എന്ന് ബൈബിൾ നമുക്ക് വ്യക്തമാക്കിത്തരുന്നു. യേശുവിലൂടെ ദൈവസാന്നിദ്ധ്യത്തിലേക്ക് നമുക്ക് സൗജന്യമായ പ്രവേശനമുണ്ട്. നമ്മൾ പുറന്തള്ളപ്പെട്ടവരല്ല. അവന്റെ സാന്നിദ്ധ്യത്തിലേക്ക് നമ്മെ സ്വാഗതം ചെയ്തിരിക്കുന്നു. ദൈവത്തിന്റെ കൃപാസനത്തിലേക്ക് നമുക്ക് ധൈര്യത്തോടെ

കടന്നുചെല്ലാം (എബ്രായർ 4:16).

5) അഹങ്കാരിയായ മൂത്ത സഹോദരന്റെ / സഹോദരിയുടെ മനോഭാവം

ഇത്തരത്തിലുള്ള ചിന്താഗതിയുള്ളവർക്ക് ഉള്ളിൽ അഹങ്കാരമുണ്ടാകും. "എനിക്ക് ഒരിക്കലും സ്നേഹം ലഭിച്ചതായി തോന്നിയിട്ടില്ല, എനിക്ക് സ്നേഹത്തിന്റെ ആവശ്യവുമില്ല." എന്ന് ചിന്തിക്കുന്ന പ്രവണതയുള്ളവരാണ് ഇവർ. "ഞാൻ വിശ്വസ്തനാണ്, ഞാൻ എന്റെ ജോലികൾ കൃത്യമായി ചെയ്യുന്നു" എന്നിങ്ങനെ തങ്ങൾ ചെയ്യുന്ന കാര്യങ്ങളിൽ അവർ അഭിമാനം കൊള്ളുന്നു. ഇവർക്ക് എല്ലാ കാര്യങ്ങളും പ്രവൃത്തിയെയും കടമകളെയും അടിസ്ഥാനമാക്കിയുള്ളതാണ്. അതിനാൽ, അവർ ദൈവവുമായി ബന്ധപ്പെടുമ്പോൾ, തന്റെ സ്നേഹത്തിൽ വിശ്രമിക്കുവാൻ നമ്മെ വിളിക്കുന്നവനായ ദൈവത്തെ മനസ്സിലാക്കുവാനും അവനിൽ ആനന്ദിക്കുവാനും അവൻ നമ്മിൽ ആനന്ദിക്കുന്നു എന്ന് തിരിച്ചറിയുവാനും അവർക്ക് വളരെ ബുദ്ധിമുട്ടാണ്.

ധൂർത്തപുത്രന്റെ ഉപമയിലെ അഹങ്കാരിയായ മൂത്ത സഹോദരന്, വഴിതെറ്റിപ്പോയ മകൻ തിരിച്ചുവന്നപ്പോൾ പിതാവ് ആഘോഷിക്കുന്നത് സഹിക്കുവാനായില്ല. ഒരു നല്ല മകൻ എന്ന നിലയിൽ തന്റെ എല്ലാ കടമകളും പൂർത്തിയാക്കിയ തന്റെ കുറ്റമറ്റ ചരിത്രത്തെ ചൂണ്ടിക്കാട്ടി അവൻ പരാതിപ്പെട്ടു. എന്നാൽ, പിതാവിനുണ്ടായിരുന്നതെല്ലാം അവന്റേതുകൂടിയായിരുന്നു. ആടുകളും വിരുന്നും നല്ല ഭക്ഷണവുമെല്ലാം അവിടെ എപ്പോഴും ഉണ്ടായിരുന്നു. എന്നിട്ടും മൂത്തമകൻ ഒരിക്കൽ പോലും അവ ആസ്വദിക്കുവാൻ ശ്രമിച്ചില്ല. പിതാവുമായുള്ള അവന്റെ ബന്ധം വെറും ജോലിയെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു; വീട്ടിലെ മകൻ എന്ന നിലയിലുള്ള കുടുംബബന്ധമോ അവകാശങ്ങളോ ആസ്വദിക്കുവാൻ അവന് കഴിഞ്ഞിരുന്നില്ല.

ലൂക്കോസ് 15:29,30

[29]അവൻ അവനോടു: ഇത്ര കാലമായി ഞാൻ നിന്നെ സേവിക്കുന്നു; നിന്റെ കല്പന ഒരിക്കലും ലംഘിച്ചിട്ടില്ല; എന്നാൽ എന്റെ ചങ്ങാതികളുമായി ആനന്ദിക്കേണ്ടതിന്നു നീ ഒരിക്കലും എനിക്കു ഒരു ആട്ടിൻ കുട്ടിയെ തന്നിട്ടില്ല.

[30]വേശ്യമാരോടു കൂടി നിന്റെ മുതൽ തിന്നുകളഞ്ഞ ഈ നിന്റെ മകൻ വന്നപ്പോഴേക്കോ തടിപിച്ച കാളക്കുട്ടിയെ അവന്നുവേണ്ടി അറുത്തുവല്ലോ എന്നു ഉത്തരം പറഞ്ഞു.

യേശു മറിയയെയും മാർത്തയെയും സന്ദർശിച്ച സംഭവവും (ലൂക്കോസ് 10:38-42) സമാനമായ ഒരു ഉൾക്കാഴ്ച നൽകുന്നുണ്ട്. കർത്താവിനെ സേവിക്കുന്നതിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച മാർത്ത, അവന്റെ സാന്നിധ്യം ആസ്വദിക്കുവാനോ അവന്റെ ഉപദേശങ്ങൾ സ്വീകരിക്കുവാനോ മറന്നുപോയി. ആ നിമിഷം പാഴാക്കാതെ കർത്താവിന്റെ വചനങ്ങൾ ശ്രവിക്കുകയും വീട്ടിലെ അവന്റെ സാന്നിധ്യം ആസ്വദിക്കുകയും ചെയ്ത മറിയയെക്കുറിച്ച് മാർത്ത പരാതിപ്പെട്ടു. മാർത്തയ്ക്കുണ്ടായിരുന്ന ഈ തെറ്റായ നിലപാട്, പരീശന്മാരെപ്പോലെ, ദൈവസാന്നിധ്യം ആസ്വദിക്കുന്ന മറ്റുള്ളവരെ വിധിപ്പാനും വിമർശിക്കുവാനും പലപ്പോഴും നമ്മെ പ്രേരിപ്പിക്കുന്നു.

മർക്കോസ് 14:3-5

[3]അവൻ ബേഥാന്യയിൽ കുഷ്ഠരോഗിയായ ശിമോന്റെ വീട്ടിൽ പന്തിയിൽ ഇരിക്കുമ്പോൾ ഒരു സ്ത്രീ ഒരു വെൺകൽഭരണി വിലയേറിയ സ്വച്ഛജടാമാംസി തൈലവുമായി വന്നു ഭരണി പൊട്ടിച്ചു അവന്റെ തലയിൽ ഒഴിച്ചു.

[4]അവിടെ ചിലർ: തൈലത്തിന്റെ ഈ വെറും ചെലവു എന്തിന്നു?

[5]ഇതു മുന്നൂറ്റിൽ അധികം വെള്ളിക്കാശിന്നു വിറ്റു ദരിദ്രർക്കു കൊടുപ്പാൻ കഴിയുമായിരുന്നുവല്ലോ എന്നിങ്ങനെ ഉള്ളിൽ നീരസപ്പെട്ടു അവളെ ഭർത്സിച്ചു.

6) മുറിവേറ്റവരുടെ മനോഭാവം

ഇവർ ഒരിക്കലോ അതിലധികം തവണയോ മുറിവേൽപ്പിക്കപ്പെട്ടവരും, അതിന്റെ ഫലമായി ഉള്ളിൽ വേദനയും ക്ഷതങ്ങളും പേറുന്നവരുമാണ്. തങ്ങളെ സ്നേഹിക്കുവാൻ ഇവർ ആരെയും അനുവദിക്കില്ല, മറ്റാരെയും സ്നേഹിക്കുവാൻ ശ്രമിക്കുകയുമില്ല. വീണ്ടും മുറിവേൽപ്പിക്കപ്പെടുമോ എന്ന ഭയം മൂലം സ്നേഹിക്കുവാനോ സ്നേഹിക്കപ്പെടുവാനോ ഇവർ ഭയപ്പെടുന്നു. ചിലപ്പോൾ, തങ്ങളെ വേദനിപ്പിച്ചവരോടോ അല്ലെങ്കിൽ അവരോടു സാമ്യമുള്ള മറ്റുള്ളവരോടോ ഇവർ ഉള്ളിൽ ക്ഷമിക്കാതെ വെറുപ്പും ദേഷ്യവും വെച്ചുപുലർത്തിയേക്കാം. അതിനാൽ, അവർ ദൈവവുമായി ബന്ധപ്പെടുമ്പോൾ, യാതൊരു ദുഷ്ടതയുമില്ലാതെ മനുഷ്യരെ ആത്മാർത്ഥമായി സ്നേഹിക്കുന്നവനായും, ഒരിക്കലും ദ്രോഹിക്കുകയോ ദോഷം വരുത്തുകയോ ചെയ്യാത്തവനായും അവനെ ഉൾക്കൊള്ളുവാൻ അവർക്ക് വലിയ പ്രയാസമായിരിക്കും. നമ്മുടെ സ്വർഗ്ഗീയ പിതാവിന്റെ സ്നേഹത്തിൽ വിശ്വസിക്കുവാൻ ഇവർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

എന്നാൽ തന്റെ ജനത്തിന്റെ തുടർച്ചയായ

പരാജയങ്ങൾക്കിടയിലും, തന്റെ അചഞ്ചലമായ സ്നേഹം ദൈവം പ്രഖ്യാപിക്കുന്നു.

യിരെമ്യാവ് 31:3
യഹോവ ദൂരത്തുനിന്നു എനിക്കു പ്രത്യക്ഷമായി അരുളിച്ചെയ്തതു: നിത്യസ്നേഹംകൊണ്ടു ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു; അതുകൊണ്ടു ഞാൻ നിനക്കു ദയ ദീർഘമാക്കിയിരിക്കുന്നു.

തന്റെ സ്നേഹം എല്ലാറ്റിനും മീതെയുള്ളതാണെന്നും, യാതൊന്നിനും നമ്മെ ആ സ്നേഹത്തിൽ നിന്ന് വേർപെടുത്തുവാൻ കഴിയില്ലെന്നും നാം അറിയണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

7) സ്വയവിമർശകരുടെ മനോഭാവം

സ്വയവിമർശകർ തങ്ങളെയും മറ്റുള്ളവരെയും അങ്ങേയറ്റം വിമർശിക്കുന്ന സ്വഭാവമുള്ളവരാണ്. *"ഞാൻ ഒന്നിനും കൊള്ളില്ല, എനിക്കോ മറ്റുള്ളവർക്കോ ദൈവത്തിനോ വേണ്ടി ഒന്നും നന്നായി ചെയ്യുവാൻ എനിക്ക് കഴിയുന്നില്ല..."* ഇതാണ് അവരുടെ ചിന്താഗതി. അതിനാൽ, മറ്റുള്ളവരുടെ അംഗീകാരവും പരിഗണനയും നേടിയെടുക്കുവാനായി അവർ എപ്പോഴും മത്സരബുദ്ധിയോടെ പ്രവർത്തിക്കുവാൻ സ്വയം നിർബന്ധിക്കുന്നു. ചിലപ്പോൾ, ഭയം മൂലമാണ് ഇവർ ഇങ്ങനെ ചെയ്യുന്നത്; മറ്റുള്ളവരേക്കാൾ മുന്നിലെത്താനായി ആളുകളെ നിയന്ത്രിക്കുവാനും സ്വാധീനിക്കുവാനും പോലും ഇവർ മുതിരുന്നു. ഇതിന്റെ ഫലമായി, തങ്ങളെക്കുറിച്ചും മറ്റുള്ളവരെക്കുറിച്ചും കയ്പേറിയ വിധിനിർണ്ണയങ്ങൾ (വിമർശനങ്ങൾ) ഇവർ ഉള്ളിൽ കൊണ്ടുനടന്നേക്കാം. അതുകൊണ്ട്, അവർ ദൈവവുമായി ബന്ധപ്പെടുമ്പോൾ, മഹാസ്നേഹവാനായ കൃപാലുവായ ഒരുവനായി അവനെ മനസ്സിലാക്കുവാൻ അവർക്ക് വലിയ പ്രയാസമാണ്. നമ്മൾ ആയിരിക്കുന്ന അവസ്ഥയിൽ തന്നെ ദൈവം നമ്മെ സ്നേഹിക്കുന്നുവെന്നും, അവന്റെ സ്നേഹം നിമിത്തം നമ്മൾ അർഹിക്കാത്ത കാര്യങ്ങൾ നമുക്ക് നൽകുന്നുവെന്നും ഉൾക്കൊള്ളുവാൻ അവർക്ക് ബുദ്ധിമുട്ടാണ്. ഈ വസ്തുത അവരുടെ ചിന്താഗതിക്ക് നിരക്കുന്നതല്ല!

എങ്കിലും, നമ്മോടുള്ള അഗാധവും അളവറ്റതും നിരുപാധികവുമായ സ്നേഹം നിമിത്തം, നമ്മോടുള്ള കരുണയിൽ സമ്പന്നനും കൃപയിൽ സമൃദ്ധനുമായ ഒരു ദൈവത്തിലേക്കാണ് തിരുവെഴുത്തുകൾ വിരൽ ചൂണ്ടുന്നത്.

എഫെസ്യർ 2:4,5
[4]കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാ സ്നേഹംനിമിത്തം
[5]അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടു കൂടെ ജീവിപ്പിക്കയും— കൃപയാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു—എന്താണ് ദൈവസ്നേഹം സ്വീകരിക്കുന്നതിൽ നിന്ന് നമ്മെ തടയുന്നത്?

എന്താണ് ദൈവസ്നേഹം സ്വീകരിക്കുന്നതിൽ നിന്ന് നമ്മെ തടയുന്നത്

ദൈവത്തെ സ്നേഹവാനായ സ്വർഗ്ഗീയപിതാവായി തിരിച്ചറിയുന്നതിൽനിന്നും നമ്മെ തടയുന്ന ഏതെങ്കിലും തെറ്റായ നിലപാടുകൾ (ദൈവത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ) നമ്മൾ വെച്ചുപുലർത്തുന്നുണ്ടോ എന്നു നമുക്ക് പരിശോധിക്കാം.

1) **ധൂർത്തപുത്രൻ:** ധൂർത്തപുത്രനോടു അവൻപറയുന്നു, *"നീ പാപിയായിരുന്നപ്പോൾ തന്നെ ഞാൻ നിന്നെ സ്നേഹിച്ചു."*

2) **അടിമ:** അടിമയോട് അവൻ പറയുന്നു, *"ലോകസ്ഥാപനത്തിന് മുമ്പേ നീ എന്റെ മകനോ മകളോ ആകണമെന്ന് ഞാൻ പദ്ധതിയിട്ടു."*

3) **അനാഥൻ:** അനാഥനോട് അവൻ പറയുന്നു, *"നിന്നെ സൃഷ്ടിക്കുന്നതിന് മുമ്പേ, നീ ജനിക്കുന്നതിന് മുൻപേ, നിന്നെ എന്റെ കുടുംബത്തിലേക്ക് ദത്തെടുക്കുവാൻ ഞാൻ നിശ്ചയിച്ചു."*

4) **തിരസ്കരിക്കപ്പെട്ടവൻ:** തിരസ്കരിക്കപ്പെട്ടവനോട് അവൻ പറയുന്നു, *"ഞാൻ നിന്നെ ഏറെ സ്നേഹിക്കുന്നു, നീ എന്റെ അരികിൽ ഇരിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. എന്റെ തൊട്ടരികിൽ ഇരിക്കുവാനാണ് ഞാൻ നിന്നെ കൊണ്ടുവന്നത്."*

5) **അഹങ്കാരിയായ സഹോദരൻ:** അഹങ്കാരിയായ സഹോദരനോട് അവൻ പറയുന്നു, *"എന്റെ സ്നേഹം സ്വീകരിക്കുക, അത് എപ്പോഴും അവിടെയുണ്ട്."*

6) **മുറിവേറ്റവൻ:** മുറിവേറ്റവനോട് അവൻ പറയുന്നു, *"മറ്റുള്ളവർ നിന്നെ വേദനിപ്പിച്ചു, എന്നാൽ ഞാൻ നിനക്ക് ദ്രോഷമോ ദ്രോഹമോ ചെയ്യില്ല, ഞാൻ അത്രയ്ക്ക് നല്ലവനും സൌമ്യനുമാണ്."*

7) **സ്വയവിമർശകൻ:** സ്വയവിമർശകനോട് അവൻ പറയുന്നു. *"ഞാൻ സ്നേഹമായതുകൊണ്ട് ഞാൻ നിന്നെ സ്നേഹിക്കുന്നു.*

നീ നിന്നെത്തന്നെ കുറ്റംവിധിക്കരുത്, കാരണം ഞാൻ നിന്നെ കുറ്റംവിധിക്കുന്നില്ല."

നമ്മെ സൌഖ്യമാക്കി, അവന്റെ പരിധികളോ ഉപാധികളോ ഇല്ലാത്ത സ്നേഹം സ്വീകരിക്കുവാനുള്ള പ്രാപ്തി നല്കി അവനാൽ സ്നേഹിക്കപ്പെടേണ്ടതിന് നമുക്ക് ദൈവത്തോട് അപേക്ഷിക്കാം.

അവൻ നമ്മെ തന്റെ പരിധികളോ ഉപാധികളോ ഇല്ലാത്ത സ്നേഹത്തിന്റെ കേന്ദ്രബിന്ദുവാക്കി. അവന്റെ സ്നേഹം നമ്മെ പുത്രീപുത്രൻമാരാക്കി മാറ്റി. ദൈവം നമ്മുടെ പിതാവാണ്. നാം അവന്റേതാണ്.

1 യോഹന്നാൻ 3:1
"കാൺമിൻ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവ് നമുക്ക് എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു!"

1 യോഹന്നാൻ 3:1a (ദ മെസ്സേജ് ഇംഗ്ലീഷ് ബൈബിൾ)
പിതാവ് നമുക്ക് എത്ര അത്ഭുതകരമായ സ്നേഹമാണ് നൽകിയിരിക്കുന്നത്! ഒന്നു നോക്കൂ— നാം ദൈവത്തിന്റെ മക്കൾ എന്ന് വിളിക്കപ്പെടുന്നു!

ചിന്തയ്ക്കായി



1) ദൈവം നമ്മോടു ബന്ധപ്പെടുവാൻ ആഗ്രഹിക്കുന്ന ദൈവമാണെന്ന സത്യത്തെക്കുറിച്ചു വിചിന്തനം ചെയ്യുക—സൃഷ്ടിക്കു മുമ്പുതന്നെ സ്നേഹമുണ്ടായിരുന്നു, സ്നേഹം നിമിത്തം സൃഷ്ടിയും ഉണ്ടായി.

2) നമുക്ക് ഉണ്ടാകാവുന്ന ഏഴ് തെറ്റായ നിലപാടുകളും (തെറ്റിദ്ധാരണകൾ), ഇത് ദൈവവുമായി നാം ബന്ധപ്പെടുന്നതിനെ എങ്ങനെ ബാധിക്കുന്നു എന്നതും അവലോകനം ചെയ്യുക.

3) ഈ ഏഴ് തെറ്റായ നിലപാടുകളിൽ ഏതെങ്കിലും നിങ്ങളുടെ ജീവിതത്തിലുണ്ടോ? പ്രാർത്ഥിക്കുവാൻ അൽപസമയം ചിലവഴിക്കുക. നിങ്ങളുടെ സ്വർഗ്ഗീയ പിതാവായ ദൈവവുമായി സ്വതന്ത്രമായി ബന്ധപ്പെടാൻ കഴിയേണ്ടതിന് നിങ്ങളിലെ ഇത്തരം തെറ്റിദ്ധാരണകളെ നീക്കി തൽസ്ഥാനത്ത് ദൈവവചനത്തിന്റെ സത്യം സ്ഥാപിക്കുവാനായി ദൈവത്തോട് അപേക്ഷിക്കുക.

4) ദൈവത്തിന്റെ ഒരു മകനോ മകളോ എന്ന നിലയിൽ നിങ്ങൾ സ്വയം കാണുമ്പോഴുള്ള നിങ്ങളുടെ ചിന്തകൾ / വികാരങ്ങൾ എന്താണെന്ന് എഴുതുക; അവന്റെ പരിധിയില്ലാത്ത വ്യവസ്ഥകളില്ലാത്ത സ്നേഹത്തിന്റെ കേന്ദ്രബിന്ദുവായവൻ.

5) സുവിശേഷങ്ങളിൽ കർത്താവായ യേശു "സ്വർഗ്ഗസ്ഥനായ പിതാവ്" (സ്വർഗ്ഗീയ പിതാവ്) (മത്തായി 6:14,26,32; മത്തായി 15:13; മത്തായി 18:35; ലൂക്കോസ് 11:13), "സ്വർഗ്ഗത്തിലുള്ള പിതാവ്" (മത്തായി 5:16,45,48; മത്തായി 6:1,9; മത്തായി 7:21; മത്തായി 12:50; മത്തായി 18:19; മർക്കോസ് 11:25,26) എന്നീ വാക്കുകൾ ഉപയോഗിച്ച സന്ദർഭങ്ങൾ വായിക്കുകയും അവയെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുക. നിങ്ങളുടെ ദൈനംദിന ജീവിത സന്ദർഭങ്ങളിൽ സ്വർഗ്ഗീയ പിതാവെന്ന നിലയിൽ ദൈവവുമായി നിങ്ങൾക്ക് എങ്ങനെ ബന്ധപ്പെടാമെന്ന് വിചിന്തനം ചെയ്യുക.

2

അളവറ്റ സ്നേഹം

അവന്റെ സ്നേഹത്തിന്റെ അളവറ്റ മഹത്വം

എഫെസ്യർ 3:17–19

[17]ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനും വരം നല്ലേണം എന്നും നിങ്ങൾ സ്നേഹത്തിൽ വേരുന്നി അടിസ്ഥാനപ്പെട്ടവരായി

[18]വീതിയും നീളവും ഉയരവും ആഴവും എന്ത് എന്നു സകല വിശുദ്ധന്മാരോടുംകൂടെ ഗ്രഹിപ്പാനും

[19]പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ അറിവാനും പ്രാപ്തരാകയും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരികയും വേണം എന്നും പ്രാർത്ഥിക്കുന്നു.

എഫെസ്യർ 3:17–19 (ആംപ്ലിഫയ്ഡ് ബൈബിൾ ക്ലാസിക് എഡിഷൻ ഇംഗ്ലീഷ് ബൈബിൾ)

[17]അങ്ങനെ നിങ്ങളുടെ വിശ്വാസത്തിലൂടെ ക്രിസ്തു നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കട്ടെ. നിങ്ങൾ സ്നേഹത്തിൽ [ആഴമായി] വേരുന്നിയവരും [സുരക്ഷിതമായി] അടിത്തറയിട്ടവരുമായി തീരട്ടെ,

[18]അവന്റെ സ്നേഹത്തിന്റെ വീതിയും നീളവും ഉയരവും ആഴവും എത്രയെന്ന് എല്ലാ വിശുദ്ധന്മാരോടും (ദൈവജനത്തോടും) കൂടെ പൂർണ്ണമായി ഗ്രഹിക്കുവാൻ [ആ അത്ഭുതകരവും അനന്തവുമായ സ്നേഹം പൂർണ്ണമായി അനുഭവിക്കുവാൻ] നിങ്ങൾക്ക് പൂർണ്ണ പ്രാപ്തിയുണ്ടാകട്ടെ;

[19]കേവലമായ അറിവിനും [അനുഭവമില്ലാത്ത അറിവിനും] എത്രയോ അതീതമായ ക്രിസ്തുവിന്റെ സ്നേഹത്തെ [വ്യക്തിപരമായ അനുഭവത്തിലൂടെ, പ്രായോഗികമായി] നിങ്ങൾ തിരിച്ചറിയുവാനും, ദൈവത്തിന്റെ എല്ലാ സമ്പൂർണ്ണതയാലും നിങ്ങൾ (നിങ്ങളുടെ അസ്തിത്വത്തിൽ മുഴുവനായി) നിറയപ്പെടുവാനും [അങ്ങനെ നിങ്ങളുടെ ജീവിതത്തിൽ ദൈവസാന്നിദ്ധ്യത്തിന്റെ ഏറ്റവും സമ്പന്നമായ അനുഭവം ഉണ്ടാകുവാനും, ദൈവത്താൽ തന്നെ പൂർണ്ണമായി നിറഞ്ഞു കവിയുവാനും] ഇടയാകട്ടെ.

അപ്പൊസ്തലനായ പൗലോസ് ഈ വചനങ്ങളിലൂടെ വ്യക്തമാക്കുന്നതുപോലെ, നാം അവന്റെ അളവറ്റ സ്നേഹത്തിൽ ആഴത്തിൽ വേരുന്നിയവരും (ഒരു വൃക്ഷത്തെപ്പോലെ) സുരക്ഷിതമായി ഉറപ്പിക്കപ്പെട്ടവരും (ശക്തമായ അടിത്തറയുള്ള ഒരു കെട്ടിടത്തെപ്പോലെ) ആകണമെന്ന് നമ്മുടെ സ്വർഗ്ഗീയ പിതാവ് ആഗ്രഹിക്കുന്നു.

18, 19 വാക്യങ്ങളിൽ, പിതാവിന്റെ സ്നേഹം "ഗ്രഹിക്കുക", അറിയുക എന്നീ പദങ്ങളിലൂടെ കേവലം ബൗദ്ധികമായ മാത്രം

അറിവിനെയല്ല, മറിച്ച് വ്യക്തിപരമായ അനുഭവത്തിലൂടെയുള്ള അറിവിനെയാണ് പൗലോസ് സൂചിപ്പിക്കുന്നത്. "ഗ്രഹിക്കുക" എന്നതിന്റെ ഗ്രീക്ക് വാക്കിന്റെ അർത്ഥം "വ്യഗ്രതയോടെ എടുക്കുക, പിടിച്ചെടുക്കുക, സ്വന്തമാക്കുക, വ്യക്തിപരമായ അനുഭവത്തിലൂടെ മനസ്സിലാക്കുക" എന്നിങ്ങനെയാണ്. അവന്റെ നിരുപാധികമായ സ്നേഹത്തിന്റെ അളവറ്റ മഹത്വം നാം പ്രായോഗികമായി അനുഭവിച്ചറിയണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

പിതാവിന്റെ സ്നേഹം വീതിയിലും നീളത്തിലും ഉയരത്തിലും ആഴത്തിലും അളവറ്റതാണ് (എഫെസ്യർ 3:18).

- **അവന്റെ സ്നേഹം ഈ ലോകത്തോളം വീതിയുള്ളതാണ്.**
  "ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു..." (യോഹന്നാൻ 3:16).

- **അവന്റെ സ്നേഹത്തിന്റെ നിളം നമ്മിൽ ഏറ്റവും ദൂരേക്ക് വഴിതെറ്റിപ്പോയവരോളം എത്തുന്നു.**
  "നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു; നാം ഓരോരുത്തനും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു; എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെമേൽ ചുമത്തി" (യെശയ്യാവ് 53:6).

- **അവന്റെ സ്നേഹത്തിന്റെ ആഴം നാം സ്വയം ചെന്നുപതിച്ച ഏറ്റവും താഴ്ന്ന നരകത്തോളം ആഴമുള്ളതാണ്.**
  "...താൻ മുഖാന്തരം ദൈവത്തോട് അടുക്കുന്നവർക്ക് വേണ്ടി അവൻ അത്യന്തം രക്ഷിക്കുവാൻ പ്രാപ്തനാകുന്നു..." (എബ്രായർ 7:25).

- **അവന്റെ സ്നേഹം മീതെ സ്വർഗ്ഗത്തോളം ഉയരമുള്ളതാണ്.**
  അവൻ നമ്മെ "ക്രിസ്തുയേശുവിൽ ഒന്നിച്ചുയർത്തി സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു" (എഫെസ്യർ 2:6).

- **അവന്റെ സ്നേഹം കാലാതിതവും നിലനിൽക്കുന്നതും, അചഞ്ചലവുമാണ്.**
  "അതെ, ഞാൻ നിന്നെ നിത്യസ്നേഹം കൊണ്ട് സ്നേഹിച്ചിരിക്കുന്നു..." (യിരെമ്യാവ് 31:3).

യേശുക്രിസ്തുവിന്റെ ക്രൂശ്—ദൈവത്തിന്റെ അളവറ്റ സ്നേഹത്തിന്റെ പരമോന്നതമായ ആവിഷ്കാരം

യോഹന്നാൻ 3:16,17

[16]തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.

[17]ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചത് ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ.

റോമർ 5:8

ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾതന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു.

1 യോഹന്നാൻ 4:9,10

[9]ദൈവം തന്റെ ഏകജാതനായ പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിനു ലോകത്തിലേക്ക് അയച്ചു എന്നുള്ളതിനാൽ ദൈവത്തിനു നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി.

[10]നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുവാൻ അയച്ചതുതന്നെ സാക്ഷാൽ സ്നേഹം ആകുന്നു.

ബൈബിൾ യേശുക്രിസ്തുവിന്റെ ക്രൂശിനെ പിതാവിന്റെ മഹാസ്നേഹത്തിന്റെ പ്രദർശനമായി ചൂണ്ടിക്കാണിക്കുന്നു. പലപ്പോഴും ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ സൂചിപ്പിക്കുവാനും സാധൂകരിക്കുവാനും നാം താൽക്കാലികമായ കാര്യങ്ങളെയാണ് നോക്കാറുള്ളത്. പഠനത്തിലോ ജോലിയിലോ വിജയിച്ചാൽ ദൈവം നമ്മെ സ്നേഹിക്കുന്നുവെന്നതിന്റെ അടയാളമായും, പരാജയപ്പെട്ടാൽ ദൈവം നമ്മോടു ഏതെങ്കിലും കാര്യത്തിൽ അസന്തുഷ്ടനാണെന്നും ദേഷ്യത്തിലാണെന്നും നാം കരുതുന്നു. എന്നാൽ ദൈവം യേശുവിനെ നമുക്കുവേണ്ടി മരിക്കുവാൻ അയച്ചുകൊണ്ടാണ് നമ്മോടുള്ള സ്നേഹം പ്രകടിപ്പിച്ചതെന്ന് ബൈബിൾ നമ്മെ പഠിപ്പിക്കുന്നു. അതിനാൽ പിതാവിനു നമ്മോടുള്ള സ്നേഹത്തിന്റെ അടയാളം തേടുമ്പോൾ യേശുവിലേയ്ക്കും അവൻ ക്രൂശിൽചെയ്ത പ്രവൃത്തിയിലേയ്ക്കുമാണ് നാം നോക്കേണ്ടത്.

നാം പാപികൾ ആയിരുന്നു. നമ്മുടെ പാപങ്ങൾ നമ്മെ ദൈവത്തിൽ നിന്ന് വേർപെടുത്തി. നമ്മുടെ പാപങ്ങൾ നമ്മെ നരകത്തിലേക്ക്—ദൈവമില്ലാത്ത നിത്യതയിലേയ്ക്ക്-നയിക്കുകയായിരുന്നു. നാം സാത്താന് കീഴിലായിരുന്നു. എന്നാൽ

യേശു ക്രൂശിൽ മരിക്കുകയും മാനവരാശിയുടെ പാപത്തിന് മുഴുവൻ വില നൽകുകയും പാപത്തെയും സാത്താനെയും നരകത്തെയും മരണത്തെയും ജയിക്കുകയും ചെയ്തു. വിജയശ്രീലാളിതനായി അവൻ ഉയിർത്ത് തിരികെ പിതാവിന്റെ അടുക്കലേയ്ക്ക് ആരോഹണം ചെയ്തു. ഓരോ മനുഷ്യനെയും പാപക്ഷമ പ്രാപിച്ച് പാപത്തിൽനിന്നും സാത്താനിൽനിന്നും സ്വതന്ത്രരാക്കി, ദൈവത്തിന്റെ കുടുംബത്തിലേക്ക് കൊണ്ടുവരുവാൻ ആവശ്യമായതെല്ലാം അവൻ പൂർത്തിയാക്കി! ആ പ്രവൃത്തി പൂർത്തിയാക്കപ്പെട്ടു! ഇത് ദൈവം തന്നെ നമുക്കുവേണ്ടി ചെയ്ത സ്നേഹത്തിന്റെ ഒരു പ്രവൃത്തിയായിരുന്നു. യേശുക്രിസ്തുവിന്റെ ക്രൂശ് പിതാവിന്നു നമ്മോടുള്ള സ്നേഹത്തിന്റെ അനന്തമായ വീതി, നീളം, ആഴം, ഉയരം എന്നിവയിലേക്ക് വിരൽ ചൂണ്ടുന്നു-പിതാവിന് നമ്മോടുള്ള സ്നേഹത്തിന്റെ അളവറ്റ മഹത്വം. അവശേഷിക്കുന്ന ഒരേയൊരു കാര്യം, ക്രിസ്തു ചെയ്ത കാര്യങ്ങൾ വിശ്വാസത്താൽ ഓരോരുത്തരും വ്യക്തിപരമായി സ്വീകരിക്കുകയും അവന്റെ പൂർത്തിയാക്കപ്പെട്ട പ്രവൃത്തിയിൽ നിന്ന് ജീവിക്കുകയും ചെയ്യുക എന്നതാണ്.

- ദൈവത്തിന്റെ സ്നേഹം വളരെ വിശാലമാണ്, അത് എല്ലാവരെയും ഉൾക്കൊള്ളുന്നു.
- ദൈവത്തിന്റെ സ്നേഹം വളരെ ദീർഘമാണ്, അത് ഏറ്റവും ദൂരെയുള്ള പാപിയിലേക്കും എത്തുന്നു.
- ദൈവത്തിന്റെ സ്നേഹം വളരെ ആഴമുള്ളതാണ്, അത് ഏറ്റവും താഴ്ചയിലുള്ളത്തിലേയ്ക്കും എത്തുന്നു.
- ദൈവത്തിന്റെ സ്നേഹം വളരെ ഉയർന്നതാണ്, അത് നമ്മെ ദൈവത്തിലേക്ക്, അവന്റെ വലം കരത്തിലേയ്ക്ക് ഉയർത്തുന്നു.

ക്രൂശ് സമ്പൂർണ്ണ സ്നേഹത്തിനുള്ള നമ്മുടെ ശേഷിയെ പുനഃസ്ഥാപിക്കുന്നു

കർത്താവായ യേശു ക്രൂശിൽ മരിച്ചത് ദൈവത്തിന്റെ നമ്മോടുള്ള അളവറ്റ സ്നേഹം പ്രകടിപ്പിക്കുവാൻ മാത്രമല്ല, നമ്മെ സമ്പൂർണ്ണരാക്കുവാനും കൂടിയാണ്.

യെശയ്യാവ് 53:5

എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെമേൽ ആയി അവന്റെ അടിപിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു.

നമ്മുടെ സകല പാപങ്ങൾക്കുമുള്ള പിഴ അവൻ നൽകി. നമുക്ക് സമാധാനം നൽകുന്നതിനായി അവൻ കഷ്ടപ്പാടുകൾ (ശിക്ഷ) സഹിച്ചു. സമാധാനം എന്ന വാക്ക് എബ്രായ ഭാഷയിൽ *'ശാലോം'* ആണ്, അതിന്റെ അർത്ഥം സമ്പൂർണ്ണതയും സമ്പൂർണ്ണ ക്ഷേമവുമാണ്. അവൻ വഹിച്ച മുറിവുകളാൽ, എല്ലാ രോഗങ്ങളിൽ നിന്നും നമുക്ക് സൌഖ്യം ലഭിച്ചു (മത്തായി 8:16,17).

ക്രൂശിലൂടെ അവൻ നമുക്ക് സമ്പൂർണ്ണ സ്നേഹം നൽകുന്നു. ദൈവത്തിന്റെ സമ്പൂർണ്ണ സ്നേഹം സ്വീകരിക്കുവാനും ദൈവത്തിന്റെ സമ്പൂർണ്ണ സ്നേഹം നൽകുവാനും കഴിയുന്നതിന് അവൻ നമ്മെ പൂർണ്ണരാക്കുന്നു.

തന്റെ പുത്രനിലൂടെ പ്രകടിപ്പിക്കപ്പെട്ട ദൈവത്തിന്റെ അളവറ്റ സ്നേഹം നമുക്ക് ലഭിക്കുമ്പോൾ, നാം പൂർണ്ണരാക്കപ്പെടുന്നു. ദൈവത്തിന് നമ്മോടും നമ്മുടെ ചുറ്റുമുള്ളവരോടും ഉള്ള വലിയ സ്നേഹം നാം മനസ്സിലാക്കുന്നു. സ്നേഹം സ്വീകരിക്കുവാനും സ്നേഹം നൽകുവാനുമുള്ള നമ്മുടെ ശേഷി അവൻ പുനഃസ്ഥാപിക്കുന്നു.

അവന്റെ മഹാസ്നേഹം നിമിത്തം സമൃദ്ധമായ കരുണയും കൃപയും ലഭ്യമാകുന്നു

എഫെസ്യർ 2:1-7

[1]അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു.
[2]അവയിൽ നിങ്ങൾ മുമ്പേ ഈ ലോകത്തിന്റെ കാലഗതിയെയും ആകാശത്തിലെ അധികാരത്തിനും അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിനും അധിപതിയായവനെയും അനുസരിച്ചുനടന്നു.
[3]അവരുടെ ഇടയിൽ നാം എല്ലാവരും മുമ്പേ നമ്മുടെ ജഡമോഹങ്ങളിൽ നടന്നു ജഡത്തിനും മനോവികാരങ്ങൾക്കും ഇഷ്ടമായതു ചെയ്യുംകൊണ്ടു മറ്റുള്ളവരെപ്പോലെ പ്രകൃതിയാൽ കോപത്തിന്റെ മക്കൾ ആയിരുന്നു.
[4]കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം
[5]അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കയും –കൃപയാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു–
[6]ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യന്തധനത്തെ
[7]ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയിർത്തെഴുന്നേല്പിച്ചു സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു.

നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം, അവൻ കരുണയും കൃപയും നിറഞ്ഞവനാണ്. അവന്റെ കൂടെ ഇരിക്കേണ്ടതിന് അവൻ നമ്മെ ഉയിർത്തെഴുന്നേൽപ്പിച്ചു.

ദൈവസ്നേഹം നമ്മൾ നേടിയെടുത്തതല്ല. അവന്റെ സ്നേഹം നിമിത്തം, അവന്റെ കരുണയാലും കൃപയാലുമാണ് നാം ഇതിലേക്ക് ആനയിക്കപ്പെടുന്നത്.

അവന്റെ കരുണയിലൂടെയും കൃപയിലൂടെയുമാണ് ദൈവത്തിന്റെ സ്നേഹം പ്രകടിപ്പിക്കപ്പെടുന്നത്. അവന്റെ അളവറ്റ സ്നേഹം നിമിത്തം, ദൈവം നമ്മോട് കരുണയും കൃപയും ഉള്ളവനായിരിക്കുന്നു.

ദൈവത്തിന്റെ കരുണ എന്നാൽ നമ്മുടെ ഭൂതകാലത്തെയും, നമ്മുടെ തെറ്റുകളെയും, നമ്മുടെ കുഴഞ്ഞ അവസ്ഥകളെയും ഗണ്യമാക്കാത്ത ദൈവത്തിന്റെ അനുകമ്പയും, ദയയും, നന്മയുമാണ്. നാം അർഹിക്കുന്ന ന്യായവിധിയെ കരുണ തടഞ്ഞുനിർത്തുന്നു. ദൈവം കരുണാസമ്പന്നനാണ്. അവന്റെ കരുണ നിങ്ങളുടെ കൊടിയ പാപത്തെക്കാൾ സമ്പന്നമാണ്! പാപം വലിയ വില കൊടുക്കേണ്ടുന്ന ഒന്നാണ്, പക്ഷേ ദൈവത്തിന്റെ കരുണ അതിലും സമ്പന്നമാണ്!

ദൈവത്തിന്റെ കൃപ ദൈവം നൽകുന്നതും അവന്റെ പ്രവൃത്തിയുമാണ്. അത് ദൈവം തന്റെ സമ്പത്ത് നമുക്ക് നൽകുന്നതാണ്. നമുക്ക് അർഹതയില്ലാത്തതും, നമുക്ക് ഒരിക്കലും സ്വയം സമ്പാദിക്കുവാനോ നേടാനോ കഴിയാത്തതും കൃപ നമുക്ക് നൽകുന്നു.

ധൂർത്തപുത്രന്റെ കഥ—കരുണയും കൃപയും നൽകുന്നു

ലൂക്കോസ് 15:11-32

[11]പിന്നെയും അവൻ പറഞ്ഞത്: ഒരു മനുഷ്യന്നു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു.

[12]അവരിൽ ഇളയവൻ അപ്പനോട്: അപ്പാ, വസ്തുവിൽ എനിക്കു വരേണ്ടുന്ന പങ്കു തരേണമേ എന്നു പറഞ്ഞു; അവൻ അവർക്കു മുതൽ പകുത്തുകൊടുത്തു.

[13]ഏറെനാൾ കഴിയും മുമ്പേ ഇളയമകൻ സകലവും സ്വരൂപിച്ചു ദൂരദേശത്തേക്കു യാത്രയായി അവിടെ ദുർന്നടപ്പുകാരനായി ജീവിച്ചു വസ്തു നാനാവിധമാക്കിക്കളഞ്ഞു.

[14]എല്ലാം ചെലവഴിച്ചശേഷം ആ ദേശത്തു കഠിനക്ഷാമം ഉണ്ടായിട്ട് അവനു മുട്ടു വന്നുതുടങ്ങി.

[15]അവൻ ആ ദേശത്തിലെ പൗരന്മാരിൽ ഒരുത്തനെ ചെന്ന് ആശ്രയിച്ചു; അവൻ അവനെ തന്റെ വയലിൽ പന്നികളെ മേയ്പാൻ അയച്ചു.

[16]പന്നി തിന്നുന്ന വാളവരകൊണ്ടു വയറു നിറപ്പാൻ അവൻ ആഗ്രഹിച്ചു, എങ്കിലും ആരും അവന് കൊടുത്തില്ല.

[17]അപ്പോൾ സുബോധം വന്നിട്ട് അവൻ: എന്റെ അപ്പന്റെ എത്ര കൂലിക്കാർ ഭക്ഷണം കഴിച്ചു ശേഷിപ്പിക്കുന്നു; ഞാനോ വിശപ്പുകൊണ്ട് നശിച്ചുപോകുന്നു.

[18]ഞാൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ ചെന്ന് അവനോട്: അപ്പാ, ഞാൻ സ്വർഗ്ഗത്തോടും

നിന്നോടും പാപം ചെയ്തിരിക്കുന്നു.
[19]ഇനി നിന്റെ മകൻ എന്ന പേരിനു ഞാൻ യോഗ്യനല്ല; നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കേണമേ എന്നു പറയും എന്നു പറഞ്ഞു.
[20]അങ്ങനെ അവൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ പോയി. ദൂരത്തുനിന്നുതന്നെ അപ്പൻ അവനെ കണ്ടു മനസ്സലിഞ്ഞ് ഓടിച്ചെന്ന് അവന്റെ കഴുത്തു കെട്ടിപിടിച്ച് അവനെ ചുംബിച്ചു.
[21]മകൻ അവനോട്: അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു; ഇനി നിന്റെ മകൻ എന്നു വിളിക്കപ്പെടുവാൻ യോഗ്യനല്ല എന്നു പറഞ്ഞു.
[22]അപ്പൻ തന്റെ ദാസന്മാരോട്: വേഗം മേല്ത്തരമായ അങ്കി കൊണ്ടുവന്ന് ഇവനെ ധരിപ്പിപ്പിൻ; ഇവന്റെ കൈക്കു മോതിരവും കാലിനു ചെരിപ്പും ഇടുവിപ്പിൻ.
[23]തടിച്ച കാളക്കുട്ടിയെ കൊണ്ടുവന്ന് അറുപ്പിൻ; നാം തിന്ന് ആനന്ദിക്ക.
[24]ഈ എന്റെ മകൻ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചു; കാണാതെ പോയിരുന്നു; കണ്ടുകിട്ടിയിരിക്കുന്നു എന്നു പറഞ്ഞു; അങ്ങനെ അവർ ആനന്ദിച്ചു തുടങ്ങി.
[25]അവന്റെ മൂത്തമകൻ വയലിൽ ആയിരുന്നു; അവൻ വന്നു വീട്ടിനോട് അടുത്തപ്പോൾ വാദ്യവും നൃത്തഘോഷവും കേട്ടു,
[26]ബാല്യക്കാരിൽ ഒരുത്തനെ വിളിച്ച്: ഇതെന്ത് എന്നു ചോദിച്ചു.
[27]അവൻ അവനോട്: നിന്റെ സഹോദരൻ വന്നു; നിന്റെ അപ്പൻ അവനെ സൗഖ്യത്തോടെ കിട്ടിയതുകൊണ്ട് തടിച്ച കാളക്കുട്ടിയെ അറുത്തു എന്നു പറഞ്ഞു.
[28]അപ്പോൾ അവൻ കോപിച്ച്, അകത്തു കടപ്പാൻ മനസ്സില്ലാതെ നിന്നു; അപ്പൻ പുറത്തു വന്ന് അവനോട് അപേക്ഷിച്ചു.
[29]അവൻ അവനോട്: ഇത്ര കാലമായി ഞാൻ നിന്നെ സേവിക്കുന്നു; നിന്റെ കല്പന ഒരിക്കലും ലംഘിച്ചിട്ടില്ല; എന്നാൽ എന്റെ ചങ്ങാതികളുമായി ആനന്ദിക്കേണ്ടതിനു നീ ഒരിക്കലും എനിക്ക് ഒരു ആട്ടിൻകുട്ടിയെ തന്നിട്ടില്ല.
[30]വേശ്യമാരോടുകൂടി നിന്റെ മുതൽ തിന്നുകളഞ്ഞ ഈ നിന്റെ മകൻ വന്നപ്പോഴേക്കോ, തടിച്ച കാളക്കുട്ടിയെ അവനുവേണ്ടി അറുത്തുവല്ലോ എന്ന് ഉത്തരം പറഞ്ഞു.
[31]അതിന് അവൻ അവനോട്: മകനേ, നി എപ്പോഴും എന്നോടുകൂടെ ഇരിക്കുന്നുവല്ലോ; എനിക്കുള്ളത് എല്ലാം നിന്റേത് ആകുന്നു.
[32]നിന്റെ ഈ സഹോദരനോ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചു; കാണാതെ പോയിരുന്നു; കണ്ടു കിട്ടിയിരിക്കുന്നു. ആകയാൽ ആനന്ദിച്ചു സന്തോഷിക്കേണ്ടതാവശ്യമായിരുന്നു എന്നു പറഞ്ഞു.

പിതാവ് തനിക്ക് മകനോടുള്ള സ്നേഹം അവനോടു **കരുണയും, കൃപയും** കാണിച്ചുകൊണ്ട് പ്രകടിപ്പിച്ചു.

കാരുണ്യം—മകൻ ചെയ്ത എല്ലാ തെറ്റുകളും പിതാവ് ക്ഷമിച്ചു—സമ്പത്ത് പാഴാക്കിയത്, കുടുംബത്തിന് അപമാനവും പേരുദോഷവും വരുത്തിവച്ചത്, സ്വന്തം വ്യക്തിത്വത്തെ അപമാനിച്ചത് തുടങ്ങിയവ.

കൃപ—പിതാവ് മകന് അർഹതയില്ലാത്തത് നൽകി—മേലങ്കി, മോതിരം, ചെരിപ്പ്, ആഡംബര വിരുന്ന്, വീട്ടിൽ

അനന്തരാവകാശിയാകാനുള്ള അവകാശം!

നാം അവനിലേക്ക് തിരിയുകയാണെങ്കിൽ, അവന്റെ അളവറ്റ സ്നേഹം നമുക്ക് നേരിട്ട് അനുഭവിക്കുവാൻ കഴിയും! അവന്റെ സമൃദ്ധമായ കരുണയും അനന്തമായ കൃപയും നമുക്ക് ലഭിക്കും.

അളവറ്റ സ്നേഹത്തെക്കുറിച്ച് ഇതെന്താണ് വെളിപ്പെടുത്തുന്നത്

- നാം ദൈവത്തോട് മത്സരിക്കുമ്പോഴും അവൻ നമ്മെ സ്നേഹിക്കുന്നു.
- നാം മലിനതയാൽ മൂടപ്പെട്ടിരിക്കുമ്പോഴും പാപത്തിൽ മുങ്ങിനിൽക്കുമ്പോഴും അവൻ നമ്മെ സ്നേഹിക്കുന്നു.
- നാം തകർക്കപ്പെട്ടവരും നശിപ്പിക്കപ്പെട്ടവരും ആയിരിക്കുമ്പോഴും അവൻ നമ്മെ സ്നേഹിക്കുന്നു.
- നാം ഏറ്റവും മോശമായ അവസ്ഥയിൽ ആയിരിക്കുമ്പോഴും അവൻ നമ്മെ സ്നേഹിക്കുന്നു.

മഹാസമുദ്രം പോലെ വിശാലമായ സ്നേഹമാണിത്! നമ്മുടെ എത്രയും നികൃഷ്ടമായ ദുഷ്ടതയേക്കാൾ, എത്രയും വലിയ വഴിതെറ്റലുകളെക്കാൾ, അവിശ്വാസത്തിന്റെ അലച്ചിലുകളെക്കാൾ, തന്നിഷ്ടങ്ങളെക്കാൾ ഒക്കെ വലുതാണ് ദൈവസ്നേഹം.

അളവറ്റതും തളരാത്തതുമായ സ്നേഹത്താൽ പിതാവ് നമ്മെ സ്നേഹിക്കുന്നു. പിതാവിന്റെ അളവില്ലാത്ത സ്നേഹം അവന്റെ പുത്രനായ യേശുക്രിസ്തുവിൽ നമുക്ക് വെളിപ്പെടുത്തിയിരിക്കുന്നു. അവന്റെ അളവറ്റ സ്നേഹത്തിൽ നിന്ന്, അവൻ നമ്മുടെ മേൽ തന്റെ കരുണയും കൃപയും ചൊരിയുന്നു.

റോമർ 8:32
സ്വന്തപുത്രനെ ആദരിക്കാതെ നമുക്ക് എല്ലാവർക്കുംവേണ്ടി ഏല്പിച്ചുതന്നവൻ അവനോടുകൂടെ സകലവും നമുക്കു നല്കാതിരിക്കുമോ?

അവന്റെ കരുണയും കൃപയും സ്വീകരിച്ച് ദൈവമക്കളാകുവാനുള്ള പ്രാർത്ഥന

യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ നമ്മുടെ എല്ലാ പാപങ്ങളും ക്ഷമിക്കപ്പെടുവാനും അവന്റെ മക്കളായിത്തീരുവാനുമുള്ള വിസ്മയനീയമായ അവസരം ദൈവം നമുക്ക് നൽകുന്നു. ഇത് നാം ഓരോരുത്തരും വ്യക്തിപരമായി എടുക്കേണ്ട തീരുമാനമാണ്. മറ്റാർക്കും ഇത് നമുക്കു വേണ്ടി ചെയ്യുവാൻ കഴിയുകയില്ല.

യേശുക്രിസ്തുവിൽ വിശ്വസിക്കുവാനും ശേഷിച്ച ജീവിതകാലം മുഴുവൻ അവനെ മാത്രം പിന്തുടരാനും നാം ഒരു വ്യക്തിപരമായ തീരുമാനം എടുത്തേ മതിയാകൂ. ബൈബിൾ ഇപ്രകാരം പറയുന്നു: *"അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു"* (യോഹന്നാൻ 1:12).

യേശുക്രിസ്തുവിനെ നിങ്ങളുടെ വ്യക്തിപരമായ രക്ഷകനും കർത്താവുമായി സ്വീകരിക്കുവാനും, അവനിൽ വിശ്വസിച്ചു പാപമോചനം പ്രാപിച്ച് ദൈവപൈതലായിത്തീരുവാനും നിങ്ങൾ ഇതുവരെ തീരുമാനമെടുത്തിട്ടില്ലെങ്കിൽ, ഇപ്പോൾ അത് ചെയ്യാവുന്നതാണ്.

നിങ്ങളുടെ തീരുമാനമെടുക്കുവാൻ താഴെ നൽകിയിരിക്കുന്ന മാതൃകാ പ്രാർത്ഥന ഉപയോഗിക്കാം. അല്ലെങ്കിൽ നിങ്ങളുടെ സ്വന്തം വാക്കുകളിലും പ്രാർത്ഥിക്കാവുന്നതാണ്.

പ്രിയ കർത്താവായ യേശുവേ,

എന്റെ പാപങ്ങൾക്കായി ക്രൂശിൽ മരിച്ചതിനും എന്നോട് പിതാവിനുള്ള വലിയ സ്നേഹം വെളിപ്പെടുത്തിയതിനും നന്ദി. നീ ക്രൂശിൽ മരിച്ചപ്പോൾ എന്റെ എല്ലാ പാപങ്ങൾക്കുമുള്ള വില നൽകിയെന്ന് ഞാൻ വിശ്വസിക്കുന്നു. നീ സാത്താനെ തോൽപ്പിച്ചുവെന്നും നരകത്തെയും മരണത്തെയും ജയിച്ച് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റുവെന്നും ഞാൻ വിശ്വസിക്കുന്നു. നീ ഇന്നും ജീവിക്കുന്നുവെന്നും എന്നെ ദൈവകുടുംബത്തിലേക്ക് ചേർക്കുവാൻ കാത്തിരിക്കുകയാണെന്നും ഞാൻ വിശ്വസിക്കുന്നു. ഇന്ന്, ഞാൻ നിന്നെ എന്റെ രക്ഷകനും കർത്താവുമായി സ്വീകരിക്കുന്നു. ഞാൻ നിന്നിൽ വിശ്വസിക്കുന്നു. എന്നെ ഒരു ദൈവപൈതലാക്കി മാറ്റുകയും ശേഷിച്ച ജീവിതകാലം മുഴുവൻ നിന്നെ പിന്തുടരാൻ എന്നെ സഹായിക്കുകയും ചെയ്യണമേ. യേശുവിന്റെ നാമത്തിൽ.

ആമേൻ.

ഇതാ സ്നേഹം

(വില്യം റീസ്, 1900)

ഇതാ ആഴിയോളം വിശാലമായ സ്നേഹം,
പ്രളയം പോലൊഴുകുന്ന സ്നേഹാർദ്രത;
ജീവന്റെ പ്രഭവാം നമ്മുടെ വീണ്ടെടുപ്പുകാരൻ,
തൻ അമൂല്യ രക്തം നമുക്കായി ചിന്തിയപ്പോൾ.
ആരാ സ്നേഹം ഓർക്കാതിരിക്കും?
ആരവനെ സ്തുതിക്കാതിരിക്കും?
സ്വർഗ്ഗത്തിൻ നിത്യകാലങ്ങളോളം,
അവനൊരിക്കലും വിസ്മരിക്കപ്പെടില്ല.

ആ ക്രൂശീകരണത്തിൻ മലമുകളിൽ,
അഗാധവും വിശാലവുമായ ഉറവകൾ തുറന്നു;
ദൈവകാരുണ്യത്തിൻ കവാടങ്ങളിലൂടെ,
വിശാലമാം കൃപയേറും അലകൾ ഒഴുകി.
കൃപയും സ്നേഹവും വൻ നദികൾ പോലെ,
മേലിൽ നിന്നും അനവരതം ചൊരിഞ്ഞു;
സ്വർഗ്ഗസമാധാനവും സമ്പൂർണ്ണ നീതിയും,
അപരാധിയാം ലോകത്തെ സ്നേഹത്താൽ ചുംബിച്ചു.

നിൻ സ്നേഹമെല്ലാം സ്വീകരിച്ചുകൊണ്ട്,
എന്നായുസ്സെല്ലാം ഞാൻ അങ്ങയെ സ്നേഹിക്കട്ടെ;
നിൻ രാജ്യം മാത്രം ഞാൻ അന്വേഷിക്കട്ടെ,
എൻ ജീവിതം നിൻ സ്തുതിക്കായിരിക്കട്ടെ.
നീ മാത്രമായിരിക്കും എൻ മഹിമ,
മറ്റൊന്നുമീ ലോകെ ഞാൻ കാണുന്നില്ല;
നീയെന്നെ കഴുകി വിശുദ്ധീകരിച്ചു,
നീ തന്നെ എന്നെ സ്വതന്ത്രനാക്കി.
നിൻ വചനത്തിലൂടെ, നിൻ ആത്മാവിനാൽ,

നിൻ സത്യത്തിൽ എന്നെ വഴിനടത്തുന്നു;
കർത്താവേ, ഞാൻ നിന്നിൽ ആശ്രയിക്കുമ്പോൾ,
നിൻ കൃപ എൻ ആവശ്യങ്ങളെല്ലാം നിറവേറ്റുന്നു.
നിൻ നിറവിൽ നിന്നും നിൻ മഹാസ്നേഹവും,
ശക്തിയും നീയെൻമേൽ ചൊരിയുന്നു;
അളവറ്റ അതിരുകളില്ലാത്ത ആ നിറഞ്ഞ സ്നേഹം,
എൻ ഹൃദയത്തെ നിന്നിലേക്ക് ആകർഷിക്കുന്നു.

ചിന്തയ്ക്കായി



1) പിതാവിന്റെ അളവറ്റ സ്നേഹത്തിൽ നാം "ആഴത്തിൽ വേരുന്നിയവരും" "സുരക്ഷിതമായി ഉറപ്പിക്കപ്പെട്ടവരും" ആയിരിക്കേണ്ടത് വിശ്വാസികളെന്ന നിലയിൽ എന്തുകൊണ്ട് പ്രധാനമായിരിക്കുന്നു?

2) ദൈവത്തിന്റെ കരുണയും കൃപയും അവന്റെ മഹാസ്നേഹത്തിൽ നിന്നാണ് ഒഴുകുന്നത്. "കരുണ", "കൃപ" എന്നിവയിലൂടെ നിങ്ങൾ എന്താണ് മനസ്സിലാക്കുന്നത്?

3) നിങ്ങൾ ദൈവസ്നേഹത്തിന്റെ മഹാസമുദ്രത്തിൽ മുങ്ങിയിരിക്കുന്നതായി സങ്കൽപ്പിക്കുക. അപ്രകാരം അളക്കുവാനാവാത്ത വിധം ഉപാധികളില്ലാതെ സ്നേഹിക്കപ്പെടുക എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

3

സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവിന്റെ യഥാർത്ഥ ചിത്രം

ദൈവത്തെക്കുറിച്ചു ദൈവവചനപ്രകാരം കൃത്യമായ ഒരു യഥാർത്ഥ ചിത്രം നമുക്ക് ഉണ്ടായിരിക്കണം.

തെറ്റായ ചിത്രം ദൈവത്തിന് മുമ്പാകെ തെറ്റായ നിലപാട് എടുക്കുവാൻ നമ്മെ പ്രേരിപ്പിക്കും, അതായത് നാം ദൈവത്തോട് തെറ്റായ രീതിയിൽ ബന്ധപ്പെടും. ഉദാഹരണത്തിന്, ദൈവം പിശുക്കനാണെന്നോ തന്റെ ജനത്തെ അനുഗ്രഹിക്കുവാനും അവർക്ക് വേണ്ടത് കരുതുവാനും മടിയുള്ളവനാണെന്നോ നാം കരുതിയാൽ, ദൈവത്തിന്റെ അനുഗ്രഹത്തിനായി, കരുതലിനായി ധൈര്യത്തോടെ പ്രാർത്ഥിക്കുവാൻ നമുക്ക് കഴിയുകയില്ല. "അങ്ങനെയാണെങ്കിൽ," "ചിലപ്പോൾ," തുടങ്ങിയ ഉറപ്പില്ലാത്ത വാക്കുകൾ നമ്മുടെ പ്രാർത്ഥനകളിൽഉണ്ടാവും.

നമ്മുടെ സ്വർഗ്ഗീയ പിതാവിനെ കുറിച്ചുള്ള തെറ്റായ ചിത്രം ദൈവഹിതത്തെ സംബന്ധിച്ച് നമ്മെ നിശ്ചയമില്ലാത്തവരാക്കും.

നമ്മുടെ സ്വർഗ്ഗീയ പിതാവിനെ കുറിച്ചുള്ള തെറ്റായ ചിത്രം ജീവിതത്തിന്റെ വെല്ലുവിളികൾക്ക് മുമ്പിൽ ബലഹീനരും ഭീതിതരുമാക്കും. ദൈവം നമ്മിൽ പ്രസാദിച്ചിരിക്കുന്നുവോ അതോ നമ്മോടു കോപിച്ചിരിക്കുന്നുവോ എന്നു നമുക്ക് നിശ്ചയമില്ലാതെ വരും.

ചിലർ തങ്ങളുടെ വീടുകളിൽ മാതാപിതാക്കളുടെ സ്നേഹം ഒരിയ്ക്കലും അനുഭവിക്കാത്ത സാഹചര്യങ്ങളിൽ വളർന്നവരായിരിക്കാം. നമുക്ക് നല്ല മാതാപിതാക്കൾ ഉണ്ടായിരുന്നിരിക്കാം; എന്നാൽ ഒരിയ്ക്കലും അവരുടെ സ്നേഹം നാം അനുഭവിച്ചിട്ടുണ്ടാവില്ല.

അതുകൊണ്ട് ഈ അദ്ധ്യായത്തിൽ, നമ്മുടെ വ്യക്തിപരമായ അനുഭവങ്ങളുടെയും മുൻധാരണകളുടെയും അടിസ്ഥാനത്തിൽ ദൈവത്തിന് നാം നൽകിയേക്കാവുന്ന തെറ്റായ ഗുണവിശേഷങ്ങൾക്ക് വിപരീതമായി, ബൈബിൾ അവതരിപ്പിക്കുന്ന സ്വർഗ്ഗീയ പിതാവിന്റെ സ്വഭാവങ്ങൾ നാം പഠിക്കുന്നു. സ്വർഗ്ഗീയ പിതാവിനെക്കുറിച്ചുള്ള

ബൈബിളിന്റെ കാഴ്ചപ്പാട് എന്തെന്ന് ഗ്രഹിക്കുകയാണ് ഈ അദ്ധ്യായത്തിന്റെ ഉദ്ദേശ്യം. ഇത് പൂർണ്ണമായ ഒരു വിവരണമല്ല, എന്നാൽ ബൈബിൾ വിവരിക്കുന്ന സ്വർഗ്ഗസ്ഥനായ പിതാവിനെ ചിത്രീകരിക്കുന്നതിന് ഈ വിവരണങ്ങൾ അത്യന്താപേക്ഷിതവും പ്രധാനവുമാണ്.

മാറ്റമില്ലാത്ത സ്വർഗ്ഗസ്ഥനായ പിതാവ്

വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യാവുന്ന മാറ്റമില്ലാത്ത സ്വർഗ്ഗസ്ഥനായ പിതാവാണ് ദൈവം. എങ്ങനെ പ്രവർത്തിക്കുമെന്നോ പ്രതികരിക്കുമെന്നോ മുൻകൂട്ടി ഉറപ്പ് പറയാനാവാത്ത നമ്മുടെയൊക്കെ മാതാപിതാക്കളിൽ നിന്ന് വ്യത്യസ്തമാണിത്.

യാക്കോബ് 1:17

എല്ലാ നല്ല ദാനവും തികഞ്ഞ വരമൊക്കെയും ഉയരത്തിൽനിന്നു വെളിച്ചങ്ങളുടെ പിതാവിങ്കൽനിന്ന് ഇറങ്ങിവരുന്നു. അവനു വികാരമോ ഗതിഭേദത്താലുള്ള ആഛാദനമോ ഇല്ല.

നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ് താൻ ആരാണെന്നും, എന്തു പറയുന്നുവെന്നും എന്തു ചെയ്യുന്നുവെന്നും ഉള്ളതിൽ "സ്ഥിരതയുള്ളവനാണ്," നമുക്ക് അവനിൽ വിശ്വസിക്കാം, അവനിൽ പൂർണ്ണമായും ആശ്രയിക്കാം.

അചഞ്ചലനായ / വിശ്വസ്തനായ സ്വർഗ്ഗസ്ഥനായ പിതാവ്

ദൈവം ഒരിക്കലും നമ്മെ നിരാശപ്പെടുത്താത്ത സ്വർഗ്ഗസ്ഥനായ പിതാവാണ്. ഇത് പലപ്പോഴും നമ്മെ നിരാശപ്പെടുത്തുന്ന, അല്ലെങ്കിൽ അസന്നിഹിതരായ മാതാപിതാക്കളിൽ നിന്ന് വ്യത്യസ്തമാണ്. മാതാപിതാക്കളുണ്ടെങ്കിലും നമുക്ക് അവരുടെ സാന്നിധ്യം ഏറ്റവും ആവശ്യമുള്ളപ്പോൾ അവർ കൂടെയില്ലാത്ത അവസ്ഥ.

എബ്രായർ 13:5

"നിങ്ങളുടെ നടപ്പ് ദ്രവ്യാഗ്രഹമില്ലാത്തതായിരിക്കട്ടെ; ഉള്ളതുകൊണ്ടു തൃപ്തിപ്പെടുവിൻ; "ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല" എന്ന് അവൻ തന്നെ അരുളിച്ചെയ്തിരിക്കുന്നുവല്ലോ."

നമുക്കുവേണ്ടി എപ്പോഴും സന്നിഹിതനായിരിക്കുന്ന സ്വർഗ്ഗീയ പിതാവാണ് ദൈവം. അവൻ നമുക്ക് ദോഷം ഒന്നും ചെയ്യാത്തത്ര നല്ലവനും, പിഴവ് ഒന്നും വരുത്തുവാൻ കഴിയാത്തത്ര ജ്ഞാനിയും, നമ്മെ നിരാശപ്പെടുത്തുവാൻ കഴിയാത്തത്ര ബലവാനുമാണ്.

മഹാമനസ്കനും ഉദാരമതിയുമായ പിതാവ്

ദൈവം മഹാമനസ്കനും ഉദാരമതിയുമായ ഒരു സ്വർഗ്ഗീയ പിതാവാണ്. ഇത് നാം ഭയപ്പെടുന്ന എന്തെങ്കിലും ആവശ്യപ്പെടുവാൻ മടിക്കുന്ന ക്രൂരനും അൽപരുമായ മാതാപിതാക്കളിൽ നിന്ന് വ്യത്യസ്തമാണ്. ദൈവം നമ്മുടെ ഓരോ ആവശ്യവും നിറവേറ്റുന്ന സ്വർഗ്ഗീയ പിതാവാണ്.

മത്തായി 6:31,32

[31]ആകയാൽ നാം എന്തു തിന്നും എന്തു കുടിക്കും എന്തു ഉടുക്കും എന്നിങ്ങനെ നിങ്ങൾ വിചാരപ്പെടരുത്.
[32]ഈ വകയൊക്കെയും ജാതികൾ അന്വേഷിക്കുന്നു; സ്വർഗസ്ഥനായ നിങ്ങളുടെ പിതാവ് ഇതൊക്കെയും നിങ്ങൾക്ക് ആവശ്യം എന്ന് അറിയുന്നുവല്ലോ.

മത്തായി 7:7-11

[7]യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും.
[8]യാചിക്കുന്ന ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവനു തുറക്കും.
[9]മകൻ അപ്പം ചോദിച്ചാൽ അവനു കല്ലു കൊടുക്കുന്ന മനുഷ്യൻ നിങ്ങളിൽ ആരുള്ളൂ?
[10]മീൻ ചോദിച്ചാൽ അവനു പാമ്പിനെ കൊടുക്കുമോ?
[11]അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗസ്ഥനായ നിങ്ങളുടെ പിതാവ് തന്നോടു യാചിക്കുന്നവർക്കു നന്മ എത്ര അധികം കൊടുക്കും!

ദൈവം ഭൂമിയിലെ മാതാപിതാക്കളെക്കാൾ അതിരുകളില്ലാത്ത വിധം ഉത്തമനാണ്. നമ്മുടെ ആവശ്യങ്ങൾ അവൻ അറിയുന്നു, അവൻ തന്റെ മക്കൾക്ക് നല്ല കാര്യങ്ങൾ നൽകുന്നു.

യാക്കോബ് 1:5

നിങ്ങളിൽ ഒരുത്തനു ജ്ഞാനം കുറവാകുന്നു എങ്കിൽ ഭർത്സിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോടു യാചിക്കട്ടെ; അപ്പോൾ അവനു ലഭിക്കും.

ദൈവം എല്ലാവർക്കും നൽകുന്നു, അവൻ ഉദാരമായി നൽകുന്നു, തെറ്റ് കണ്ടെത്താതെ, പിറുപിറുക്കാതെ, പരാതിപ്പെടാതെ നൽകുന്നു.

സങ്കീർത്തനങ്ങൾ 84:11

യഹോവയായ ദൈവം സൂര്യനും പരിചയും ആകുന്നു; യഹോവ കൃപയും മഹത്ത്വവും നല്കുന്നു; നേരോടെ നടക്കുന്നവർക്ക് അവൻ ഒരു നന്മയും മുടക്കുകയില്ല.

ദൈവത്തെ മഹാമനസ്കനും, ഉദാരമതിയുമായ നമ്മുടെ സ്വർഗ്ഗസ്ഥ പിതാവായി അറിയുന്നത്, നാം ചോദിക്കുന്നത് അവൻ

നൽകുമെന്ന ബോധ്യത്തോടെ, ആവശ്യ സമയത്ത് സഹായത്തിനും കരുതലിനുമായി കൃപാസനത്തിലേക്ക് ധൈര്യത്തോടെ വരുന്നതിന് നമ്മെ സ്വതന്ത്രരാക്കുന്നു.

കരുണയുള്ള പിതാവ്

ദൈവം, *"കരുണയും കൃപയും നിറഞ്ഞ, ദീർഘക്ഷമയും മഹാദയയും ഉള്ള"* നമ്മുടെ സ്വർഗ്ഗീയ പിതാവാണ് (സങ്കീർത്തനങ്ങൾ 103:8). ഇത് മുൻകോപമുള്ള ക്ഷിപ്രകോപികളായ മാതാപിതാക്കളിൽ നിന്ന് വ്യത്യസ്തമാണ്.

നാമെല്ലാവരും തെറ്റുകൾ ചെയ്യുന്നവരാണ്, എന്നാൽ ദൈവം കരുണയുള്ള ക്ഷമിക്കുന്ന സ്വർഗ്ഗീയ പിതാവാണ്.

സങ്കീർത്തനങ്ങൾ 103:8
യഹോവ കരുണയും കൃപയും നിറഞ്ഞവൻ ആകുന്നു; ദീർഘക്ഷമയും മഹാദയയും ഉള്ളവൻ തന്നെ.

വിലാപങ്ങൾ 3:22,23
[22]നാം മുടിഞ്ഞുപോകാതിരിക്കുന്നത് യഹോവയുടെ ദയ ആകുന്നു; അവന്റെ കരുണ തീർന്നുപോയിട്ടില്ലല്ലോ;
[23]അതു രാവിലെതോറും പുതിയതും നിന്റെ വിശ്വസ്തത വലിയതും ആകുന്നു.

നമുക്ക് വീണ്ടും ഒരു അവസരം നൽകുന്ന കരുണാമയനായ സ്വർഗ്ഗസ്ഥ പിതാവാണ് ദൈവം!

നമ്മുടെ സ്വർഗ്ഗസ്ഥനായ ദൈവം, തന്റെ കരുണയാൽ, സ്നേഹപൂർവ്വം നമ്മെ തിരുത്തുകയും ശിക്ഷിക്കുകയും കൂടി ചെയ്യുന്നു. നമ്മോടുള്ള എല്ലാ ശിക്ഷണ ഇടപെടലുകളിലും, അവൻ എപ്പോഴും കരുണയുള്ളവനും നമ്മുടെ ക്ഷേമം അന്വേഷിക്കുന്നവനുമാണ്.

തുടർന്നു വരുന്ന ഒരു അദ്ധ്യായത്തിൽ നമ്മൾ ഇതിനെക്കുറിച്ച് ചർച്ച ചെയ്യും.

വീണ്ടെടുക്കുന്ന പിതാവ്

നമ്മുടെ സ്വർഗ്ഗസ്ഥനായ ദൈവം, താൻചെയ്യുന്ന എല്ലാ കാര്യങ്ങളിലും വീണ്ടെടുപ്പിന്റെ പ്രവൃത്തി ചെയ്യുന്നവനാണ്. എല്ലാം നഷ്ടപ്പെട്ടതായി തോന്നുമ്പോഴും, വീണ്ടെടുക്കുവാനുള്ള വഴികൾക്കായി അവൻ നോക്കുന്നു-വീണ്ടെടുക്കുവാനും പുനഃസ്ഥാപിക്കുവാനും പുനർനിർമ്മിക്കുവാനും നമ്മെ കൂടുതൽ മഹത്വത്തിലേക്ക്

ഉയർത്തുവാനുമായി. അന്ത്യശാസനം നൽകുകയും നമ്മളുമായുള്ള ബന്ധം അവസാനിപ്പിക്കുകയും ചെയ്യുന്ന മാതാപിതാക്കളിൽ നിന്ന് ഇത് വ്യത്യസ്തമാണ്.

യെശയ്യാവ് 63:16
'നീയല്ലോ ഞങ്ങളുടെ പിതാവ്; അബ്രാഹാം ഞങ്ങളെ അറിയുന്നില്ല; യിസ്രായേലിനു ഞങ്ങളെ തിരിയുന്നതുമില്ല;
നീയോ യഹോവേ, ഞങ്ങളുടെ പിതാവാകുന്നു; യുഗാരംഭംമുതൽ ഞങ്ങളുടെ വീണ്ടെടുപ്പുകാരൻ എന്നാകുന്നു നിന്റെ നാമം.'

കൂടുതൽ വിശദമായ പഠനത്തിന്, ദയവായി **apcwo.org/books**-ൽ സൗജന്യ ഡൗൺലോഡായി ലഭ്യമാകുന്ന **"ദൈവത്തിന്റെ വീണ്ടെടുക്കുന്ന ഹൃദയം"** എന്ന APC യുടെ പുസ്തകം വായിക്കുക.

സ്വീകരിക്കുന്ന പിതാവ്

നമ്മുടെ സ്വർഗ്ഗസ്ഥനായ ദൈവം നമ്മെ സ്വീകരിക്കുന്ന പിതാവാണ്. അവൻ നമ്മെ സ്വീകരിക്കുന്നു, അവൻ നമ്മിൽ ആനന്ദിക്കുകയും സ്നേഹവായ്പ്പോടെ നമ്മെ നോക്കുകയും ചെയ്യുന്നു. ഇത് നമ്മെ എപ്പോഴും താഴ്ത്തിക്കെട്ടുന്ന, നമ്മെക്കുറിച്ച് മോശമായി ചിന്തിക്കുന്ന, നമ്മെ അയോഗ്യരായി കാണുന്ന, എപ്പോഴും സംശയിക്കുന്ന, നമ്മെ അംഗീകരിക്കാത്ത മാതാപിതാക്കളിൽ നിന്ന് വ്യത്യസ്തമാണ്.

എഫെസ്യർ 1:4-6
[4]നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന് അവൻ ലോകസ്ഥാപനത്തിനു മുമ്പേ നമ്മെ
[5]അവനിൽ തിരഞ്ഞെടുക്കയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തു മുഖാന്തരം
[6]നമ്മെ ദത്തെടുക്കേണ്ടതിന് അവൻ പ്രിയനായവനിൽ നമുക്കു സൗജന്യമായി നല്കിയ തന്റെ കൃപാമഹത്ത്വത്തിന്റെ പുകഴ്ചയ്ക്കായി സ്നേഹത്തിൽ നമ്മെ മുൻനിയമിക്കയും ചെയ്തുവല്ലോ.

അവൻ നമ്മെ ഇത്രയധികം സ്നേഹിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നുവെന്ന് നമുക്കറിയാവുന്നതിനാൽ, നാം എപ്പോഴും സ്വാഗതം ചെയ്യപ്പെടുന്നു എന്ന ബോധ്യത്തോടെ, നാം അവന്റെ സന്നിധിയിൽ ഭക്തിയോടും സന്തോഷത്തോടും സ്വാതന്ത്ര്യത്തോടും കൂടെ പ്രവേശിക്കുന്നു. നമ്മിൽ ആനന്ദിക്കുകയും നാം അവനിൽ ആനന്ദിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്ന സ്വർഗ്ഗീയ പിതാവാണ് അവൻ.

നാം ആയിരിക്കുന്ന അവസ്ഥയിൽ ക്രിസ്തുവിൽ അവൻ

നമ്മെ ആക്കിയ അവസ്ഥയിൽ അവൻ നമ്മെ സ്വീകരിക്കുന്നു; സ്വീകരിക്കപ്പെടുവാനോ അഭിനന്ദിക്കപ്പെടാനോ നമുക്ക് ഒന്നും "നേടേണ്ടതില്ല". അവൻ നമ്മെ സ്വീകരിക്കുന്നു. എല്ലാ തിരസ്കരണത്തിന്റെ തോന്നലുകളും ഇല്ലാതായിരിക്കുന്നു.

സമൃദ്ധമായ കൃപയുള്ള പിതാവ്

തന്റെ ദയയും വാത്സല്യവും നിമിത്തം നമുക്ക് അർഹമല്ലാത്തത് നമ്മുടെ മേൽ വർഷിക്കുന്ന കൃപ നിറഞ്ഞ സ്വർഗ്ഗീയ പിതാവാണ് ദൈവം. എല്ലാം കഠിനാദ്ധ്വാനം ചെയ്ത് നേടിയെടുക്കണമെന്നും അർഹതയുള്ളത് മാത്രമേ ലഭിക്കൂ എന്നും ശഠിക്കുന്ന കർക്കശനായ ഒരു മേധാവിയെപ്പോലെയുള്ള മാതാപിതാക്കളിൽ നിന്ന് അവൻ തികച്ചും വ്യത്യസ്തനാണ്.

ഉയർന്ന പ്രതീക്ഷകളുള്ള അത്തരം മാതാപിതാക്കൾ നാം ഒരിക്കലും ഒന്നിനും കൊള്ളാത്തവരും പരാജയവുമാണെന്നുള്ള തോന്നൽ നമ്മിൽ ഉണ്ടാക്കുന്നു. അവരുടെ പ്രതീക്ഷകൾക്കപ്പുറം പ്രവർത്തിച്ചാൽ മാത്രമേ നമുക്ക് അംഗീകാരം ലഭിക്കൂ.

ദൈവത്തിന്റെ കൃപയെക്കുറിച്ച് ഈ ധാരണയില്ലെങ്കിൽ, നാം ദൈവവുമായി ബന്ധപ്പെടുന്നത് നമ്മുടെ പ്രവൃത്തികളുടെ (ദൈവത്തിനായി സഭയിലോ ശുശ്രൂഷയിലോ ചെയ്യുന്ന കാര്യങ്ങൾ) അടിസ്ഥാനത്തിലായിരിക്കും. നാം കൂടുതൽ കാര്യങ്ങൾ "ചെയ്യുന്തോറും" ദൈവത്തിനു നാം കൂടുതൽ സ്വീകാര്യരാകുന്നു എന്ന് നാം തെറ്റായി ചിന്തിക്കുന്നു. കൃപയെക്കുറിച്ച് മനസ്സിലാക്കാത്തതുകൊണ്ട് നാം ചെയ്യുന്ന എല്ലാ കാര്യങ്ങൾക്കും അംഗീകാരവും പ്രശംസയും ആഗ്രഹിക്കുകയും അതിൽ നമ്മുടെ വ്യക്തിത്വം കണ്ടെത്തുവാൻ ശ്രമിക്കുകയും ചെയ്യുന്നു.

ദൈവം സമൃദ്ധമായ കൃപയുള്ള പിതാവാണെന്ന് മനസ്സിലാക്കുമ്പോൾ, നമുക്ക് ലഭിച്ച ദൈവകൃപയെ നാം വിലമതിക്കുന്നതുകൊണ്ട് മറ്റുള്ളവരോടും നാം കൃപയുള്ളവരായിരിക്കും.

എഫെസ്യർ 2:6

ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യന്തധനത്തെ വരുംകാലങ്ങളിൽ കാണിക്കേണ്ടതിന്...

റോമർ 5:17

ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻ നിമിത്തം വാണ എങ്കിൽ കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ യേശുക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും.

ശക്തീകരിക്കുന്ന പിതാവ്

നമ്മെ ശക്തീകരിക്കുന്ന സ്വർഗ്ഗീയ പിതാവാണ് ദൈവം. അവൻ നമ്മിലെ ഏറ്റവും നല്ല വശങ്ങൾ കാണുകയും, അവൻ നമ്മെക്കുറിച്ച് വിഭാവനം ചെയ്തിട്ടുള്ള ഉന്നത നിലയിൽ എത്തുവാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നു. ദൈവരാജ്യത്തിന്റെ വേലയ്ക്കുള്ള തന്റെ വിഭവങ്ങളും നിയോഗങ്ങളും അവൻ നമ്മെ വിശ്വസിച്ച് ഏൽപ്പിക്കുന്നു. മക്കളെ അവിശ്വസിക്കുകയും അവർ ഒന്നിനും കൊള്ളാത്തവരാണെന്ന് കരുതുകയും ചെയ്യുന്ന മാതാപിതാക്കളിൽ നിന്ന് ദൈവം വ്യത്യസ്തനാണ്.

നമ്മെക്കുറിച്ച് ദൈവത്തിന് നല്ല ചിന്തകളും പദ്ധതികളുമാണുള്ളത്. (യിരെമ്യാവ് 29:11).

ലൂക്കോസ് 12:32

"ചെറിയ ആട്ടിൻകൂട്ടമേ, ഭയപ്പെടരുത്; നിങ്ങളുടെ പിതാവ് രാജ്യം നിങ്ങൾക്കു നല്കുവാൻ പ്രസാദിച്ചിരിക്കുന്നു."

കൊലൊസ്യർ 1:12

വിശുദ്ധന്മാർക്കു വെളിച്ചത്തിലുള്ള അവകാശത്തിനായി നമ്മെ പ്രാപ്തന്മാരാക്കുകയും...

അതിരുകളില്ലാത്ത പിതാവ്

നമ്മുടെ സ്വർഗ്ഗീയ പിതാവ് അതിരുകളില്ലാത്തവനും അതിരുകളില്ലാത്ത കാര്യങ്ങൾ നമുക്ക് വേണ്ടി ചെയ്യുന്നവനുമാണ്. ചെയ്യുവാൻ കഴിയുന്ന കാര്യങ്ങളിലും നൽകുവാൻ കഴിയുന്ന വിഭവങ്ങളിലും പരിധികളുള്ള ഭൗതിക മാതാപിതാക്കളിൽ നിന്ന് ദൈവം വ്യത്യസ്തനാണ്.

- അവൻ ഒരിക്കലും വൃദ്ധനാകുന്നില്ല. (സങ്കീർത്തനങ്ങൾ 102:26)
- അവൻ ഒരിക്കലും തളരുകയോ ക്ഷീണിക്കുകയോ ചെയ്യുന്നില്ല. (യെശയ്യാവ് 40:28)
- അവന്റെ ജ്ഞാനം ഒരിക്കലും ഇല്ലാതാവുകയില്ല. (യെശയ്യാവ് 40:28)

എഫെസ്യർ 3:20

എന്നാൽ നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്വാൻ

നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവനും

അവൻ ഒരേസമയം പിതാവും മാതാവുമാണ്. ദൈവത്തിന് ഒരു "അമ്മയുടെ ഹൃദയം" ഉണ്ടെന്ന് പറയാനാവും—കരുതലും വാത്സല്യവും സ്നേഹവുമുള്ള ഒരു ഹൃദയം.

യെശയ്യാവ് 49:14-16

[14]സീയോനോ: യഹോവ എന്നെ ഉപേക്ഷിച്ചു, കർത്താവ് എന്നെ മറന്നുകളഞ്ഞു എന്നും പറയുന്നു.

[15]ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മറക്കുമോ? താൻ പ്രസവിച്ച മകനോടു കരുണ തോന്നാതിരിക്കുമോ? അവർ മറന്നുകളഞ്ഞാലും ഞാൻ നിന്നെ മറക്കയില്ല.

[16]ഇതാ ഞാൻ നിന്നെ എന്റെ ഉള്ളംകൈയിൽ വരച്ചിരിക്കുന്നു; നിന്റെ മതിലുകൾ എല്ലായ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു."

സ്വയവഞ്ചനകളും സാത്താന്റെ നുണകളും തിരസ്കരിക്കുക

ദൈവത്തെക്കുറിച്ച് നാം വെച്ചുപുലർത്തുന്ന തെറ്റായ ചിത്രങ്ങൾ യഥാർത്ഥത്തിൽ സ്വയവഞ്ചനയാണ്. ദൈവം എങ്ങനെയുള്ളവൻ എന്നതിനെ സംബന്ധിച്ച് നാം നമ്മെത്തന്നെ വഞ്ചിക്കുന്നു. പിശാചും നമ്മോട് നുണകൾ പറഞ്ഞ് ദൈവത്തെക്കുറിച്ച് തെറ്റായ ധാരണകൾ ഉണ്ടാക്കുവാൻ ആഗ്രഹിക്കുന്നു.

നമ്മിൽ പലർക്കും ദൈവത്തെക്കുറിച്ചു ഉണ്ടായേക്കാവുന്ന ചില തെറ്റായ കാഴ്ചപ്പാടുകൾ എന്തൊക്കെയെന്ന് നോക്കാം:

1) മാറ്റമില്ലാത്ത പിതാവിന് പകരം ഉറപ്പായി ഒന്നും നമുക്ക് പറയാനാവാത്ത ദൈവം എന്ന് കരുതുന്നത്.
2) അചഞ്ചലനായ, വിശ്വസ്തനായ പിതാവിന് പകരം വിശ്വസിക്കുവാൻ കൊള്ളാത്ത ദൈവം എന്ന് കരുതുന്നത്.
3) ഉദാരമതിയായ പിതാവിന് പകരം എന്തെങ്കിലും നൽകുവാൻ മടിയുള്ള ലുബ്ധനായ ദൈവം എന്ന് കരുതുന്നത്.
4) കരുണയുള്ള പിതാവിന് പകരം നമ്മെ നിത്യനാശത്തിലേയ്ക്ക് ന്യായം വിധിക്കുവാൻ കാത്തിരിക്കുന്ന ദൈവം എന്ന് കരുതുന്നത്.
5) വീണ്ടെടുക്കുന്ന പിതാവിന് പകരം കഴിഞ്ഞകാല തെറ്റുകൾ എണ്ണിപ്പറയുന്ന ദൈവം എന്ന് കരുതുന്നത്.
6) സ്വീകരിക്കുന്ന പിതാവിന് പകരം കുറ്റപ്പെടുത്തുന്ന ദൈവം എന്ന് കരുതുന്നത്.
7) കൃപാലുവായ പിതാവിന് പകരം പ്രസാദിപ്പിക്കുവാൻ പ്രയാസമുള്ള ദൈവം എന്ന് കരുതുന്നത്.

8) ശക്തീകരിക്കുന്ന പിതാവിന് പകരം നമ്മെ അവന്റെ പങ്കാളികളാക്കുവാൻ ആഗ്രഹിക്കാത്ത ദൈവം എന്ന് കരുതുന്നത്.
9) അതിരുകളില്ലാത്ത പിതാവിന് പകരം പരിധികളുള്ള ദൈവം എന്ന് കരുതുന്നത്.

സ്വർഗ്ഗീയപിതാവിനെ കുറിച്ച് വചനാടിസ്ഥാനത്തിലുള്ള യഥാർത്ഥമായ ഒരു ചിത്രം നിങ്ങളുടെ ഹൃദയത്തിലും മനസ്സിലും സ്ഥാപിതമാകേണ്ടതിന് അൽപസമയമെടുത്ത് പ്രാർത്ഥിക്കുകയും ഈ സത്യം നിങ്ങളുടെ ജീവിതത്തിൽ പ്രഖ്യാപിക്കുകയും ചെയ്യുക.

പ്രിയ സ്വർഗ്ഗീയ പിതാവേ,

നിന്റെ വചനം നിന്നെക്കുറിച്ച് വെളിപ്പെടുത്തുന്ന സത്യങ്ങൾക്കായി ഞാൻ നന്ദി പറയുന്നു. അങ്ങയെക്കുറിച്ച് ഞാൻ വെച്ചുപുലർത്തിയ എല്ലാ തെറ്റായ ആശയങ്ങളും ധാരണകളും ഇന്ന് ഞാൻ ഉപേക്ഷിക്കുകയും നിന്റെ വചനത്തിൽ നല്കിയിരിക്കുന്ന സത്യം സ്വീകരിക്കുകയും ചെയ്യുന്നു.

നീ എന്റെ ***മാറ്റമില്ലാത്ത*** *സ്വർഗ്ഗസ്ഥ പിതാവാണെന്ന് ഞാൻ അംഗീകരിക്കുകയും നിനക്കു നന്ദി പറയുകയും ചെയ്യുന്നു; എനിക്ക് എപ്പോഴും നിന്നെ വിശ്വസിക്കുവാനും ആശ്രയിക്കുവാനും കഴിയും.*

നീ എന്റെ ***അചഞ്ചലനും വിശ്വസ്തനുമായ*** *സ്വർഗ്ഗസ്ഥ പിതാവാണെന്ന് ഞാൻ അംഗീകരിക്കുകയും നിനക്കു നന്ദി പറയുകയും ചെയ്യുന്നു; നീ എന്നെ ഒരിക്കലും കൈവിടുകയോ ഉപേക്ഷിക്കുകയോ നിരാശപ്പെടുത്തുകയോ ചെയ്യില്ല.*

നീ എന്റെ ***മഹാമനസ്കനും ഉദാരമതിയുമായ*** *പിതാവാണെന്ന് ഞാൻ അംഗീകരിക്കുകയും നിനക്കു നന്ദി പറയുകയും ചെയ്യുന്നു; നീ എപ്പോഴും ഉദാരമായി നൽകും, എന്നിൽ നിന്ന് ഒരു നന്മയും തടയില്ല.*

നീ എന്റെ ***കരുണാമയനായ*** *പിതാവാണെന്ന് ഞാൻ അംഗീകരിക്കുകയും നിനക്കു നന്ദി പറയുകയും ചെയ്യുന്നു; എന്റെ പാപങ്ങളും പരാജയങ്ങളും തെറ്റുകളും ക്ഷമിക്കുവാൻ നീ എപ്പോഴും ദയയുള്ളവനും സന്നദ്ധനുമാണ്.*

നീ എന്റെ ***വീണ്ടെടുക്കുന്ന*** *പിതാവാണെന്ന് ഞാൻ അംഗീകരിക്കുകയും നിനക്കു നന്ദി പറയുകയും ചെയ്യുന്നു; ഞാൻ*

നാശമാക്കുമ്പോഴും നീ എപ്പോഴും എന്നെ പുനഃസ്ഥാപിക്കുവാനും പുനർനിർമ്മിക്കുവാനും വീണ്ടെടുക്കുവാനും എന്നെ ഉയർത്തുവാനുമായി വരുന്നു.

നീ എന്നെ ***സ്വീകരിക്കുന്ന*** *പിതാവാണെന്ന് ഞാൻ അംഗീകരിക്കുകയും നിനക്കു നന്ദി പറയുകയും ചെയ്യുന്നു; നീ നിന്റെ സാന്നിധ്യത്തിലേക്ക് എന്നെ എപ്പോഴും സ്വാഗതം ചെയ്യുകയും ഞാൻ നിന്റേതാണെന്നതിൽ ആനന്ദിക്കുകയും ചെയ്യുന്നു.*

എനിക്ക് അർഹതയില്ലാത്തതും എനിക്ക് സമ്പാദിക്കുവാൻ കഴിയാത്തതുമായ സമ്പത്തുകളും അനുഗ്രഹങ്ങളും ദാനങ്ങളും എനിക്ക് നൽകുന്ന എന്റെ ***സമൃദ്ധമായ കൃപയുടെ*** *പിതാവാണ് നീയെന്ന് ഞാൻ അംഗീകരിക്കുകയും നന്ദി പറയുകയും ചെയ്യുന്നു.*

എപ്പോഴും എന്നിൽ വിശ്വസിക്കുകയും എനിക്കായി കരുതിവച്ചിരിക്കുന്നതിൽ എത്തിച്ചേരാൻ എന്നെ പ്രാപ്തനാക്കുകയും ചെയ്യുന്ന എന്റെ ***ശക്തീകരിക്കുന്ന*** *പിതാവാണെന്ന് ഞാൻ അംഗീകരിക്കുകയും നന്ദി പറയുകയും ചെയ്യുന്നു.*

എന്റെ ഏതൊരു ആവശ്യത്തെക്കാൾ ***അനന്തമായി*** *വലിയതും, ഞാൻ നേരിടുന്ന ഏത് സാഹചര്യങ്ങളിലും അനന്തമായി ബലവാനും, അനന്തമായി വിവേകമുള്ളവനുമായ എന്റെ അതിരുകളില്ലാത്ത പിതാവാണെന്ന് നീ എന്നു ഞാൻ അംഗീകരിക്കുകയും നിനക്കു നന്ദി പറയുകയും ചെയ്യുന്നു.*

ഞാൻ അങ്ങയെ സ്നേഹിക്കുന്നു, അങ്ങയിൽ വിശ്വസിക്കുന്നു. അങ്ങയുടെ പൈതലാകുന്നതിന്റെ ആനന്ദത്തിനും പദവിക്കും നന്ദി.

യേശുവിന്റെ നാമത്തിൽ

ആമേൻ

ചിന്തയ്ക്കായി



1) നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഈ ഗുണവശങ്ങളിൽ ഏതാണ് ഇന്ന് നിങ്ങൾക്ക് ഏറ്റവും പ്രസക്തമായി തോന്നുന്നത്, എന്തുകൊണ്ട്?

- മാറ്റമില്ലാത്ത സ്വർഗ്ഗസ്ഥനായ പിതാവ്
- അചഞ്ചലനായ വിശ്വസ്തനായ സ്വർഗ്ഗസ്ഥനായ പിതാവ്
- മഹാമനസ്കനും ഉദാരമതിയുമായ പിതാവ്
- കരുണാമയനായ പിതാവ്
- വീണ്ടെടുപ്പുകാരനായ പിതാവ്
- സ്വീകരിക്കുന്ന പിതാവ്
- സമൃദ്ധമായ കൃപയുടെ പിതാവ്
- ശക്തീകരിക്കുന്ന പിതാവ്
- അതിരുകളില്ലാത്ത പിതാവ്

2) നമ്മൾ അഭിസംബോധന ചെയ്ത ഈ ഗുണവശങ്ങളുടെ വീക്ഷണത്തിൽ നിങ്ങളുടെ ധാരണയും ആയതിനാൽ സ്വർഗ്ഗസ്ഥനായ പിതാവുമായുള്ള നിങ്ങളുടെ ബന്ധവും എങ്ങനെ മാറിയിരിക്കുന്നു?

4

പിതാവിന്റെ സ്നേഹം സ്വീകരിക്കുക

ദൈവീകമായ സ്നേഹം

ദൈവീക സ്നേഹത്തെ സൂചിപ്പിക്കുവാൻ ബൈബിൾ *'അഗാപെ'* എന്ന ഗ്രീക്ക് വാക്കാണ് ഉപയോഗിക്കുന്നത്. 1 കൊരിന്ത്യർ 13 ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചും നാം നടക്കേണ്ടതായ സ്നേഹത്തെക്കുറിച്ചും ഒരു ഹ്രസ്വ ദർശനം നൽകുന്നു. ദൈവത്തിന് നമ്മോടുള്ള സ്നേഹത്തിന്റെ വിവരണമാണിതെന്ന കാഴ്ച്ചപ്പാടോടെ നമുക്ക് ഇത് വായിക്കാം.

1 കൊരിന്ത്യർ 13:4-8

[4]സ്നേഹം ദീർഘമായി ക്ഷമിക്കയും ദയ കാണിക്കയും ചെയ്യുന്നു; സ്നേഹം സ്പർധിക്കുന്നില്ല. [5]സ്നേഹം നിഗളിക്കുന്നില്ല. ചീർക്കുന്നില്ല; അയോഗ്യമായി നടക്കുന്നില്ല സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല; [6]അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു. [7]എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു. [8]സ്നേഹം ഒരുനാളും ഉതിർന്നുപോകയില്ല. പ്രവചനവരമോ, അതു നീങ്ങിപ്പോകും; ഭാഷാവരമോ, അതു നിന്നുപോകും; ജ്ഞാനമോ, അതു നീങ്ങിപ്പോകും.

- *ദൈവം സ്നേഹമാണ്.* (1 യോഹന്നാൻ 4:8)
- ദൈവം നമ്മോട് ദീർഘക്ഷമയും ദയയും കാണിക്കുന്നു.
- ദൈവം നമ്മോട് പരുഷമായി പെരുമാറുന്നില്ല.
- ദൈവം "സ്വാർത്ഥനല്ല", നമ്മിൽ തത്പരനാണ്.
- ദൈവം പെട്ടെന്ന് കോപിക്കുന്നില്ല.
- ദൈവം നമുക്കെതിരെ ദോഷം ചിന്തിക്കുന്നില്ല.
- ദൈവം പാപത്തിൽ സന്തോഷിക്കുന്നില്ല.
- ദൈവം സത്യത്തിൽ സന്തോഷിക്കുന്നു-നാം സത്യത്തിൽ നടക്കുമ്പോൾ
- ദൈവം എല്ലാം പൊറുക്കുന്നു.
- ദൈവം നമുക്കായി ഏറ്റവും നല്ലത് വിശ്വസിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്നു. (അത് ചെയ്യുവാൻ അവൻ ഒരുക്കവും മനസ്സുമുള്ളവനാണ്.)
- ദൈവം മടുത്തുപോകാതെ നമ്മെ സ്നേഹിക്കുന്നു. ദൈവത്തിന്റെ സ്നേഹം നിലനിൽക്കുന്നതാണ്. അത് ഒരിയ്ക്കലും തീർന്നുപോകുകയോ, വരണ്ടുപോകുകയോ അവസാനിക്കുകയോ

ചെയ്യുന്നില്ല. അത് നിരന്തരമായി എന്നെയ്ക്കും നിലനിൽക്കുന്നു. അവൻ യിരെമ്യാവു 31:3 ൽപറഞ്ഞിരിക്കുന്നത് പോലെ, *"യഹോവ ദൂരത്തുനിന്ന് എനിക്കു പ്രത്യക്ഷമായി അരുളിച്ചെയ്തത്: നിത്യസ്നേഹംകൊണ്ടു ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു; അതുകൊണ്ടു ഞാൻ നിനക്കു ദയ ദീർഘമാക്കിയിരിക്കുന്നു."*

- ദൈവം ഒരിയ്ക്കലും മാറിപ്പോകയില്ല. ദൈവത്തിന്റെ സ്നേഹം ഒരിക്കലും ഇല്ലാതാവുകയോ, ദുർബ്ബലമാവുകയോ ചെയ്യുകയില്ല.

ഇപ്രകാരമാണ് ദൈവം നമ്മെ സ്നേഹിക്കുന്നത്. നാം ഈ സ്നേഹം സ്വീകരിക്കുകയും, അംഗീകരിക്കുകയും, നമ്മൾ ഈ രീതിയിൽ ദൈവത്താൽ സ്നേഹിക്കപ്പെടുന്നുണ്ടെന്ന സത്യം നമ്മുടെ ഉള്ളിന്റെയുള്ളിൽ ആഴത്തിൽ പതിയാൻ അനുവദിക്കുകയും ചെയ്യേണ്ടതുണ്ട്.

നമുക്കായുള്ള ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചുള്ള ചില ഉൾക്കാഴ്ചകൾ ഒന്നുകൂടി ആവർത്തിക്കുകയും, ഒപ്പം മറ്റ് ചില പുതിയ ഉൾക്കാഴ്ചകൾ കൂടി പങ്കുവെക്കുകയും ചെയ്യാം. തുടർന്ന്, ഈ സ്നേഹത്തെക്കുറിച്ച് അറിയുന്നതിന്റെയും, വിശ്വസിക്കുന്നതിന്റെയും, ഇത് സ്വീകരിക്കുന്നതിന്റെയും, ഇതിൽ വസിക്കുന്നതിന്റെയും പ്രാധാന്യത്തെക്കുറിച്ച് നമുക്ക് ചർച്ച ചെയ്യാം.

നിരുപാധികമായ സ്നേഹം

ദൈവത്തിന്റെ സ്നേഹം "നിരുപാധികമാണ്" അത് ഉപാധികളോടെയല്ല വരുന്നത്. തന്റെ സ്നേഹം സ്വീകരിപ്പാനും അതിനോടു പ്രതികരിക്കുവാനും അവൻ ലളിതമായി നമ്മെ ക്ഷണിക്കുന്നു.

1 യോഹന്നാൻ 4:9,10

[9]ദൈവം തന്റെ ഏകജാതനായ പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിനു ലോകത്തിലേക്ക് അയച്ചു എന്നുള്ളതിനാൽ ദൈവത്തിനു നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി.

[10]നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുവാൻ അയച്ചതുതന്നെ സാക്ഷാൽ സ്നേഹം ആകുന്നു.

നാം ദൈവത്തെ അന്വേഷിക്കുകയായിരുന്നില്ല. മറിച്ച്, ദൈവം തന്റെ സ്നേഹത്തിൽ നമ്മെ പിന്തുടർന്നു. തന്റെ മഹാസ്നേഹം, പിതാവിനെ അറിയുന്നതിൽ നിന്നും, അവന്റെ കുടുംബത്തിൽ ആയിരിക്കുന്നതിൽ നിന്നും, നമ്മോടുള്ള അവന്റെ നന്മ

അനുഭവിക്കുന്നതിൽ നിന്നും നമ്മെ തടസ്സപ്പെടുത്തിയ കാര്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള വില അവൻ പൂർണ്ണമായും നൽകി.

നമ്മൾ സ്നേഹിക്കപ്പെടുന്നത് നമ്മുടെ നേട്ടങ്ങൾ കൊണ്ടോ, നമ്മുടെ ബുദ്ധിശക്തി കൊണ്ടോ, നാം ചെയ്തിട്ടുള്ള എന്തെങ്കിലും പ്രവൃത്തികൾകൊണ്ടോ അല്ല. ഇപ്പോൾ, നമുക്ക് ചെയ്യുവാൻ കഴിയുന്ന ഏക കാര്യം അവന്റെ സ്നേഹത്തെ സ്വീകരിക്കുകയും അതിനോട് പ്രതികരിക്കുകയും ചെയ്യുക എന്നതാണ്.

1 യോഹന്നാൻ 4:19
അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ടു നാം സ്നേഹിക്കുന്നു

അസാധാരണമായ സ്നേഹം

യോഹന്നാൻ 16:26,27
[26]അന്നു നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കും; ഞാൻ നിങ്ങൾക്കുവേണ്ടി പിതാവിനോട് അപേക്ഷിക്കും എന്നു ഞാൻ പറയുന്നില്ല.
[27]നിങ്ങൾ എന്നെ സ്നേഹിച്ചു, ഞാൻ പിതാവിന്റെ അടുക്കൽനിന്നു വന്നിരിക്കുന്നു എന്നു വിശ്വസിച്ചിരിക്കകൊണ്ട് പിതാവ് താനും നിങ്ങളെ സ്നേഹിക്കുന്നു.

തന്റെ പുനരുത്ഥാനത്തിനും സ്വർഗ്ഗാരോഹണത്തിനും ശേഷമുള്ള സമയത്തെ പരാമർശിച്ചുകൊണ്ട്, യേശു തന്റെ ശിഷ്യന്മാരോടു, "ആ ദിവസത്തിൽ", നമ്മൾ പിതാവിനോട് നേരിട്ട് അവന്റെ നാമത്തിൽ പ്രാർത്ഥിക്കുമെന്ന് അറിയിച്ചു. നമുക്ക് ഇത് ചെയ്യുവാൻ കഴിയുമെന്നും നമുക്കുവേണ്ടി താൻ അപേക്ഷിക്കേണ്ടതില്ലെന്നും അവൻ പറഞ്ഞു. നമ്മൾ യേശുവിനെ സ്നേഹിക്കുകയും യേശുവിൽ വിശ്വസിക്കുകയും ചെയ്യുന്നതിനാൽ പിതാവ് തന്നെ നമ്മെ സ്നേഹിക്കുന്നു എന്നതാണ് യേശുവിന്റെ നാമത്തിൽ നമുക്ക് നേരിട്ട് പിതാവിനോട് അപേക്ഷിക്കുവാൻ സാധിക്കുന്നതിന്റെ കാരണം. പിതാവ് തന്നെ നമ്മെ സ്നേഹിക്കുന്നു എന്ന് പ്രസ്താവിക്കുമ്പോൾ, "സ്നേഹിക്കുന്നു" എന്നതിന് "വ്യത്യസ്ത ഗ്രീക്ക്" പദം കർത്താവായ യേശു ഉപയോഗിച്ചുവെന്നത് ശ്രദ്ധേയമാണ്. സൗഹൃദത്തെയും സ്നേഹത്തെയും കുറിച്ച് സംസാരിക്കുന്ന *'ഫിലിയോ'* എന്ന പദം അവൻ ഉപയോഗിച്ചു. ഫലത്തിൽ, യേശു പറയുകയായിരുന്നു, "പിതാവ് തന്നെ നിങ്ങളുടെ സ്നേഹിതനും നിങ്ങളോട് വാസ്തവമായി സ്നേഹമുള്ളവനുമാണ്."

- ഇങ്ങനെ പറയുക: *"പിതാവ് തന്നെ എന്നെ സ്നേഹിക്കുന്നു. എന്റെ*

സ്വർഗ്ഗസ്ഥനായ പിതാവ് എന്റെ സ്നേഹിതനാണ്, എന്നോട് വാസ്തവമായി സ്നേഹമുള്ളവനാണ്. യേശുവിന്റെ നാമത്തിൽ ഞാൻ അവനോടു ധൈര്യത്തോടെ അപേക്ഷിക്കുന്നു."

പിതാവ് യേശുവിനെ സ്നേഹിച്ചതുപോലെ നിങ്ങളെയും സ്നേഹിക്കുന്നു

യോഹന്നാൻ 17:23,26

[23]നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരെയും സ്നേഹിക്കുന്നു എന്നും ലോകം അറിയുവാൻ, നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനും ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിനും തന്നെ.

[26]നീ എന്നെ സ്നേഹിക്കുന്ന സ്നേഹം അവരിൽ ആകുവാനും ഞാൻ അവരിൽ ആകുവാനും ഞാൻ നിന്റെ നാമം അവർക്കു വെളിപ്പെടുത്തിയിരിക്കുന്നു; ഇനിയും വെളിപ്പെടുത്തും.

പിതാവ് യേശുവിനെ സ്നേഹിക്കുന്നതുപോലെ (രീതിയിലും അളവിലും) പിതാവ് നമ്മെയും സ്നേഹിക്കുന്നുവെന്ന് 23-ാം വാക്യത്തിൽ യേശു സ്ഥിരീകരിക്കുന്നു.

- ഇപ്രകാരം പറയുക: *"പിതാവ് യേശുവിനെ സ്നേഹിക്കുന്ന അതേ രീതിയിൽ എന്നെയും സ്നേഹിക്കുന്നു. യേശു പിതാവിനാൽ സ്നേഹിക്കപ്പെടുന്നതുപോലെ തന്നെയാണ് ഞാനും പിതാവിനാൽ സ്നേഹിക്കപ്പെടുന്നത്."*

26-ാം വാക്യത്തിൽ പിതാവിന്റെ സ്നേഹം നമ്മിൽ ആകേണ്ടതിന് യേശു പ്രാർത്ഥിച്ചു, തന്റെ പുത്രനായ യേശുക്രിസ്തുവിനോടുള്ള അതേ സ്നേഹം-അത് നാം തൊട്ടറിയേണ്ടതിന്, അനുഭവിക്കേണ്ടതിന്, ഗ്രഹിക്കേണ്ടതിന്, നമ്മുടെ ഹൃദയത്തിൽ പിതാവിന്റെ സ്നേഹം അനുഭവിച്ചു അതിനാൽ കീഴടക്കപ്പെടേണ്ടതിന്-

- ഇങ്ങനെ പറയുക: *"യേശുവിനെ സ്നേഹിക്കുന്ന അതേ സ്നേഹത്താൽ എന്നെ സ്നേഹിക്കുന്ന പിതാവിന്റെ സ്നേഹം, ഞാൻ തൊട്ടറിയുന്നു, ഗ്രഹിക്കുന്നു, അനുഭവിക്കുന്നു, അതിനാൽ കീഴടക്കപ്പെടുന്നു."*

സാധാരണയായി നമ്മൾ കരുതുന്നത് പൂർണ്ണനായ ഒരുവൻ അപൂർണ്ണരായ നമ്മളെക്കാൾ വളരെയധികം സ്നേഹിക്കപ്പെടുമെന്നാണ്. എന്നാൽ അപൂർണ്ണരായ നമ്മളെ പിതാവ് പൂർണ്ണനായ തന്റെ പുത്രനെ

സ്നേഹിക്കുന്നതുപോലെ സ്നേഹിക്കുന്നു എന്ന് ചിന്തിക്കുമ്പോൾ അത് എത്ര അത്ഭുതകരമാണ്.

ഈ തരത്തിലുള്ള സ്നേഹം അസാധാരണവും നിഷ്പക്ഷവുമാണ് ദൈവത്തിന് പക്ഷപാതമില്ല (റോമർ 2:11). ദൈവം ആരുടേയും മുഖം നോക്കുന്നില്ല. (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 10:34) ഇത് നമുക്കറിയാം. എന്നിരുന്നാലും, പലപ്പോഴും നാം ദൈവവുമായി ബന്ധപ്പെടുമ്പോൾ, നമ്മെക്കാൾ അധികമായി അവൻ അനുഗ്രഹിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന മറ്റ് വിശ്വാസികൾ ഉണ്ടെന്ന് നാം കരുതുന്നു. ഇതിനെക്കുറിച്ച് ചിന്തിക്കുക. ദൈവം തന്റെ സ്വന്തം പുത്രനോട് പക്ഷപാതമുള്ളവനല്ല - അവൻ നമ്മെ സ്നേഹിക്കുന്നതിനേക്കാൾ കൂടുതൽ അവനെ സ്നേഹിക്കുന്നില്ല. അപ്പോൾ, അവൻ നമ്മെ സ്നേഹിക്കുന്നതിനേക്കാൾ കൂടുതൽ മറ്റാരെയെങ്കിലും സ്നേഹിച്ചു നമ്മോടു പക്ഷപാതം കാണിക്കുമോ? നമ്മോടുള്ള ദൈവത്തിന്റെ സ്നേഹം നിഷ്പക്ഷമാണ്.

നാം ദൈവത്തിനു പ്രിയനായവനിലാണ്, അവന് പ്രിയപ്പെട്ടവരുമാണ്

മർക്കോസ് 1:11
നീ എന്റെ പ്രിയപുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വർഗ്ഗത്തിൽനിന്ന് ഒരു ശബ്ദവും ഉണ്ടായി.

പിതാവ് യേശുവിനെ തന്റെ പ്രിയപുത്രൻ എന്ന് വിശേഷിപ്പിച്ചു. നാമും ദൈവത്തിന് പ്രിയപ്പെട്ടവരാണെന്നും, *"പ്രിയനായവനിൽ അംഗീകരിക്കപ്പെട്ടവരാണെന്നും"* അപ്പോസ്തലനായ പൗലോസ് നമ്മെ അറിയിക്കുന്നു.

റോമർ 1:3,4
[3]പൗലൊസ് റോമയിൽ ദൈവത്തിനു പ്രിയരും വിളിക്കപ്പെട്ട വിശുദ്ധന്മാരുമായ എല്ലാവർക്കും എഴുതുന്നത്:
[4]നമ്മുടെ പിതാവായ ദൈവത്തിങ്കൽനിന്നും കർത്താവായ യേശുക്രിസ്തുവിങ്കൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ.

എഫെസ്യർ 1:6
നമ്മെ ദത്തെടുക്കേണ്ടതിന് അവൻ പ്രിയനായവനിൽ നമുക്കു സൗജന്യമായി നല്കിയ തന്റെ കൃപാമഹത്ത്വത്തിന്റെ പുകഴ്ച്ചയ്ക്കായി സ്നേഹത്തിൽ നമ്മെ മുൻനിയമിക്കയും ചെയ്തുവല്ലോ.

- ഇപ്രകാരം പറയുക: *"ഞാൻ ദൈവത്തിന്റെ പ്രിയനായവനിലാണ്, അവന് പ്രിയനുമാണ്. തന്റെ പ്രിയപുത്രനെപ്പോലെ ദൈവം എന്നെ സ്നേഹിക്കുന്നു."*

നമുക്ക് വ്യക്തിപരമായി തൊട്ടറിയുവാനും, അനുഭവിക്കുവാനും ഗ്രഹിക്കുവാനും കഴിയും വിധം പിതാവിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിൽ ഉണ്ടായിരിക്കണമെന്നു കർത്താവായ യേശു പ്രാർത്ഥിച്ചു (യോഹന്നാൻ 17:26). ഈ പ്രാർത്ഥനയ്ക്ക് ദൈവം പരിശുദ്ധാത്മാവിനെ നമ്മുടെ ഹൃദയങ്ങളിലേക്ക് അയച്ചുകൊണ്ട് ഉത്തരം നൽകി.

റോമർ 5:5
പ്രത്യാശയ്ക്കോ ഭംഗം വരുന്നില്ല; ദൈവത്തിന്റെ സ്നേഹം നമുക്കു നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ.

ദൈവത്തിന്റെ സ്നേഹം പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിലേക്ക് പകരപ്പെടുന്നു. പിതാവിന്റെ സ്നേഹത്തിന്റെ വ്യക്തിപരമായ അനുഭവം നമുക്ക് നൽകുന്നത് പരിശുദ്ധാത്മാവാണ്. പിതാവിന്റെ സ്നേഹത്തിൽ നടക്കുവാൻ നമുക്ക് ശക്തി നൽകുന്നത് പരിശുദ്ധാത്മാവാണ്.

നമ്മെ ലജ്ജയില്ലാത്തവരാക്കുന്ന സ്നേഹം

"... സ്നേഹം എല്ലാ പാപങ്ങളെയും മൂടുന്നു ..." എന്ന് ബൈബിൾ നമ്മെ പഠിപ്പിക്കുന്നു (സദൃശവാക്യങ്ങൾ 10:12; 1 പത്രോസ് 4:8).

സ്നേഹം മൂടുന്നു. അത് മറയ്ക്കുന്നു. അത് സംരക്ഷിക്കുന്നു. സ്നേഹം നഗ്നതയും ലജ്ജയും നീക്കി അന്തസ്സും സുരക്ഷിതത്വവും ബഹുമാനവും നൽകുകയും ചെയ്യുന്നു.

ഇതാണ് ദൈവത്തിന്റെ സ്നേഹം നമുക്കായി ചെയ്യുന്നത്.

എഫെസ്യർ 1:4
നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന് അവൻ ലോകസ്ഥാപനത്തിനു മുമ്പേ നമ്മെ

കൊലൊസ്സ്യർ 1:21,22
[21]മുമ്പേ ദുഷ്പ്രവൃത്തികളാൽ മനസ്സുകൊണ്ട് അകന്നവരും ശത്രുക്കളുമായിരുന്ന
[22]നിങ്ങളെ അവന്റെ മുമ്പിൽ വിശുദ്ധരും നിഷ്കളങ്കരും കുറ്റമില്ലാത്തവരുമായി നിറുത്തേണ്ടതിന് അവൻ ഇപ്പോൾ തന്റെ ജഡശരീരത്തിൽ തന്റെ മരണത്താൽ നിരപ്പിച്ചു.

നമ്മളോടുള്ള അവന്റെ സ്നേഹം നിമിത്തം, ദൈവത്തിന്റെ ദൃഷ്ടിയിൽ നാം വിശുദ്ധരും, നിഷ്കളങ്കരും (കുറ്റമില്ലാത്തവരും), കുറ്റാരോപണങ്ങൾക്ക് അതീതരുമാണ്!

അഭേദ്യമായ സ്നേഹം

പിതാവിന്റെ സ്നേഹത്തിൽ നിന്ന് നമ്മെ ഭേദിപ്പിക്കുവാനോ, തടയുവാനോ, തടസ്സപ്പെടുത്തുവാനോ, വേർപെടുത്തുവാനോ യാതൊന്നിനും കഴിയുകയില്ല. അവന്റെ സ്നേഹം ഒരിക്കലും നമ്മെ കൈവിടുന്നില്ല. റോമർ 8-ൽ നാം വായിക്കുന്നതിനേക്കാൾ മികച്ച മറ്റൊരു രീതിയിലും ഇതിനെ വിവരിക്കുവാൻ കഴിയില്ലായിരിക്കാം.

റോമർ 8:35–39

[35]ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ?

[36]"നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു; അറുപ്പാനുള്ള ആടുകളെപ്പോലെ ഞങ്ങളെ എണ്ണുന്നു" എന്ന് എഴുതിയിരിക്കുന്നുവല്ലോ.

[37]നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിലൊക്കെയും പൂർണജയം പ്രാപിക്കുന്നു.

[38]മരണത്തിനോ ജീവനോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ

[39]ഉയരത്തിനോ ആഴത്തിനോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽനിന്നു നമ്മെ വേർപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറച്ചിരിക്കുന്നു.

ജീവിതത്തിൽ എന്തൊക്കെ നമ്മുടെ നേരെ വന്നാലും, പിതാവിന്റെ സ്നേഹത്തിൽ നിന്ന് നമ്മെ വേർപെടുത്തുവാൻ കഴിയുകയില്ല. മനുഷ്യന്റെ ഒരു ശക്തിക്കും, നരകത്തിന്റെ ശക്തിക്കും, പ്രതികൂല സാഹചര്യങ്ങൾക്കും, വിപത്തുകൾക്കും, വെല്ലുവിളികൾക്കും, യാതൊന്നിനും യേശുക്രിസ്തുവിലുള്ള പിതാവിന്റെ സ്നേഹത്തിൽ നിന്ന് നമ്മെ വേർപെടുത്തുവാൻ കഴിയുകയില്ല. നമ്മോടുള്ള അവന്റെ സ്നേഹം തകർക്കുവാനാവാത്തതാണ്. എല്ലാ സന്ദർഭങ്ങളിലും, എല്ലാ സാഹചര്യങ്ങളിലും, നാം എന്ത് നേരിട്ടാലും, നമുക്ക് ഉറപ്പുനൽകുവാനും ആത്മവിശ്വാസം നൽകുവാനും ഇതിന് കഴിയും, പിതാവ് നമ്മെ സ്നേഹിക്കുന്നു.

നമുക്ക് പൂർണ്ണജയം നൽകുന്ന സ്നേഹം

പിതാവിന്റെ തകർക്കുവാനാവാത്ത സ്നേഹം നിമിത്തം, ഏറ്റവും മോശമായ സാഹചര്യങ്ങളിലും നമ്മെ സ്നേഹിച്ചവൻ മുഖാന്തരം നാം

പൂർണ്ണജയം പ്രാപിക്കുന്നു എന്ന് പൗലോസ് ഉറപ്പിച്ചു പറയുന്നു.

റോമർ 8:37
'നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിലൊക്കെയും പൂർണജയം പ്രാപിക്കുന്നു.'

"നാം പൂർണ്ണജയം പ്രാപിക്കുന്നു" എന്നതിന് ഇംഗ്ലിഷ് ബൈബിളിൽ "നാം ജയാളികളേക്കാൾ മികച്ചവരാണ്." എന്ന് എഴുതിയിരിക്കുന്നു. അതിനർത്ഥം, അമിതമായ വിജയം നേടുക, നിർണ്ണായകമായ വിജയം നേടുക, സമ്പൂർണ്ണ വിജയം നേടുക, വെറുമൊരു വിജയത്തിനപ്പുറം ശത്രുവിനെ പാടെ പരാജയപ്പെടുത്തി നേട്ടം കൊയ്യുക എന്നൊക്കെയാണ്.

നമുക്കെതിരെ വരാവുന്ന ഏറ്റവും മോശമായ സാഹചര്യങ്ങളിലും, നമ്മോടുള്ള അവന്റെ സ്നേഹം നിമിത്തം നാം അധികമായ വിജയം നേടുന്നു, നാം സമ്പൂർണ്ണ വിജയികളാണ്! അവന്റെ സ്നേഹം നമ്മെ സമ്പൂർണ്ണ വിജയികളായി പുറത്തുകൊണ്ടുവരുന്നു. കാരണം, നമുക്കെതിരെ വരുന്ന ഒന്നിനും ക്രിസ്തുവിലുള്ള പിതാവിന്റെ സ്നേഹത്തിൽ നിന്ന് നമ്മെ വേർപെടുത്തുവാൻ കഴിയുകയില്ല!

അതുകൊണ്ട്, ഏറ്റവും മോശമായ സാഹചര്യങ്ങൾക്കിടയിലും ജയാളികളായും ജയിച്ചടക്കുന്നവരിലും അധികമായും തലയുയർത്തിപ്പിടിച്ച് നമുക്ക് നടക്കാം! പിതാവിന് നമ്മോടുള്ള സ്നേഹം നിമിത്തം നാം എപ്പോഴും വിജയിക്കുന്നു.

നമ്മെ ബന്ധനമുക്തമാക്കുന്ന (സ്വതന്ത്രമാക്കുന്ന) സ്നേഹം

ഭയത്തിന് ദണ്ഡനമുണ്ട്. ദണ്ഡനമുള്ള മറ്റൊരു സ്ഥലം നരകമാണ്. ഭയത്തിൽ ജീവിക്കുന്നത് നരകത്തിൽ, ദണ്ഡനമുള്ള ഒരിടത്ത് ജീവിക്കുന്നത് പോലെയാണ്.

സമ്പൂർണ്ണമായ സ്നേഹം എല്ലാ ഭയത്തെയും പുറത്താക്കുന്നു. അത് നമ്മെ ഭയത്തിൽ നിന്ന് സ്വതന്ത്രമാക്കുന്നു. സമ്പൂർണ്ണമായ സ്നേഹം ഒരേയൊരു ഉറവിടത്തിൽ നിന്ന് മാത്രമേ വരുന്നുള്ളൂ—ദൈവത്തിൽ നിന്ന്.

സമ്പൂർണ്ണമായ സ്നേഹം അനുഭവിക്കുന്നത് നമ്മെ സ്വതന്ത്രരാക്കുന്നു.

1 യോഹന്നാൻ 4:17,18
[17]ന്യായവിധിദിവസത്തിൽ നമുക്കു ധൈര്യം ഉണ്ടാവാൻ തക്കവണ്ണം ഇതിനാൽ സ്നേഹം നമ്മോടു തികഞ്ഞിരിക്കുന്നു. അവൻ ഇരിക്കുന്നതുപോലെ ഈ ലോകത്തിൽ നാമും

ഇരിക്കുന്നു.

[18]സ്നേഹത്തിൽ ഭയമില്ല; ഭയത്തിനു ദണ്ഡനം ഉള്ളതിനാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളയുന്നു; ഭയപ്പെടുന്നവൻ സ്നേഹത്തിൽ തികഞ്ഞവനല്ല.

1 യോഹന്നാൻ 4:17,18 (ആംപ്ലിഫൈഡ് ബൈബിൾ ഇംഗ്ലീഷ് ബൈബിൾ)

[17]ഇതിൽ [അവനോടുള്ള കൂട്ടായ്മയിലും ഐക്യത്തിലും], സ്നേഹം നമ്മിൽ തികഞ്ഞു പൂർണ്ണതയിലെത്തുന്നു; തന്മൂലം ന്യായവിധിയുടെ നാളിൽ നമുക്ക് നിശ്ചയവും ധൈര്യവും ഉണ്ടാകും [അവനെ അഭിമുഖീകരിക്കുന്നതിനുള്ള ഉറപ്പോടും ധൈര്യത്തോടും കൂടെ]; കാരണം അവൻ എങ്ങനെയാണോ, അതുപോലെ തന്നെയാണ് ഈ ലോകത്തിൽ നമ്മളും.

[18]സ്നേഹത്തിൽ ഭയമില്ല [ഭീതി അവിടെ നിലനിൽക്കുന്നില്ല]. എന്നാൽ പൂർണ്ണമായ (തികഞ്ഞ, പക്വതയാർന്ന) സ്നേഹം ഭയത്തെ പുറന്തള്ളുന്നു; കാരണം ഭയം [ദൈവിക] ശിക്ഷയെ പ്രതീക്ഷിക്കുന്നതാണ്. അതിനാൽ ഭയപ്പെടുന്നവൻ [ദൈവത്തിന്റെ ന്യായവിധിയെ ഓർത്ത്] സ്നേഹത്തിൽ പൂർണ്ണനായിട്ടില്ല [ദൈവസ്നേഹത്തെക്കുറിച്ച് വേണ്ടത്ര അവബോധം അവൻ നേടിയിട്ടില്ല].

സമ്പൂർണ്ണമായ സ്നേഹം എന്നാൽ തികഞ്ഞതും പൂർണ്ണ വളർച്ച പ്രാപിച്ചതുമായ സ്നേഹമാണ്. ഇത് നമ്മോടുള്ള ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചുള്ള മതിയായ അറിവിലേക്ക് നാം വളരുന്നതിനെ സൂചിപ്പിക്കുന്നു.

സ്നേഹം നമ്മിൽ പൂർണ്ണമാകണമെങ്കിൽ, നമ്മോടുള്ള പിതാവിന്റെ മഹാസ്നേഹത്തെക്കുറിച്ചുള്ള വ്യക്തിപരവും അനുഭവവേദ്യവുമായ അറിവിലേക്ക് നാം വളരണം. പിതാവിന്റെ സ്നേഹത്തെക്കുറിച്ചുള്ള ഈ പഠനത്തിന്റെ ഏക ലക്ഷ്യവും ഇതുതന്നെയാണ്—പിതാവിന്റെ വലിയ സ്നേഹത്തെക്കുറിച്ച് വ്യക്തിപരമായി അനുഭവിച്ചു മനസ്സിലാക്കുവാൻ നമ്മെ സഹായിക്കുക.

ഇത് സംഭവിക്കുമ്പോൾ, നമ്മുടെ ചങ്ങലകൾ അഴിയുന്നു. ദൈവത്തിന്റെ ന്യായവിധിയിൽ നിന്നും ശിക്ഷാവിധിയിൽനിന്നുമുള്ള എല്ലാ ഭയത്തിൽ നിന്നും ദണ്ഡനത്തിൽ നിന്നും നാം മോചിപ്പിക്കപ്പെടുന്നു!

ഇവിടെ, ഇപ്പോൾ തന്നെ സ്നേഹം നമ്മിൽ പൂർണ്ണമാകുമ്പോൾ, അതായത് ദൈവസ്നേഹത്തെക്കുറിച്ച് നമുക്ക് ശരിയായ ബോധ്യം ലഭിക്കുമ്പോൾ, ന്യായവിധിയെക്കുറിച്ചുള്ള എല്ലാ ഭയത്തിൽ നിന്നും ദണ്ഡനത്തിൽനിന്നും നാം മോചിതരാകുന്നു. സ്വർഗ്ഗീയ പിതാവുമായുള്ള ബന്ധപ്പെടുന്നതിൽ നാം തികച്ചും സ്വതന്ത്രരാകുന്നു. നമുക്ക് അവനോടു

വലിയ ഭക്തിയും ബഹുമാനവും ഉണ്ടാകും, എന്നാൽ അവനെക്കുറിച്ചുള്ള ഭീതിതമായ ഭയത്തിൽ നിന്ന് നാം മുക്തരായിരിക്കും. അവൻ നമ്മെ കുറ്റംവിധിക്കുമെന്നോ ശിക്ഷിക്കുമെന്നോ തള്ളിക്കളയുമെന്നോ ഉള്ള പേടിയില്ലാതെ നമുക്ക് അവന്റെ അടുക്കൽ വരാം.

അവൻ (യേശു) ഇരിക്കുന്നതുപോലെ നാമും ഈ ലോകത്തിൽ ആകുന്നു. (1 യോഹന്നാൻ 4:17)

- ആത്മീയ മണ്ഡലത്തിൽ നമ്മുടെ സ്ഥാനം യേശുവിന്റേതിന് തുല്യമാണ്!
- പിതാവിന്റെ മുമ്പിൽ നമ്മുടെ സ്ഥാനം യേശുവിന്റേതിന് തുല്യമാണ്!
- അന്ധകാര ശക്തികളുടെ മുമ്പിൽ നമ്മുടെ സ്ഥാനം യേശുവിന്റേതിന് തുല്യമാണ്!

"...അവൻ ഇരിക്കുന്നതുപോലെ നാമും ആകുന്നു." (1 യോഹന്നാൻ 4:17) അതുകൊണ്ട്, ദൈവസിംഹാസനത്തിന് മുമ്പിലോ പിശാചുക്കളുടെ മുമ്പിലോ നാം ഭയപ്പെടേണ്ടതില്ല.

പിതാവിന്റെ സ്നേഹം അനുഭവിക്കുന്നത് നമ്മെ ഇവയിൽ നിന്ന് മോചിപ്പിക്കുന്നു:

- എല്ലാ വിധ കുറ്റബോധം, ലജ്ജ, കുറ്റാരോപണം എന്നിവയിൽ നിന്ന്. അവന്റെ സ്നേഹത്താൽ നാം വിശുദ്ധരും നിഷ്കളങ്കരുമാണ്. (എഫെസ്യർ 1:4)
- സ്നേഹിക്കപ്പെടാവാത്തവരോ തള്ളപ്പെട്ടവരോ എന്ന തോന്നലിൽ നിന്ന്. നാം പ്രിയനായവനിൽ സമ്പൂർണ്ണമായി സ്വീകരിക്കപ്പെട്ടവരാണ്. (എഫെസ്യർ 1:6)
- അവന്റെ സ്നേഹം നേടിയെടുക്കുവാനായി പ്രയത്നിക്കേണ്ട നിലയിൽ നിന്ന്. നാം അവനെ അറിയുന്നതിന് മുമ്പേ അവൻ നമ്മെ സ്നേഹിച്ചു. (1 യോഹന്നാൻ 4:9,10)
- അയോഗ്യതയെക്കുറിച്ചുള്ള എല്ലാ ചിന്തകളിൽ നിന്നും. അവന്റെ സ്നേഹത്തിൽ നമ്മെ മക്കളായി ദത്തെടുത്തിരിക്കുന്നു. (എഫെസ്യർ 1:5)
- ബന്ധനത്തിലും അടിമത്തത്തിലും കെണിയിലും അകപ്പെട്ടിരിക്കുന്നുവെന്ന തോന്നലിൽ നിന്ന്. നിങ്ങൾ

സ്വതന്ത്രരാണ്. ഭയപ്പെടുവാൻ അവൻ നമുക്ക് ദാസ്യത്തിന്റെ ആത്മാവിനെയല്ല നൽകിയത്. (റോമർ 8:15)

- ഏതെങ്കിലും വിധത്തിൽ നിയന്ത്രിക്കപ്പെടുന്ന, ചതിക്കപ്പെടുന്ന, ഉപയോഗിക്കപ്പെടുന്ന എന്ന തോന്നലിൽ നിന്ന്. അവന്റെ സ്നേഹം നമ്മെ ശക്തീകരിക്കുന്നു.
- ജീവിതത്തിലെ എല്ലാ ഭയങ്ങളിൽ നിന്നും—ഭാവി, പരാജയം, കുറവുകൾ, പോരായ്മകൾ എന്നിവയെക്കുറിച്ചുള്ള ഭയത്തിൽനിന്നും. അവന്റെ തികഞ്ഞ സ്നേഹം എല്ലാ ഭയത്തെയും പുറത്താക്കുന്നു. (1 യോഹന്നാൻ 4:18)

നമ്മുടെ നിറവേറ്റപ്പെടാത്ത പ്രതീക്ഷകൾ അവന്റെ സ്നേഹത്തിൽ പൂർത്തീകരിക്കപ്പെടുന്നു.

നമ്മെ തകർത്തുകളഞ്ഞ ജീവിതത്തിലെ അപ്രതീക്ഷിതമായ, ഉത്തരങ്ങളില്ലാത്ത, അന്ധാളിപ്പിക്കുന്ന അനുഭവങ്ങളും സംഭവങ്ങളും അവന്റെ സ്നേഹത്തിന് മുമ്പിൽ നിസ്സാരമായി മാറുകയും അവന്റെ സ്നേഹത്താൽനാം പൂർണ്ണവിജയത്തോടെ എഴുന്നേൽക്കുകയും ചെയ്യുന്നു.

നമ്മുടെ തെറ്റുകളും മോശം തിരഞ്ഞെടുപ്പുകളും തീരുമാനങ്ങളും അവന്റെ സ്നേഹത്തിൽ ഉരുകിപ്പോകുകയും, തനിക്കു പ്രിയനായവനിൽ സമ്പൂർണ്ണമായി സ്വീകരിക്കപ്പെട്ടവരാണെന്ന ബോധ്യത്തോടെ ലജ്ജയില്ലാതെ നാം നിൽക്കുകയും ചെയ്യുന്നു.

അവന്റെ സ്നേഹം സ്വീകരിക്കുമ്പോൾ നമ്മെ ഭാരപ്പെടുത്തുന്ന എല്ലാറ്റിൽ നിന്നും നാം വിടുവിക്കപ്പെടുന്നു.

സുരക്ഷ, സ്വയമൂല്യം, പ്രസക്തി എന്നിവ മനുഷ്യന്റെ മൂന്ന് പ്രധാന വൈകാരിക ആവശ്യങ്ങളായി പൊതുവെ പറയപ്പെടുന്നു. നാം സ്നേഹത്തിൽ തികഞ്ഞവരാകുമ്പോൾ ഈ മൂന്നു കാര്യങ്ങളും-**സുരക്ഷ, സ്വയമൂല്യം, പ്രസക്തി**-പിതാവിന്റെ സ്നേഹത്തിൽ ഉറപ്പിക്കുവാൻ നമുക്ക് കഴിയും. നമ്മുടെ സുരക്ഷിതത്വം പിതാവിന്റെ സ്നേഹത്തിലാണ്. യാതൊന്നിനും നമ്മെ അവന്റെ സ്നേഹത്തിൽനിന്നും വേർപെടുവിക്കുവാൻ സാധിക്കുകയില്ല. നമ്മുടെ മൂല്യം പിതാവിന്റെ സ്നേഹത്തിലാണ്. നാം പ്രിയനായവനിലും ദൈവത്തിനു പ്രിയപ്പെട്ടവരുമാണ്. നമ്മുടെ പ്രസക്തി പിതാവിനു നമ്മോടുള്ള സ്നേഹത്തിലാണ്. ആത്മീയ മണ്ഡലത്തിൽ നമ്മുടെ സ്ഥാനം

ഉറപ്പുള്ളതാണ്. കാരണം അവൻ (യേശു) ഇരിക്കുന്നതുപോലെ നാമും ഈ ലോകത്തിൽ ആകുന്നു. (1 യോഹന്നാൻ 4:17)

ദൈവത്തിന് നിങ്ങളോടുള്ള സ്നേഹം അറിയുക, വിശ്വസിക്കുക, സ്വീകരിക്കുക, അതിൽ വസിക്കുക

1 യോഹന്നാൻ 4:16

ഇങ്ങനെ ദൈവത്തിനു നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു. ദൈവം സ്നേഹം തന്നെ; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു; ദൈവം അവനിലും വസിക്കുന്നു.

ദൈവത്തിനു നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു എന്ന് യോഹന്നാൻ ഇവിടെ എഴുതുന്നു. ദൈവം സ്നേഹമാണ്—അവനെ നാം അംഗീകരിക്കുകയും അവന്റെ സ്നേഹം സ്വീകരിക്കുകയും ചെയ്യുന്നു. നാം ദൈവത്തിന്റെ സ്നേഹത്തിൽ വസിക്കുന്നു. ദൈവത്തിന് നമ്മോടുള്ള സ്നേഹം നാം അറിയുകയും, വിശ്വസിക്കുകയും, സ്വീകരിക്കുകയും, അതിൽ വസിക്കുകയും വേണം.

അറിയുക

അറിയുക എന്നാൽ അറിവുണ്ടായിരിക്കുക, മനസ്സിലാക്കുക, പൂർണ്ണമായും ഗ്രഹിക്കുക, ഉറപ്പാക്കുക എന്നിവയാണ്. ഇതുവരെ ചിന്തിച്ച കാര്യങ്ങളിൽ പിതാവിന് നമ്മോടുള്ള സ്നേഹത്തെക്കുറിച്ചുള്ള സത്യം അവതരിപ്പിക്കുവാൻ നാം ശ്രമിച്ചിട്ടുണ്ട്. നാം തിരുവെഴുത്ത് വായിച്ചിട്ടുണ്ട്, പിതാവിന് നമ്മോടുള്ള സ്നേഹം നമുക്കറിയാം.

വിശ്വസിക്കുക

ഇനി നാം വിശ്വസിക്കണം. പിതാവിന്റെ സ്നേഹത്തിൽ നമുക്ക് വിശ്വാസമുണ്ടായിരിക്കണം, നമ്മെത്തന്നെ അതിൽ ഭരമേൽപ്പിക്കണം, അതിൽ ആശ്രയിക്കുവാൻ പ്രതിജ്ഞാബദ്ധരാകണം. ദൈവത്തിന് നമ്മോടുള്ള സ്നേഹത്തിൽ നാം വിശ്വസിക്കുന്നു. നാം ദൈവത്തിന്റെ വചനം വായിച്ചിട്ടുണ്ട്. അവന്റെ വചനം സത്യമാണ്. ദൈവത്തിന്റെ വചനം നമ്മോടുള്ള ദൈവത്തിന്റെ വലിയ സ്നേഹത്തെക്കുറിച്ച് നമ്മോട് നന്ന പറയുന്നില്ല. ക്രൂശ് നമ്മോടുള്ള ദൈവത്തിന്റെ വലിയ സ്നേഹത്തെക്കുറിച്ച് നമ്മോട് നന്ന പറയുന്നില്ല. പിതാവിന് നമ്മോടുള്ള സ്നേഹത്തിൽ നാം വിശ്വസിക്കുന്നു.

സ്വീകരിക്കുക—വ്യക്തിപരമായി അനുഭവിക്കുക

നാം വിശ്വസിക്കുമ്പോൾ, നമുക്ക് സ്വീകരിക്കുവാൻ കഴിയും, അതായത്, അത് നമ്മുടെ സ്വന്തമാക്കുവൻ കഴിയും. പിതാവിന് നമ്മോടുള്ള സ്നേഹം നാം വ്യക്തിപരമായി അനുഭവിക്കുന്നു. ദൈവം സ്നേഹമാണ്. ഇതാണ് അവൻ. അവൻ സ്നേഹമായതിനാൽ അവൻ നമ്മെ സ്നേഹിക്കുന്നു. പിതാവിന്റെ സ്നേഹം അനുഭവിക്കുവാൻ നമുക്ക് ലഭ്യമാകുന്നു. അവന്റെ സ്നേഹത്താൽ നമ്മെ ആലിംഗനം ചെയ്യുവാൻ നാം അവനെ അനുവദിക്കുന്നു.

അവൻ സ്നേഹമായതിനാൽ, അവൻ നിങ്ങളുടെ പിതാവായതിനാൽ, അവൻ നിങ്ങളെ സ്നേഹിക്കട്ടെ...

... നിങ്ങൾ അവന്റെ ഏറ്റവും നല്ല പൈതലായതുകൊണ്ടല്ല.
... നിങ്ങൾ അത് നേടിയതുകൊണ്ടല്ല.
... നിങ്ങൾ അവനുവേണ്ടി വളരെയധികം ചെയ്തതുകൊണ്ടല്ല.

അവന്റെ സ്നേഹം നിങ്ങൾക്ക് ലഭിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നതിനാൽ അവൻ നിങ്ങളെ സ്നേഹിക്കട്ടെ.

മുൻ അദ്ധ്യായത്തിൽ നാം കണ്ടതുപോലെ പൗലോസ് പ്രാർത്ഥിച്ചത് ഇതാണ്. ദൈവത്തിന് നമ്മോടുള്ള അളവറ്റ സ്നേഹം നാം വ്യക്തിപരമായ അനുഭവത്തിലൂടെ അറിയണം, തുടർന്ന്, പിതാവിന്റെ സ്നേഹത്തിൽ നാം ആഴത്തിൽ വേരുന്നിയവരും സുരക്ഷിതമായ അടിത്തറയുള്ളവരുമായിരിക്കണം.

എഫെസ്യർ 3:17–19 (ആംപ്ലിഫൈഡ് ബൈബിൾ ഇംഗ്ലീഷ് ബൈബിൾ)

[17]അങ്ങനെ നിങ്ങളുടെ വിശ്വാസത്തിലൂടെ ക്രിസ്തു നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കട്ടെ. നിങ്ങൾ സ്നേഹത്തിൽ [ആഴമായി] വേരുന്നിയവരും [സുരക്ഷിതമായി] അടിത്തറയിട്ടവരുമായി തീരട്ടെ,

[18]അവന്റെ സ്നേഹത്തിന്റെ വീതിയും നീളവും ഉയരവും ആഴവും എത്രയെന്ന് എല്ലാ വിശുദ്ധന്മാരോടും (ദൈവജനത്തോടും) കൂടെ പൂർണ്ണമായി ഗ്രഹിക്കുവാൻ [ആ അളവറ്റതകരവും അനന്തവുമായ സ്നേഹം പൂർണ്ണമായി അനുഭവിക്കുവാൻ] നിങ്ങൾക്ക് പൂർണ്ണ പ്രാപ്തിയുണ്ടാകട്ടെ;

[19]കേവലമായ അറിവിനും എത്രയോ അതീതമായ ക്രിസ്തുവിന്റെ സ്നേഹത്തെ [വ്യക്തിപരമായ അനുഭവത്തിലൂടെ, പ്രായോഗികമായി] നിങ്ങൾ തിരിച്ചറിയുവാനും, അങ്ങനെ ദൈവത്തിന്റെ എല്ലാ സമ്പൂർണ്ണതയാലും നിങ്ങൾ (നിങ്ങളുടെ അസ്തിത്വത്തിൽ മുഴുവനായി) നിറയപ്പെടുവാനും [അങ്ങനെ നിങ്ങളുടെ ജീവിതത്തിൽ

ദൈവസാന്നിധ്യത്തിന്റെ ഏറ്റവും സമ്പന്നമായ അനുഭവം ഉണ്ടാകുവാനും, ദൈവത്താൽ തന്നെ പൂർണ്ണമായി നിറഞ്ഞു കവിയുവാനും] ഇടയാകട്ടെ.

പിതാവിന്റെ സ്നേഹത്തിന്റെ വെളിപ്പാട് ലഭിക്കുമ്പോൾ നമ്മുടെ എല്ലാ വൈകാരിക ആവശ്യങ്ങളും നിറവേറപ്പെട്ട്, നാം പൂർണ്ണമായും സ്വീകരിക്കപ്പെട്ടതായി നാം മനസ്സിലാക്കുന്നു. പിതാവിന്റെ സ്നേഹം സ്വീകരിക്കുന്നത് ആഴത്തിലുള്ള വൈകാരിക സൗഖ്യം നൽകുകയും വൈകാരിക സമ്പൂർണ്ണതയുടെയും ക്ഷേമത്തിന്റെയും സ്ഥാനത്തേക്ക് നമ്മെ എത്തിക്കുകയും ചെയ്യുന്നു. അവന്റെ മകനോ മകളോ ആയിരിക്കുന്ന ഈ സ്ഥാനത്താണ് നാം നമ്മുടെ പൂർണ്ണമായ വ്യക്തിത്വം / സ്വത്വം കണ്ടെത്തുന്നത്.

വസിക്കുക/വിശ്രമിക്കുക—അവന്റെ സ്നേഹത്തിൽ വസിക്കുക, വേരുന്നിയവരായിരിക്കുക, സുരക്ഷിതമായി നിലകൊള്ളുക, നിശ്ശബ്ദരാകുക

1 യോഹന്നാൻ 4:16 (ദ മെസ്സേജ് ഇംഗ്ലീഷ് ബൈബിൾ)
ഇങ്ങനെ ദൈവത്തിനു നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു. ദൈവം സ്നേഹം തന്നെ; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു; ദൈവം അവനിലും വസിക്കുന്നു.

അവന്റെ സ്നേഹം അനുഭവിച്ചുകഴിഞ്ഞാൽ, നാം പിതാവിന് നമ്മോടുള്ള സ്നേഹത്തിൽ വസിക്കണം. വസിക്കുക എന്നാൽ തുടരുക, നിലനിൽക്കുക, സ്ഥിരതാമസമാക്കുക, വിശ്രമിക്കുക, വേരുന്നിയവരായിരിക്കുക, പിതാവിന്റെ സ്നേഹത്തിൽ സുരക്ഷിതമായി നിലകൊള്ളുക എന്നാണ്. ഇത് പിതാവിന്റെ സ്നേഹത്തിന്റെ അനുഭവത്തെ ഇടയ്ക്കിടെ സന്ദർശിക്കുകയോ ക്ലുടെക്കുടെയോ സന്ദർശിക്കുകയോ അതിലേക്കു വന്നും പോയും ഇരിക്കുകയോ ചെയ്യുന്നതിൽ നിന്നും വ്യത്യസ്തമാണ്. നാം പിതാവിന്റെ സ്നേഹത്തിൽ വസിക്കണം, വിശ്രമിക്കണം. പിന്നീട് നാം അവന്റെ സ്നേഹത്തിൽ വിശ്രമിക്കുകയോ വസിക്കുകയോ ചെയ്യുന്ന ആ സ്ഥാനത്തു നിന്നാണ് ജീവിക്കുന്നത്.

പിതാവിന്റെ സ്നേഹത്തിൽ നാം വിശ്രമിക്കുമ്പോൾ, യാതൊന്നും നമ്മെ അലട്ടുവാൻ നാം അനുവദിക്കില്ല. യാതൊന്നും നമ്മെ കുലുക്കുകയില്ല. കൊടുങ്കാറ്റുകൾ വരും. ശക്തമായ കാറ്റ് വീശും. തിരമാലകൾ ഉയർന്നു വന്നേക്കാം. വെല്ലുവിളികൾ നിറഞ്ഞ

സന്ദർഭങ്ങളും സാഹചര്യങ്ങളും വന്നേക്കാം, എന്നാൽ നാം അവന്റെ സ്നേഹത്തിൽ വിശ്രമിക്കുന്നു. അവന്റെ സ്നേഹം നിമിത്തം നമ്മെ ജയാളികളേക്കാൾ മികച്ചവരാക്കി മാറ്റുന്ന ആ സ്ഥാനത്താണ് നാം.

അവന്റെ സ്നേഹത്തിൽ നാം വിശ്രമിക്കുമ്പോൾ, ആളുകൾ നമ്മെ ആക്രമിച്ചേക്കാം. അവർ നമ്മെ അപകീർത്തിപ്പെടുത്തുകയോ, വ്യാജമായി കുറ്റപ്പെടുത്തുകയോ, എതിർക്കുകയോ, തടസ്സപ്പെടുത്തുകയോ ചെയ്തേക്കാം, പക്ഷേ ഇവയൊന്നിനാലും നാം കുലുങ്ങുകയില്ല. പ്രതികാരം ചെയ്യുവാനോ, സ്വയം പ്രതിരോധിക്കുവാനോ പോലും നാം ആഗ്രഹിക്കുന്നില്ല. നാം അവന്റെ സ്നേഹത്തിൽ സ്ഥിരമായി വസിക്കുന്നു. നാം സ്നേഹത്തോടെ പ്രതികരിക്കുന്നു. സ്നേഹം എന്ത് ചെയ്യുമോ അത് നാം ചെയ്യുന്നു.

സെഫന്യാവ് 3:17
നിന്റെ ദൈവമായ യഹോവ രക്ഷിക്കുന്ന വീരനായി നിന്റെ മധ്യേ ഇരിക്കുന്നു;
അവൻ നിന്നിൽ അത്യന്തം സന്തോഷിക്കും;
തന്റെ സ്നേഹത്തിൽ അവൻ മിണ്ടാതിരിക്കുന്നു;
ഘോഷത്തോടെ അവൻ നിങ്കൽ ആനന്ദിക്കും.

ദൈവം തന്റെ സ്നേഹത്താൽ നമ്മെ ശാന്തരാക്കുന്നു. കരയുന്ന ഒരു കുട്ടിയെ സങ്കൽപ്പിക്കുക. മാതാപിതാക്കൾ കുട്ടിയെ കൈകളിൽ എടുത്ത്, കെട്ടിപ്പിടിച്ച്, കുഞ്ഞിനെ ശാന്തരാക്കുന്നു, താമസിയാതെ കുട്ടി സമാധാനത്തോടെ ഉറങ്ങുന്നു. സമാനമായ രീതിയിൽ, ദൈവം നമ്മെ ശാന്തരാക്കുന്നു, നിശ്ചലരാക്കുന്നു, നമ്മെ വിശ്രമിക്കുവാൻ ഇടയാക്കുന്നു. നമ്മോടുള്ള അവന്റെ തകർക്കുവാനാവാത്ത, അനന്യമായ, അളക്കുവാനാവാത്ത സ്നേഹത്തെക്കുറിച്ച് അവൻ നമുക്ക് ഉറപ്പുനൽകുന്നു. ദൈവാത്മാവിനാൽ നമുക്ക് നൽകപ്പെട്ട പിതാവിന്റെ സ്നേഹത്തിന്റെ ഉറപ്പ് നമ്മുടെ ആത്മാക്കളെ കീഴടക്കുന്നു. നാം അവന്റെ സ്നേഹത്താൽ ശാന്തരാക്കപ്പെടുന്നു.

അവന്റെ സ്നേഹത്തിൽ വിശ്രമിക്കുവാനും അവന് നമ്മോടുള്ള സ്നേഹത്തിൽ ജീവിക്കുവാനും നാം പഠിക്കണം. അടുത്ത അദ്ധ്യായത്തിൽ, അവന്റെ സ്നേഹത്തിൽ വസിക്കുക എന്നതിന്റെ അർത്ഥമെന്താണെന്ന് കൂടുതൽ വിശദമായി നാം പരിശോധിക്കും.

പിതാവിന്റെ സ്നേഹം സ്വീകരിക്കുവാനും അനുഭവിക്കുവാനുമുള്ള പ്രാർത്ഥന

പ്രിയ സ്വർഗ്ഗീയ പിതാവേ,

നിന്റെ മഹാസ്നേഹത്തിന്റെ ഉറപ്പ് എന്റെ ഹൃദയത്തിൽ നിറയ്ക്കേണമേ. നിന്റെ സ്നേഹത്താൽ എന്നെ പുതപ്പിക്കേണമേ, പൊതിയേണമേ. ഇപ്പോൾത്തന്നെ, നിനക്ക് എന്നോടുള്ള മഹാസ്നേഹം വ്യക്തിപരമായി തൊട്ടറിയുന്ന ഒരു കണ്ടുമുട്ടലിന്റെ അനുഭവം എനിക്കു നൽകണമേ. പരിശുദ്ധാത്മാവേ, പിതാവിന്റെ സ്നേഹം പുതുതായി എന്നിലേക്ക് പകരണമേ. ദൈവത്തിന്റെ സ്നേഹം എന്റെ ഹൃദയത്തിലും മനസ്സിലും ഇച്ഛയിലും വികാരങ്ങളിലും നിറഞ്ഞൊഴുകട്ടെ. എന്റെ ആത്മാവിലെ മുറിവുകളിൽ നിന്റെ സ്നേഹം പകർന്ന് എന്നെ സൌഖ്യമാക്കേണമേ. എന്നെ പൂർണ്ണനാക്കേണമേ.

എല്ലാ വേദനകളും ദുഃഖങ്ങളും നിഷേധാത്മകമായ വികാരങ്ങളും കഴുകി കളയേണമേ. എല്ലാ കുറ്റബോധവും ലജ്ജയും തിരസ്കരണങ്ങളും ഒറ്റപ്പെടുവെന്നും ഉപേക്ഷിക്കപ്പെടുവെന്നുമുള്ള തോന്നലുകളും നിന്റെ സ്നേഹത്താൽ കഴുകി കളയേണമേ. ഭാവിയെക്കുറിച്ചുള്ള പേടിയും പരാജയഭീതിയും സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനുമുള്ള ഭയവും മറ്റുള്ളവരെ വിശ്വസിക്കുവാനുള്ള ഭയവും കഴുകിക്കളയേണമേ.

പിതാവിന്റെ സ്നേഹം എന്റെ അഹങ്കാരത്തെയും സ്വാശ്രയത്തെയും, നിന്റെ സ്നേഹം അനുഭവിക്കുന്നതിന് തടസ്സമായി ഞാൻ തീർത്ത വൈകാരിക പ്രതിരോധ മതിലുകളെയും പൊളിക്കേണമേ.

എന്റെ ബന്ധനങ്ങളിൽ നിന്ന് എന്നെ മോചിപ്പിക്കേണമേ—പ്രവർത്തിച്ചും പരിശ്രമിച്ചും സ്നേഹവും സ്വീകാര്യതയും നേടാൻ ശ്രമിക്കുന്ന ബന്ധനങ്ങളിൽനിന്നും—നിന്റെ അളവറ്റതും പരിധിയില്ലാത്തതും നിരുപാധികവും മാറ്റാനാവാത്തതുമായ സ്നേഹം സ്വീകരിക്കുന്നതിലേയ്ക്ക് എന്നെ മോചിപ്പിക്കേണമേ.

നിന്റെ സ്നേഹത്താൽ എന്നെ ശാന്തനാക്കേണമേ. നിന്റെ സ്നേഹത്തിൽ വസിക്കുവാൻ എന്നെ ഇടയാക്കേണമേ. എന്റെ പിതാവിന്റെ ആലിംഗനം ഞാൻ സ്വീകരിക്കുന്നു.

യേശുവിന്റെ നാമത്തിൽ, ആമേൻ.

ചിന്തയ്ക്കായി



1) ദൈവീക സ്നേഹത്തിന്റെ, ദൈവത്തിന് നമ്മോടുള്ള സ്നേഹത്തിന്റെ, വിവരണമായി 1 കൊരിന്ത്യർ 13:4-8 വിചിന്തനം ചെയ്യുക. പിതാവിന് നിങ്ങളോടുള്ള വ്യക്തിപരമായ സ്നേഹത്തിന്റെ വിവരണമായി ഇത് എഴുതുക.
2) യോഹന്നാൻ 17:23,26 വിചിന്തനം ചെയ്യുക. ദൈവത്തിന് പ്രിയനായിരിക്കുന്ന യേശുവിനെ സ്നേഹിക്കുന്ന അതേ രീതിയിൽ പിതാവ് നിങ്ങളെയും സ്നേഹിക്കുന്നു. നിങ്ങൾക്ക് വ്യക്തിപരമായി ഇത് എന്താണ് അർത്ഥമാക്കുന്നത്?
3) റോമർ 8:35-37 വിചിന്തനം ചെയ്യുക. ഈ കാര്യങ്ങളിലെല്ലാം നമ്മൾ പൂർണ്ണജയം പ്രാപിക്കുന്നത് അഥവാ ജേതാക്കളേക്കാൾ അധികമായിരിക്കുന്നത് എന്തുകൊണ്ട്? ജീവിത സാഹചര്യങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടിനെ ഇത് എങ്ങനെ ബാധിക്കുന്നു?
4) ആംപ്ലിഫൈഡ് ബൈബിളിൽ നിന്ന് 1 യോഹന്നാൻ 4:17,18 നോക്കുക, അവന്റെ സ്നേഹം നമ്മിൽ പൂർണ്ണമാക്കുക എന്നതിന്റെ അർത്ഥമെന്താണെന്ന് ചർച്ച ചെയ്യുക. അവന്റെ സ്നേഹം നമ്മിൽ പൂർണ്ണമാക്കപ്പെടുന്ന ആ സ്ഥാനത്ത് നമുക്ക് എങ്ങനെ എത്തിച്ചേരാനാകും? ഇത് നമ്മെ എങ്ങനെ ബാധിക്കും?

5
പിതാവിന്റെ സ്നേഹത്തിൽ വസിക്കുക

പിതാവിന്റെ സ്നേഹത്തെ ഏറ്റുപറയുക—"എന്റെ പിതാവ് എന്നെ സ്നേഹിക്കുന്നു"

യേശുവിന് തന്റെ പിതാവുമായുള്ള ബന്ധം എപ്രകാരമായിരുന്നുവെന്ന് പരിശോധിക്കുന്നത് അതിശയകരമാണ്. പിതാവിന് തന്നോടുള്ള സ്നേഹത്തെ കർത്താവായ യേശു പലപ്പോഴും ഉറപ്പിച്ചു പറയുകയും അംഗീകരിക്കുകയും ചെയ്തിരുന്നു. യേശുവിനോടുള്ള സ്നേഹം നിമിത്തം പിതാവ് എന്താണ് ചെയ്തുകൊണ്ടിരിക്കുന്നതെന്നും അവൻ തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്തിരുന്നു.

യോഹന്നാൻ 3:35
പിതാവ് പുത്രനെ സ്നേഹിക്കുന്നു; സകലവും അവന്റെ കൈയിൽ കൊടുത്തുമിരിക്കുന്നു.

പിതാവ് സകലവും യേശുവിന്റെ കയ്യിൽ ഏല്പിച്ചിരുന്നു.

യോഹന്നാൻ 5:20
പിതാവ് പുത്രനെ സ്നേഹിക്കയും താൻ ചെയ്യുന്നതൊക്കെയും അവനു കാണിച്ചുകൊടുക്കയും ചെയ്യുന്നു; നിങ്ങൾ ആശ്ചര്യപ്പെടുമാറ് ഇവയിൽ വലിയ പ്രവൃത്തികളും അവനു കാണിച്ചുകൊടുക്കും.

പിതാവ് താൻ ചെയ്യുന്ന കാര്യങ്ങൾ യേശുവിന് വെളിപ്പെടുത്തിക്കൊണ്ടിരുന്നു, ഇനിയും വലിയ കാര്യങ്ങൾ വെളിപ്പെടുത്തുകയും ചെയ്യുമായിരുന്നു.

യോഹന്നാൻ 17:24
"പിതാവേ, നീ ലോകസ്ഥാപനത്തിനു മുമ്പേ എന്നെ സ്നേഹിച്ചിരിക്കകൊണ്ട് എനിക്കു നല്കിയ മഹത്വം നീ എനിക്കു തന്നിട്ടുള്ളവർ കാണേണ്ടതിനു ഞാൻ ഇരിക്കുന്ന ഇടത്ത് അവരും എന്നോടുകൂടെ ഇരിക്കേണം എന്ന് ഞാൻ ഇച്ഛിക്കുന്നു."

പിതാവ് തന്നെ സ്നേഹിക്കുന്നു എന്ന ഉറപ്പോടെയാണ് യേശു തന്റെ ആഗ്രഹം പിതാവിനോട് പ്രാർത്ഥിച്ചത്.

യോഹന്നാൻ 10:17
"എന്റെ ജീവനെ വീണ്ടും പ്രാപിക്കേണ്ടതിന് ഞാൻ അതിനെ കൊടുക്കുന്നതുകൊണ്ട് പിതാവ് എന്നെ സ്നേഹിക്കുന്നു."

ഇതിന് പ്രതികരണമായി, പിതാവിന്റെ ഇഷ്ടം നിറവേറ്റുവാൻ

യേശു അനുസരണത്തോടെ നടന്നു.

യേശുവിനെ സ്നേഹിക്കുന്ന അതേ രീതിയിലും അളവിലും പിതാവ് നമ്മെയും സ്നേഹിക്കുന്നു. പിതാവ് നമ്മെ സ്നേഹിക്കുന്നു, അതുകൊണ്ട് ഈ ഭൂമിയിൽ അവന്റെ രാജ്യത്തിന്റെ ദൗത്യങ്ങൾ നമ്മെ ഏല്പിക്കുന്നു. പിതാവ് നമ്മെ സ്നേഹിക്കുന്നു, അവൻ നമ്മിലൂടെ ചെയ്യുവാൻ ആഗ്രഹിക്കുന്നതും അതിലും വലിയതുമായ കാര്യങ്ങൾ നമുക്ക് വെളിപ്പെടുത്തിത്തരുന്നു. പിതാവ് നമ്മെ സ്നേഹിക്കുന്നു, നമ്മുടെ പ്രാർത്ഥനകൾ കേൾക്കുന്നു. യേശു ചെയ്തതുപോലെ നമ്മളും പിതാവിന്റെ സ്നേഹത്തെ ഏറ്റുപറയുകയും ഉറപ്പിക്കുകയും വേണം.

എന്റെ സ്നേഹത്തിൽ വസിക്കുവിൻ

യോഹന്നാൻ 15:9,10

[9]പിതാവ് എന്നെ സ്നേഹിക്കുന്നതുപോലെ ഞാനും നിങ്ങളെ സ്നേഹിക്കുന്നു; എന്റെ സ്നേഹത്തിൽ വസിപ്പിൻ.

[10]ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ച് അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും.

തന്റെ സ്നേഹത്തിൽ വസിക്കുവാൻ കർത്താവായ യേശു നമ്മെ ക്ഷണിച്ചു. താൻ പിതാവിന്റെ സ്നേഹത്തിൽ വസിക്കുന്നുവെന്നും അവൻ പ്രസ്താവിച്ചു. പിതാവിന്റെ സ്നേഹത്തിൽ വസിച്ചുകൊണ്ടായിരുന്നു യേശു ഭൂമിയിലെ തന്റെ ജീവിതം നയിച്ചത്.

നാം മുൻ അദ്ധ്യായത്തിൽ സൂചിപ്പിച്ചതുപോലെ, "വസിക്കുക" (to abide) എന്നാൽ "വിശ്രമിക്കുക, വസിക്കുക, സ്ഥിരവാസമാക്കുക, നിലനിൽക്കുക, തുടരുക" എന്നൊക്കെയാണ് അർത്ഥം. അത് ആഴത്തിൽ വേരുന്നിയതും ഉറപ്പായി സ്ഥാപിക്കപ്പെട്ടതും സുരക്ഷിതമായ അടിത്തറയുള്ളതും ആയതിനെ സൂചിപ്പിക്കുന്നു. അവന്റെ സ്നേഹത്താൽ നാം ശാന്തരാക്കപ്പെടുന്ന ഇടമാണത്. നാം എന്തിലാണോ വസിക്കുന്നത്, "അതിൽ നിന്ന് ജീവിക്കുക," "ജീവൻ ഉൾക്കൊള്ളുക, അതിൻമൂലം ജീവിക്കുക" എന്നും ഇതിന് അർത്ഥമുണ്ട്.

ഈ ഉദാഹരണം ശ്രദ്ധിക്കുക:

യോഹന്നാൻ 6:56,57,63

[56]എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു.

[57]ജീവനുള്ള പിതാവ് എന്നെ അയച്ചിട്ടു ഞാൻ പിതാവിനാലം ജീവിക്കുന്നതുപോലെ എന്നെ തിന്നുന്നവൻ എനാലം ജീവിക്കും.
[63]ജീവിപ്പിക്കുന്നത് ആത്മാവ് ആകുന്നു; മാംസം ഒന്നിനും ഉപകരിക്കുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.

"എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കയും ചെയ്യുക" (യോഹന്നാൻ 6:56) എന്നാൽ യേശുവിനെ ആഹരിക്കുക എന്നാണ് അർത്ഥം. യേശുവിനെ ആഹരിക്കുന്നവൻ യേശുവിൽ വസിക്കുന്നു. അതിനാൽ അങ്ങനെയുള്ളവർ അവൻമൂലവും അവനിൽനിന്നും ജീവിക്കുന്നു. ഇവിടെ മാംസത്തെയും രക്തത്തെയും കുറിച്ച് പറഞ്ഞപ്പോൾ യേശു ആത്മീയ കാര്യങ്ങളെ ഉദ്ദേശിച്ചാണ് സംസാരിച്ചത്—ജീവൻ നൽകുന്ന ആത്മാവിനെയും താൻ സംസാരിച്ച ജീവനുള്ള വചനങ്ങളെയും സംബന്ധിച്ച കാര്യങ്ങൾ.

അതുകൊണ്ട്, പിതാവിന്റെ സ്നേഹത്തിൽ വസിക്കുക എന്നാൽ അവന്റെ സ്നേഹത്തിൽ വിശ്രമിക്കുകയും ആ സ്നേഹം നിമിത്തം ജീവിക്കുകയും ചെയ്യുക എന്നാണ്. നാം എല്ലായ്പ്പോഴും പിതാവിന്റെ സ്നേഹത്തിൽ വസിക്കേണ്ടതാണ്. അതായത് , അവന്റെ സ്നേഹത്തിൽ വസിക്കുകയും അവന്റെ സ്നേഹത്തിൽനിന്നു ജീവിക്കുകയും ചെയ്യുക.

പിതാവിന്റെ സ്നേഹത്തിൽ വിശ്രമിച്ച് അതിൽ നിന്ന് ജീവിക്കുക

2 കൊരിന്ത്യർ 13:14
കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളെല്ലാവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

പൗലോസിന്റെ ആശീർവാദത്തിലെ ഈ വാചകം ദൈവത്തിന്റെ സ്നേഹം വിശ്വാസികളോടുകൂടെ ഇരിക്കട്ടെ എന്നാണ്. ഇത് സൂചിപ്പിക്കുന്നത് ദൈവസ്നേഹത്തിന്റെ അനുഭവം നൈമിഷികമായ ഒരു കാര്യമല്ല എന്നാണ്. അത് തുടർച്ചയായി, വർത്തമാനകാലത്തിൽ, നിമിഷം പ്രതി അനുഭവിക്കേണ്ട അവന്റെ സ്നേഹത്തിന്റെ അനുഭവമാണ്. ദൈനംദിന ജീവിതത്തിൽ പിതാവിന്റെ സ്നേഹം നിരന്തരം അനുഭവിച്ചുകൊണ്ട് വേണം നാം ജീവിക്കുവാൻ.

പരിധികളും ഉപാധികളും ഇല്ലാതെ പിതാവ് നമ്മെ സ്നേഹിക്കുന്നുണ്ടെന്ന ബോധ്യത്തിൽ നാം അനുദിനം ജീവിക്കുന്നു. പിതാവിന്റെ സ്നേഹം എപ്പോഴും നമ്മോടൊപ്പവും, നമുക്കുവേണ്ടിയും നമ്മോടും ഉള്ളതിനാൽ തന്റെ പ്രിയ മകനോ മകളോ എന്ന പോലെ

നമുക്ക് ജീവിക്കാം. പ്രിയനായവനിൽ ഉള്ളവരെപ്പോലെ, ദൈവത്തിന്റെ പ്രിയരായി നാം ജീവിക്കുന്നു. അവന്റെ മക്കളെന്ന നമ്മുടെ വ്യക്തിത്വത്തിൽ നിന്നുകൊണ്ടു നാം ജീവിക്കുന്നു. പുത്രത്വത്തിന്റെ മനോഭാവത്തിൽ നിന്ന് നാം ജീവിക്കുന്നു.

പിതാവിന്റെ സ്നേഹത്തിൽ വസിക്കുക (വിശ്രമിക്കുക) എന്നതിന്റെയും അവന്റെ സ്നേഹത്തിൽ വസിക്കുന്ന സ്ഥാനത്ത് നിന്ന് ജീവിക്കുക എന്നതിന്റെയും അർത്ഥമെന്താണ്? പ്രായോഗികമായി ഇത് എങ്ങനെ കാണപ്പെടുന്നു? പിതാവിന്റെ സ്നേഹത്തിൽ വിശ്രമിക്കുകയും പിതാവിന്റെ സ്നേഹത്തിൽ നിന്ന് ജീവിക്കുകയും ചെയ്യുന്ന ഒരു വ്യക്തി ദൈനംദിന ജീവിതത്തിൽ എങ്ങനെ നടക്കുകയും പെരുമാറുകയും ചെയ്യും?

അപ്പോസ്തലനായ യോഹന്നാൻ തന്നെത്തന്നെ *"യേശു സ്നേഹിച്ച ശിഷ്യൻ"* (യോഹന്നാൻ 20:2; യോഹന്നാൻ 21:7,20) എന്ന് വിശേഷിപ്പിച്ചു. അതിനാൽ, കർത്താവിന് അവനോടുള്ള സ്നേഹം അവൻ വ്യക്തിപരമായി സ്വീകരിക്കുകയും അനുഭവിക്കുകയും ചെയ്തു. യോഹന്നാൻ തന്റെ ആദ്യ ലേഖനത്തിൽ ദൈവസ്നേഹത്തെക്കുറിച്ച് ധാരാളം എഴുതുകയും ദൈവസ്നേഹത്തിൽ വസിക്കുന്നതിന്റെ പ്രായോഗിക വശം വിശദീകരിക്കുകയും ചെയ്യുന്നു. ഇത് അഞ്ച് ലളിതമായ പ്രസ്താവനകളിലൂടെ ഇവിടെ സംഗ്രഹിച്ചിരിക്കുന്നു.

1) പിതാവിന്റെ സ്നേഹത്തിൽ നാം വസിക്കുമ്പോൾ, വിദ്വേഷത്തിന് സ്ഥാനമില്ല

1 യോഹന്നാൻ 2:9-11

[9]വെളിച്ചത്തിൽ ഇരിക്കുന്നു എന്നു പറകയും സഹോദരനെ പകയ്ക്കയും ചെയ്യുന്നവൻ ഇന്നയോളം ഇരുട്ടിൽ ഇരിക്കുന്നു.

[10]സഹോദരനെ സ്നേഹിക്കുന്നവൻ വെളിച്ചത്തിൽ വസിക്കുന്നു; ഇടർച്ചയ്ക്ക് അവനിൽ കാരണമില്ല.

[11]സഹോദരനെ പകയ്ക്കുന്നവനോ ഇരുട്ടിൽ ഇരിക്കുന്നു; ഇരുട്ടിൽ നടക്കയും ചെയ്യുന്നു. ഇരുട്ട് അവന്റെ കണ്ണു കുരുടാക്കുകയാൽ എവിടേക്കു പോകുന്നു എന്ന് അവൻ അറിയുന്നില്ല.

(1 യോഹന്നാൻ 3:14,15; 1 യോഹന്നാൻ 4:20,21 എന്നിവയും കാണുക)

യോഹന്നാൻ തന്റെ ലേഖനത്തിൽ ഇത് പലതവണ ആവർത്തിക്കുന്നു. നാം പിതാവിന്റെ സ്നേഹത്തിൽ വസിക്കുകയും

അതിൽ ജീവിക്കുകയും ചെയ്യുമ്പോൾ, നമ്മുടെ ജീവിതത്തിൽ നിന്ന് വിദ്വേഷം (വെറുപ്പ്) അകറ്റി നിർത്താൻ നാം വളരെ ശ്രദ്ധാലുക്കളാണ്. ആരോടുമുള്ള വിദ്വേഷം നമ്മിൽ വസിക്കുവാൻ നാം അനുവദിക്കുകയില്ല. വിദ്വേഷം അപകടകരമാണ്. നമ്മുടെ ഹൃദയങ്ങളിൽ മറ്റൊരു സഹോദരനോടുള്ള വെറുപ്പുണ്ടെങ്കിൽ, നമ്മൾ വെളിച്ചത്തിൽ നടക്കുകയാണെന്ന് അവകാശപ്പെട്ടാലും, നമ്മൾ അന്ധരും ഇരുട്ടിൽ നടക്കുന്നവരുമാണ്. നമ്മൾ എവിടേക്കാണ് പോകുന്നതെന്ന് നമുക്കറിയില്ല, പുരോഗതി കൈവരിക്കുവാൻ നാം പരാതി നടക്കും, എന്നാൽപകരം നമ്മൾ ഇടറി വീഴും. (1 യോഹന്നാൻ 2:9-11)

ആളുകൾ നമ്മോട് തെറ്റ് ചെയ്യുന്നത് തടയുവാൻ നമുക്ക് കഴിയുകയില്ല, പക്ഷേ നമുക്ക് അവരോടു ഇടർച്ചയുണ്ടാകാതെ നമുക്ക് നോക്കുവാൻ കഴിയും. ആളുകൾ പറയുന്നതും ചെയ്യുന്നതുമായ ചില കാര്യങ്ങൾ നമ്മെ വേദനിപ്പിക്കും, പക്ഷേ അത് അവഗണിക്കുവാനും ആ വേദന കൊണ്ടുനടക്കാതിരിക്കുവാനും നമുക്ക് തിരഞ്ഞെടുക്കാം. സാധാരണയായി ഇടർച്ചകളും വിഷമങ്ങളും മനസ്സിൽ നാളുകളായി കിടന്നു ഒടുവിൽ വെറുപ്പായി മാറുന്നു. വെറുപ്പ് നമ്മെ അന്ധരാക്കുകയും ഇരുട്ടിലേയ്ക്ക് തള്ളിവിടുകയും ചെയ്യുന്നു. എന്നിരുന്നാലും, നാം പിതാവിന്റെ സ്നേഹത്തിൽ വസിക്കുകയും ജീവിക്കുകയും ചെയ്യുമ്പോൾ, ഇടർച്ചകൾക്കും വിഷമങ്ങൾക്കും നമ്മിൽ ഒരു സ്ഥാനവും ഇല്ല.

2) പിതാവിന്റെ സ്നേഹത്തിൽ നാം വസിക്കുമ്പോൾ, പീഡനം / ഉപദ്രവം നമ്മെ ഭയപ്പെടുത്തുന്നില്ല, വിശുദ്ധി നമ്മുടെ ജീവിതരീതിയാണ്

1 യോഹന്നാൻ 3:1-3,13

[1]കാൺമിൻ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവ് നമുക്ക് എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു; അങ്ങനെതന്നെ നാം ആകുന്നു. ലോകം അവനെ അറിഞ്ഞിട്ടില്ലായ്കകൊണ്ടു നമ്മെയും അറിയുന്നില്ല

[2]പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നത് ആകും എന്ന് ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെതന്നെ കാണുന്നതാകകൊണ്ട് അവനോടു സദൃശന്മാർ ആകും എന്നു നാം അറിയുന്നു.

[3]അവനിൽ ഈ പ്രത്യാശയുള്ളവൻ എല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെത്തന്നെ നിർമ്മലീകരിക്കുന്നു.

[13]സഹോദരന്മാരേ, ലോകം നിങ്ങളെ പകയ്ക്കുന്നു എങ്കിൽ ആശ്ചര്യപ്പെടരുത്.

നമ്മെ തന്റെ സ്വന്തം മക്കളാക്കുന്നതിലുള്ള ദൈവത്തിന്റെ അതിശക്തവും നിസ്സീമവുമായ സ്നേഹത്തെക്കുറിച്ച് യോഹന്നാൻ പ്രഖ്യാപിച്ചു. എന്നാൽ, ദൈവത്താൽ ഇത്രയധികം സ്നേഹിക്കപ്പെടുന്നതിനാൽ, നാം ചില കാര്യങ്ങൾക്കായി ഒരുക്കമുള്ളവരായിരിക്കണം...

- ലോകം നമ്മെ തിരിച്ചറിയില്ല; നമ്മെ വെറുത്തേക്കാം,
- അവൻ നിർമ്മലനായിരിക്കുന്നതുപോലെ നാം നമ്മെത്തന്നെ ശുദ്ധീകരിക്കുന്നു.

പിതാവിന്റെ സ്നേഹത്തിൽ വസിക്കുകയും ജീവിക്കുകയും ചെയ്യുമ്പോൾ, ലോകം നമ്മെ ദൈവമക്കളായി അംഗീകരിക്കുന്നില്ലെന്ന് നാം ഭയപ്പെടുന്നില്ല. ലോകം നമ്മെ വെറുക്കുകയും പീഡിപ്പിക്കുകയും ചെയ്തേക്കാമെന്നതിനെ നാം ഭയപ്പെടുന്നില്ല.

നാം അവന്റെ മക്കളായതിനാൽ, കർത്താവ് പ്രത്യക്ഷനാകുമ്പോൾ, നാം അവനെപ്പോലെയാകുമെന്ന് നമുക്കറിയാം. ഈ അത്ഭുതകരമായ പ്രത്യാശ നമുക്കുണ്ട്. ഈ പ്രത്യാശ നിമിത്തം, നമ്മുടെ ജീവിതത്തെ നിർമ്മലീകരിക്കുവാൻ നാം തിരഞ്ഞെടുക്കുന്നു. അതിനാൽ, പിതാവിനു നമ്മോടുള്ള സ്നേഹത്തിൽ വസിക്കുകയും ജീവിക്കുകയും ചെയ്യുന്ന വ്യക്തികൾ എന്ന നിലയിൽ, വിശുദ്ധി ഒരു ജീവിതരീതിയാണ്. അവന്റെ സ്നേഹം നമ്മെ വിശുദ്ധിയിലേക്ക് ആകർഷിക്കുകയും പിതാവിന് പ്രസാദമല്ലാത്തതെന്തും തിരസ്കരിക്കുകയും ചെയ്യുന്നു.

3) പിതാവിന്റെ സ്നേഹത്തിൽ നാം വസിക്കുമ്പോൾ, നാം ത്യാഗം ചെയ്യുകയും പങ്കുവെക്കുകയും ചെയ്യുന്നു

1 യോഹന്നാൻ 3:16-18

[16]അവൻ നമുക്കുവേണ്ടി തന്റെ പ്രാണനെ വച്ചുകൊടുത്തതിനാൽ നാം സ്നേഹം എന്തു എന്ന് അറിഞ്ഞിരിക്കുന്നു; നാമും സഹോദരന്മാർക്കുവേണ്ടി പ്രാണനെ വച്ചുകൊടുക്കേണ്ടതാകുന്നു.

[17]എന്നാൽ ഈ ലോകത്തിലെ വസ്തുവക ഉള്ളവൻ ആരെങ്കിലും തന്റെ സഹോദരനു മുട്ടുള്ളതു കണ്ടിട്ട് അവനോടു മനസ്സലിവു കാണിക്കാഞ്ഞാൽ ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും?

[18]കുഞ്ഞുങ്ങളേ, നാം വാക്കിനാലും നാവിനാലും അല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നെ സ്നേഹിക്കുക.

യേശു നമുക്കുവേണ്ടി തന്റെ ജീവൻ വെച്ചുകൊടുത്തതുകൊണ്ട്

അതിലൂടെയും അതിലുമാണ് നമുക്ക് പിതാവിന്റെ സ്നേഹം മനസ്സിലാക്കുവാനും അനുഭവിക്കുവാനും അറിയുവാനും കഴിയുന്നത്. ഇത് മറ്റുള്ളവർക്കുവേണ്ടിയും അപ്രകാരം തന്നെ ചെയ്യുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. നാം മറ്റുള്ളവർക്കുവേണ്ടി നമ്മുടെ ജീവൻ വെച്ചുകൊടുക്കുന്നു. മറ്റുള്ളവരുടെ പ്രയോജനത്തിനായി നാം ത്യാഗം ചെയ്യുന്നു. ഇത് പ്രായോഗികമായ രീതിയിൽ കാണപ്പെടുന്നത്, *"പ്രവൃത്തിയിലും സത്യത്തിലും"* (1 യോഹന്നാൻ 3:18), മറ്റുള്ളവരുടെ ഭൗതിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി നാം കൊടുക്കുകയും പങ്കിടുകയും ചെയ്യുകൊണ്ടാണ്.

ഇതിനെ സംബന്ധിച്ച് അപ്പോസ്തലനായ പൗലോസ് തന്റെ സ്വന്തം ശുശ്രൂഷയെ ഈ വാക്കുകളിൽ പ്രകടമാകുന്നു.

2 കൊരിന്ത്യർ 5:14,15

[14]ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു; എല്ലാവർക്കുംവേണ്ടി ഒരുവൻ മരിച്ചിരിക്കെ,

[15]എല്ലാവരും മരിച്ചു എന്നും ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല തങ്ങൾക്കുവേണ്ടി മരിച്ച് ഉയിർത്തവനായിട്ടുതന്നെ ജീവിക്കേണ്ടതിന് അവൻ എല്ലാവർക്കുംവേണ്ടി മരിച്ചു എന്നും ഞങ്ങൾ നിർണയിച്ചിരിക്കുന്നു.

ദൈവസ്നേഹത്താൽ പ്രേരിതരും പ്രചോദിതരും, ഉത്തേജിതരും, നിർബന്ധിതരുമായി നാം പ്രവൃത്തിയുള്ളവരായി ജീവിക്കുന്നു. യേശുക്രിസ്തുവിന്റെ മാതൃകയിലൂടെ നാം ജീവിതത്തെ നോക്കുന്നു. നമുക്കുവേണ്ടി അവൻ ജീവൻ വെടിഞ്ഞു. അതിനാൽ, നാമും ഇനി നമുക്കുവേണ്ടിയല്ല, യേശുവിനു വേണ്ടിയാണ് ജീവിക്കുന്നത്.

യോഹന്നാൻ 15:12,13

[12]ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നാകുന്നു എന്റെ കല്പന.

[13]സ്നേഹിതന്മാർക്കുവേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല.

ഒരുവന്റെ ജീവൻ നൽകുന്നതാണ് സ്നേഹത്തിന്റെ ഏറ്റവും വലിയ പ്രകടനം. യേശു ഇത് തെളിയിച്ചു. കുരിശിൽ സ്വന്തം ജീവൻ നൽകി. പ്രായോഗികമായി, നമ്മിൽ ചിലർക്ക് സ്വജീവൻ നൽകിക്കൊണ്ട് മരണത്തെ നേരിടേണ്ടി വന്നേക്കാം. മറ്റ് പലർക്കും അത് മറ്റൊരാളുടെ പ്രയോജനത്തിനായി നമ്മുടെ സ്വന്തം സ്വത്തുക്കൾ, അവസരങ്ങൾ, പദവികൾ മുതലായവ ഉപേക്ഷിക്കുകയോ ത്യാഗം ചെയ്യുകയോ ചെയ്തുകൊണ്ടായിരിക്കാം.

4) പിതാവിന്റെ സ്നേഹത്തിൽ വസിക്കുമ്പോൾ, നാം സ്നേഹത്തിൽ നടക്കുന്നു

1 യോഹന്നാൻ 4:7-12

[7]പ്രിയമുള്ളവരേ, നാം അന്യോന്യം സ്നേഹിക്ക; സ്നേഹം ദൈവത്തിൽനിന്നു വരുന്നു. സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു, ദൈവത്തെ അറികയും ചെയ്യുന്നു.

[8]സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല; ദൈവം സ്നേഹം തന്നെ.

[9]ദൈവം തന്റെ ഏകജാതനായ പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിനു ലോകത്തിലേക്ക് അയച്ചു എന്നുള്ളതിനാൽ ദൈവത്തിനു നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി.

[10]നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുവാൻ അയച്ചതുതന്നെ സാക്ഷാൽ സ്നേഹം ആകുന്നു.

[11]പ്രിയമുള്ളവരേ, ദൈവം നമ്മെ ഇങ്ങനെ സ്നേഹിച്ചു എങ്കിൽ നാമും അന്യോന്യം സ്നേഹിക്കേണ്ടതാകുന്നു.

[12]ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. നാം അന്യോന്യം സ്നേഹിക്കുന്നു എങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു; അവന്റെ സ്നേഹം നമ്മിൽ തികഞ്ഞുമിരിക്കുന്നു.

പിതാവിന്റെ സ്നേഹം നാം അനുഭവിച്ചറിഞ്ഞതിനാൽ, മറ്റുള്ളവരോടു കവിഞ്ഞൊഴുകുന്ന സ്നേഹം നമുക്ക് കാണിക്കാതിരിപ്പാൻ കഴിയുകയില്ല. സ്നേഹത്തിൽ നടക്കുക എന്നതിന്റെ അർത്ഥത്തെക്കുറിച്ച് 1 കൊരിന്ത്യർ 13:4-8-ൽ ഒരു മികച്ച വിവരണം നൽകിയിരിക്കുന്നു; *"സ്നേഹം ദീർഘമായി ക്ഷമിക്കയും ദയ കാണിക്കയും ചെയ്യുന്നു; സ്നേഹം സ്പർധിക്കുന്നില്ല. സ്നേഹം നിഗളിക്കുന്നില്ല. ചീർക്കുന്നില്ല; അയോഗ്യമായി നടക്കുന്നില്ല സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല; അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു. എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു. സ്നേഹം ഒരുനാളും ഉതിർന്നുപോകയില്ല. പ്രവചനവരമോ, അതു നീങ്ങിപ്പോകും; ഭാഷാവരമോ, അതു നിന്നുപോകും; ജ്ഞാനമോ, അതു നീങ്ങിപ്പോകും."* മറ്റുള്ളവരോട് ദൈവസ്നേഹത്തിൽ ഇടപ്പെടുന്നത് നാം തിരഞ്ഞെടുക്കുന്നു.

അവന്റെ സ്നേഹത്തിൽ നടക്കുവാൻ പിതാവിന്റെ സ്നേഹം നമ്മെ ശക്തീകരിക്കുന്നു. നാം പരസ്പരം സ്നേഹിക്കുമ്പോൾ, അവന്റെ സ്നേഹം നമ്മിൽ പൂർണ്ണമാകുന്നു—തികഞ്ഞു വരുന്നു, അതിന്റെ പൂർണ്ണ ലക്ഷ്യത്തിലേക്ക് കൊണ്ടുവരുന്നു. നാം സ്നേഹത്തിൽ നടക്കുമ്പോൾ, അവന്റെ സ്നേഹം നമ്മിലും നമ്മിലൂടെയും അതിന്റെ ഉദ്ദേശ്യം

നിറവേറ്റുകയും പൂർത്തീകരിക്കുകയും ചെയ്യുന്നു. ഇതാണ് ദൈവം തന്നെ നമ്മിലൂടെ വസിക്കുകയും ജീവിക്കുകയും ചെയ്യുന്നത്.

5) പിതാവിന്റെ സ്നേഹത്തിൽ നാം വസിക്കുമ്പോൾ, നാം നമ്മുടെ ആത്മീയ നില തിരിച്ചറിയുന്നു, നാം ഭയത്തിൽ നിന്ന് മുക്തരും അവനെ സ്നേഹിക്കുവാൻ സ്വതന്ത്രരുമാണ്

1 യോഹന്നാൻ 4:17-19

[17]ന്യായവിധിദിവസത്തിൽ നമുക്കു ധൈര്യം ഉണ്ടാവാൻ തക്കവണ്ണം ഇതിനാൽ സ്നേഹം നമ്മോടു തികഞ്ഞിരിക്കുന്നു. അവൻ ഇരിക്കുന്നതുപോലെ ഈ ലോകത്തിൽ നാമും ഇരിക്കുന്നു.

[18]സ്നേഹത്തിൽ ഭയമില്ല; ഭയത്തിനു ദണ്ഡനം ഉള്ളതിനാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളയുന്നു; ഭയപ്പെടുന്നവൻ സ്നേഹത്തിൽ തികഞ്ഞവനല്ല.

[19]അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ടു നാം സ്നേഹിക്കുന്നു.

ദൈവത്തിന്റെ സ്നേഹം നമ്മിൽ തികഞ്ഞു വരുമ്പോൾ, അതായത്, അവന്റെ സ്നേഹം നാം സ്വീകരിച്ച് നമ്മിൽ അതിന്റെ പ്രവൃത്തി പൂർണ്ണമായി ചെയ്യുവാൻ നാം അനുവദിക്കുകയും ചെയ്യുമ്പോൾ...

- നമുക്ക് ദൈവമുമ്പാകെ ധൈര്യമുണ്ട്, ന്യായവിധിയെക്കുറിച്ചുള്ള ദണ്ഡിപ്പിക്കുന്ന ഭയത്തിൽ ജീവിക്കുന്നില്ല.
- ആത്മീയ മണ്ഡലത്തിൽ നാം ആരാണെന്ന് നാം തിരിച്ചറിയുന്നു- യേശു എങ്ങനെയാണോ അതുപോലെയാണ് നമ്മളും. (1 യോഹന്നാൻ 4:17)-ഈ ലോകത്തിൽ നാം ജീവിക്കുന്നത് അങ്ങനെയാണ്.
- നമ്മോടുള്ള അവന്റെ സ്നേഹം നിമിത്തം നാം അവനോടുള്ള സ്നേഹത്താൽ നിറഞ്ഞൊഴുകുന്നു.

ചുരുക്കത്തിൽ, നാം പിതാവിന്റെ സ്നേഹത്തിൽ വിശ്രമിക്കുകയും ജീവിക്കുകയും ചെയ്യുമ്പോൾ ...

1) മറ്റുള്ളവരോടുള്ള വെറുപ്പിന് നമ്മിൽ സ്ഥാനമില്ല.
2) പീഡനം നമ്മെ ഭയപ്പെടുത്തുന്നില്ല.
3) വിശുദ്ധി നമ്മുടെ ജീവിതശൈലിയാകുന്നു.
4) നാം ത്യാഗം ചെയ്യുകയും മറ്റുള്ളവരുമായി പങ്കുവെക്കുകയും ചെയ്യുന്നു.
5) ദൈവീക സ്നേഹത്തിൽ നാം നടക്കുന്നു.
6) നമ്മുടെ ആത്മീയ നില നാം തിരിച്ചറിയുന്നു-യേശു

എങ്ങനെയാണോ അതുപോലെയാണ് നമ്മളും (1 യോഹന്നാൻ 4:17)-ലോകത്തിൽ നാം ആ നിലയിൽ നിന്നു ജീവിക്കുന്നു.

7) ദൈവമുമ്പാകെ ശിക്ഷാവിധിയുടെയും ന്യായവിധിയുടെയും ഭയത്തിൽ നിന്ന് നാം മുക്തരാണ്.

8) അവൻ നമ്മെ ആദ്യം സ്നേഹിച്ചതിനാൽ നാം അവനോടുള്ള സ്നേഹത്താൽ കവിഞ്ഞൊഴുകുന്നു.

ഇത് നമുക്ക് അംഗീകരിക്കുകയും ഉറപ്പാക്കുകയും ചെയ്യാം.

പിതാവിന് എന്നോടുള്ള സ്നേഹത്തിൽ ഞാൻ വസിക്കുന്നു. ഞാൻ പിതാവിന്റെ സ്നേഹത്തിൽ വിശ്രമിക്കുകയും ജീവിക്കുകയും ചെയ്യുന്നു. എന്റെ ഹൃദയത്തിൽ വെറുപ്പിന് സ്ഥാനമില്ല. ലോകം എന്നെ അറിയുന്നില്ലെങ്കിൽ, എന്നെ പീഡിപ്പിക്കുന്നുവെങ്കിൽ പോലും ഞാൻ ഭയപ്പെടുന്നില്ല. വിശ്വാസിയാണ് എന്റെ ജീവിതശൈലി. അവൻ നിർമ്മലനായിരിക്കുന്നതുപോലെ ഞാൻ എന്നെത്തന്നെ ശുദ്ധീകരിക്കുന്നു. ദൈവം എന്നെ അനുഗ്രഹിച്ചത് ഞാൻ ത്യാഗപൂർവ്വം ഉദാരമായി നൽകുകയും പങ്കിടുകയും ചെയ്യുന്നു. ഞാൻ മറ്റുള്ളവരോട് സ്നേഹത്തിൽ നടക്കുന്നു. ദൈവം തന്റെ സ്നേഹത്താൽ എന്നെ തന്നിൽ ആരാക്കിയിരിക്കുന്നുവെന്ന് ഞാൻ അറിയുന്നു. യേശു ആയിരിക്കുന്നതുപോലെ, ഞാനും ആയിരിക്കുന്നു—ദൈവത്തിന്റെ അവകാശിയും ക്രിസ്തുവിന്റെ കൂട്ടവകാശിയും. എല്ലാ കുറ്റബോധത്തിൽ നിന്നും ലജ്ജയിൽ നിന്നും ശിക്ഷാവിധിയിൽ നിന്നും ഞാൻ സ്വതന്ത്രനാണ്. എന്റെ സ്വർഗ്ഗസ്ഥനായ പിതാവിനെ സ്നേഹിക്കുവാൻ ഞാൻ സ്വതന്ത്രനാണ്. അവൻ ആദ്യം എന്നെ സ്നേഹിച്ചതിനാൽ ഞാൻ അവനെ സ്നേഹിക്കുന്നു.

അനുസരണം—പിതാവിന്റെ സ്നേഹത്തിൽ വസിക്കുവാനുള്ള താക്കോൽ

യേശു പിതാവിനോടുള്ള അനുസരണത്തിൽ നടന്നു...

യോഹന്നാൻ 8:29

എന്നെ അയച്ചവൻ എന്നോടുകൂടെ ഉണ്ട്; ഞാൻ എല്ലായ്പോഴും അവനു പ്രസാദമുള്ളതു ചെയ്യുന്നതുകൊണ്ട് അവൻ എന്നെ ഏകനായി വിട്ടിട്ടില്ല എന്നു പറഞ്ഞു.

യോഹന്നാൻ 14:31

എങ്കിലും ഞാൻ പിതാവിനെ സ്നേഹിക്കുന്നു എന്നും പിതാവ് എന്നോടു കല്പിച്ചതുപോലെ ഞാൻ ചെയ്യുന്നു എന്നും ലോകം അറിയട്ടെ. എഴുന്നേല്പിൻ: നാം പോക.

യോഹന്നാൻ 15:9,10
[9]പിതാവ് എന്നെ സ്നേഹിക്കുന്നതുപോലെ ഞാനും നിങ്ങളെ സ്നേഹിക്കുന്നു; എന്റെ സ്നേഹത്തിൽ വസിപ്പിൻ.
[10]ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ച് അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും.

... നാമും അങ്ങനെയായിരിക്കണം

യോഹന്നാൻ 14:15,21,23,24
[15]നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും.
[21]എന്റെ കല്പനകൾ ലഭിച്ചു പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു; എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവ് സ്നേഹിക്കുന്നു; ഞാനും അവനെ സ്നേഹിച്ച് അവന് എന്നെത്തന്നെ വെളിപ്പെടുത്തും.
[23]യേശു അവനോട് എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും; എന്റെ പിതാവ് അവനെ സ്നേഹിക്കും; ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടുകൂടെ വാസം ചെയ്യും.
[24]എന്നെ സ്നേഹിക്കാത്തവൻ എന്റെ വചനം പ്രമാണിക്കുന്നില്ല; നിങ്ങൾ കേൾക്കുന്ന വചനം എന്റേതല്ല എന്നെ അയച്ച പിതാവിന്റേതത്രേ എന്ന് ഉത്തരം പറഞ്ഞു.

യോഹന്നാൻ 15:9,10
[9]പിതാവ് എന്നെ സ്നേഹിക്കുന്നതുപോലെ ഞാനും നിങ്ങളെ സ്നേഹിക്കുന്നു; എന്റെ സ്നേഹത്തിൽ വസിപ്പിൻ.
[10]ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ച് അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും.

1 യോഹന്നാൻ 2:5,6
[5]എന്നാൽ ആരെങ്കിലും അവന്റെ വചനം പ്രമാണിക്കുന്നു എങ്കിൽ അവനിൽ ദൈവസ്നേഹം വാസ്തവമായി തികഞ്ഞിരിക്കുന്നു. നാം അവനിൽ ഇരിക്കുന്നു എന്ന് ഇതിനാൽ നമുക്ക് അറിയാം.
[6]അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു.

ഈ തിരുവെഴുത്തുകളിലെല്ലാം നാം നിരീക്ഷിക്കുന്നത്, പിതാവിന്റെ സ്നേഹത്തിൽ വസിക്കണമെങ്കിൽ, നാം അവന്റെ വചനത്തെ അനുസരിച്ചു നടക്കുകയും അവന്റെ വചനം പാലിക്കുകയും ചെയ്യണമെന്ന് കർത്താവായ യേശു തന്നെ മാതൃക കാണിക്കുകയും പഠിപ്പിക്കുകയും ചെയ്തു എന്നാണ്. അങ്ങനെ ചെയ്യുമ്പോൾ, ദൈവസ്നേഹം, പിതാവിന്റെ സ്നേഹം, നമ്മിൽ പൂർണ്ണമാകുന്നു. പിതാവിന്റെ സ്നേഹത്തിൽ വസിക്കുവാനും ജീവിക്കുവാനും ദൈവത്തോടുള്ള അനുസരണം പ്രധാനമാണ്.

നാം പിതാവിന്റെ സ്നേഹത്തിൽ വസിക്കുമ്പോൾ, നാം അവന്റെ

വചനം പാലിക്കുകയും യേശു നടന്നതുപോലെ നടക്കുകയും ചെയ്യുന്നു.

പിതാവിനോടുള്ള അനുസരണം എന്നാൽ അവൻ വെളിച്ചത്തിലായിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നതാണ്, അങ്ങനെ, അവനുമായുള്ള കൂട്ടായ്മ (അടുത്ത സൗഹൃദം) സാധ്യമാണ്. ഈ കൂട്ടായ്മയാണ് ദൈനംദിന അടിസ്ഥാനത്തിൽ അവന്റെ സ്നേഹത്തിൽ വസിക്കുവാൻ (വിശ്രമിക്കുകയും ജീവിക്കുകയും ചെയ്യുവാൻ) നമ്മെ പ്രാപ്തരാക്കുന്നത്.

1 യോഹന്നാൻ 1:6,7

[6]അവനോടു കൂട്ടായ്മ ഉണ്ട് എന്നു പറകയും ഇരുട്ടിൽ നടക്കയും ചെയ്താൽ നാം ഭോഷ്ക പറയുന്നു; സത്യം പ്രവർത്തിക്കുന്നതുമില്ല.

[7]അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നു എങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്; അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു.

അനുസരണം കൊണ്ടല്ല പിതാവിന്റെ സ്നേഹം നേടുന്നത്. അവൻ നമ്മെ അളവറ്റതും നിരുപാധികവുമായി സ്നേഹിക്കുന്നു.

നിങ്ങൾ അവനെ സ്നേഹിക്കുന്നതിനാലാണ് നിങ്ങൾ അനുസരിക്കുന്നത്. സ്നേഹത്തിൽ നിന്നാണ് നിങ്ങൾ അത് ചെയ്യുന്നത്.

അനുസരണം നമ്മെ അവനുമായുള്ള ആഴമായ കൂട്ടായ്മയിൽ നിലനിർത്തുന്നു, അങ്ങനെ പിതാവിന്റെ സ്നേഹത്തിൽ വസിക്കുവാനും വിശ്രമിക്കുവാനും ജീവൻ പ്രാപിക്കുവാനും ജീവിക്കുവാനും നമ്മെ പ്രാപ്തരാക്കുന്നു.

ചിന്തയ്ക്കായി



1) നമ്മുടെ സ്വർഗ്ഗീയ പിതാവിനു നമ്മോടുള്ള സ്നേഹം അംഗീകരിക്കുകയും ഉറപ്പാക്കുകയും ചെയ്യേണ്ടത് എന്തുകൊണ്ട് പ്രധാനമാണ്?
2) നമ്മോടുള്ള പിതാവിന്റെ സ്നേഹത്തിൽ വസിക്കുകയും ജീവിക്കുകയും ചെയ്യുമ്പോഴുള്ള എട്ട് ഫലങ്ങളെ കുറിച്ച് നാം പരാമർശിച്ചു.

(i) മറ്റുള്ളവരോടുള്ള വെറുപ്പിന് നമ്മിൽ സ്ഥാനമില്ല.

(ii) പീഡനം നമ്മെ ഭയപ്പെടുത്തുന്നില്ല.

(iii) വിശുദ്ധിയാണ് നമ്മുടെ ജീവിതശൈലി.

(iv) നാം ത്യാഗപൂർവ്വം മറ്റുള്ളവരുമായി പങ്കുവെക്കുന്നു.

(v) നാം ദൈവീക സ്നേഹത്തിൽ നടക്കുന്നു.

(vi) നമ്മുടെ ആത്മീയ നില നാം തിരിച്ചറിയുന്നു-യേശു ആയിരിക്കുന്നതുപോലെ, നാമും ആയിരിക്കുന്നു. (1 യോഹന്നാൻ 4:17)—ഈ നിലയിൽനിന്ന് നാം ലോകത്തിൽ ജീവിക്കുന്നു.

(vii) ദൈവമുമ്പാകെ നാം ശിക്ഷാവിധിയുടെയും ന്യായവിധിയുടെയും ഭയത്തിൽ നിന്ന് മുക്തരാണ്.

(viii) അവൻ ആദ്യം നമ്മെ സ്നേഹിച്ചതിനാൽ അവനോടുള്ള സ്നേഹം നമ്മിൽ കവിഞ്ഞൊഴുകുന്നു.

മേൽപ്പറഞ്ഞ എട്ട് മേഖലകളിൽ ഓരോന്നിലും നിങ്ങൾ എങ്ങനെ മുന്നേറുന്നു? (പിതാവിന്റെ സ്നേഹം നിമിത്തം ഇവയിൽ ഓരോന്നും നിങ്ങൾക്ക് ചെയ്യുവാൻ കഴിയുമെന്ന് ദൈവസന്നിധിയിൽ അൽപസമയം പ്രാർത്ഥിച്ച് ഉറപ്പാക്കുക.)

3) അനുസരണത്തിൽ നടക്കുന്നത് പിതാവിന്റെ സ്നേഹത്തിൽ വസിക്കുന്നതുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

6
ശിക്ഷണം നൽകുന്ന സ്നേഹം

പിതാവിന്റെ സ്നേഹത്തിൽ വസിക്കുന്നതിന്റെ ഒരു പ്രധാന വശം അവന്റെ സ്നേഹപൂർവ്വമായ ശിക്ഷണവും തിരുത്തലുകളുമാണ്. പിതാവ് നമ്മെ ശിക്ഷിക്കുന്നത് എന്തുകൊണ്ടാണെന്നും, അവൻ ഏത് ഹൃദയത്തോടെ അത് ചെയ്യുന്നുവെന്നും മനസ്സിലാക്കുമ്പോൾ, നമുക്ക് ശരിയായി പ്രതികരിക്കുവാൻ കഴിയും. ദൈവത്തിന്റെ സ്നേഹപൂർവ്വമായ തിരുത്തൽ ഭയപ്പെടേണ്ടതോ ഓടിയകലേണ്ടതോ ആയ ഒന്നല്ല. നമ്മുടെ പിതാവിന്റെ തിരുത്തലുകൾ സ്വാഗതം ചെയ്യപ്പെടേണ്ടതാണ്, കാരണം അത് നമ്മുടെ ഗുണത്തിന് വേണ്ടിയുള്ളതാണ്.

പിതാവ് സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു

എബ്രായർ 12:4-13

4പാപത്തോടു പോരാടുന്നതിൽ നിങ്ങൾ ഇതുവരെ പ്രാണത്യാഗത്തോളം എതിർത്തു നിന്നിട്ടില്ല.

5"മകനേ, കർത്താവിന്റെ ശിക്ഷ നിരസിക്കരുത്; അവൻ ശാസിക്കുമ്പോൾ മുഷികയുമരുത്.

6കർത്താവ് താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു; താൻ കൈക്കൊള്ളുന്ന ഏതു മകനെയും തല്ലുന്നു" എന്നിങ്ങനെ മക്കളോട് എന്നപോലെ നിങ്ങളോടു സംവാദിക്കുന്ന പ്രബോധനം നിങ്ങൾ മറന്നുകളഞ്ഞുവോ?

7നിങ്ങൾ ബാലശിക്ഷ സഹിച്ചാൽ ദൈവം മക്കളോട് എന്നപോലെ നിങ്ങളോടു പെരുമാറുന്നു; അപ്പൻ ശിക്ഷിക്കാത്ത മകൻ എവിടെയുള്ളൂ?

8എല്ലാവരും പ്രാപിക്കുന്ന ബാലശിക്ഷ കൂടാതിരിക്കുന്നു എങ്കിൽ നിങ്ങൾ മക്കളല്ല, കൗലടേയന്മാരത്രേ.

9നമ്മുടെ ജഡസംബന്ധമായ പിതാക്കന്മാർ നമ്മെ ശിക്ഷിച്ചപ്പോൾ നാം അവരെ വണങ്ങിപ്പോന്നുവല്ലോ; ആത്മാക്കളുടെ പിതാവിന് ഏറ്റവും അധികമായി കീഴടങ്ങി ജീവിക്കേണ്ടതല്ലയോ?

10അവർ ശിക്ഷിച്ചത് കുറെക്കാലവും തങ്ങൾക്കു ബോധിച്ചപ്രകാരവുമത്രേ; അവനോ, നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടതിനു നമ്മുടെ ഗുണത്തിനായി തന്നെ ശിക്ഷിക്കുന്നത്.

11ഏതു ശിക്ഷയും തൽക്കാലം സന്തോഷകരമല്ല ദുഃഖകരമത്രേ എന്നു തോന്നും; പിന്നത്തേതിലോ അതിനാൽ അഭ്യാസം വന്നവർക്ക് നീതി എന്ന സമാധാനഫലം ലഭിക്കും.

12ആകയാൽ തളർന്ന കൈയും കുഴഞ്ഞ മുഴങ്കാലും നിവിർത്തുവിൻ.

13മുടന്തുള്ളത് ഉളുക്കിപ്പോകാതെ ഭേദമാകേണ്ടതിനു നിങ്ങളുടെ കാലിനു പാത നിരത്തുവിൻ.

"ശിക്ഷിക്കുക," "ശാസിക്കുക," "ചാട്ടവാറുകൊണ്ട് അടിക്കുക"

എന്നീ വാക്കുകൾ കേൾക്കുമ്പോൾ കഠിനവും പരുഷവുമായി തോന്നാം. "ശിക്ഷിക്കുന്നു" എന്ന് വിവർത്തനം ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്ക് *'പൈദ്യൂവോ'* എന്നാണ്. "ഇതിന്റെ അർത്ഥം ഒരു കുട്ടിയെ അഭ്യസിപ്പിക്കുക, വിദ്യാഭ്യാസം നൽകുക, നിർദ്ദേശങ്ങൾ നല്കുക, പഠിപ്പിക്കുക, അച്ചടക്കം ശീലിപ്പിക്കുക എന്നൊക്കെയാണ്." എഫെസ്യർ 6:4-ൽ പിതാക്കന്മാർ കുട്ടികളെ കർത്താവിന്റെ "ശിക്ഷണത്തിൽ" (*പൈദെയ*) വളർത്തണം എന്ന് പറയുന്നിടത്തും ഇതേ വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. "ശാസിക്കുക" എന്നതിനുള്ള ഗ്രീക്ക് വാക്ക് *'എലെഗ്ഖോ'* എന്നാണ്, ഇതിനർത്ഥം "കുറ്റം ചുമത്തുക, ബോധ്യപ്പെടുത്തുക, ശാസിക്കുക, തെറ്റെന്തെന്ന് പറയുക" എന്നൊക്കെയാണ്; യോഹന്നാൻ 16:8-ൽ പരിശുദ്ധാത്മാവിനെക്കുറിച്ച് ഉപയോഗിച്ചിരിക്കുന്ന അതേ പദമാണിത്. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും അവൻ ലോകത്തെ ബോധ്യപ്പെടുത്തുകയോ ശാസിക്കുകയോ ചെയ്യും. "ചാട്ടവാർ" എന്നതിന്റെ ഗ്രീക്ക് പദം *'മാസ്റ്റിഗോവോ'* ആണ്, അതിനർത്ഥം ചാട്ടവാറടി, പ്രഹരിക്കുക, അടിക്കുക എന്നാണ്. ഒരു പിതാവ് തന്റെ കുട്ടികളെ ശിക്ഷിക്കുന്ന പശ്ചാത്തലത്തിലാണ് ഈ വാക്കുകൾ ഉപയോഗിക്കുന്നത്. അതിനാൽ, ആ സന്ദർഭത്തിനനുസരിച്ചാണ് ഇത് വ്യാഖ്യാനിക്കേണ്ടതെന്ന് ഓർമ്മിക്കുക. അതുകൊണ്ട് കർത്താവിന്റെ ശിക്ഷണം എന്നാൽ:

(A) *പൈദ്യൂവോ*—പിതാവ് തന്റെ മക്കൾക്ക് നൽകുന്ന സ്നേഹപൂർവ്വമായ നിർദ്ദേശങ്ങൾ, പരിപോഷണം, പഠിപ്പിക്കൽ, പരിശീലനം

(B) *എലെങ്ഖോ*—പിതാവ് തന്റെ മക്കളോട് സ്നേഹപൂർവ്വം തെറ്റുകൾ പറഞ്ഞു കൊടുക്കുകയും ശരിയായ വഴി കാട്ടിക്കൊടുക്കുകയും ചെയ്യുന്നത്.

(C) *മാസ്റ്റിഗോവോ*—കുട്ടികളെ അനുസരണമുള്ളവരാക്കുവാൻ പിതാവ് നടത്തുന്ന സ്നേഹപൂർവ്വമായ ശിക്ഷണം. നമുക്ക് എളുപ്പത്തിൽ കാണാൻ കഴിയുന്നതുപോലെ, നമ്മുടെ മക്കളെ വളർത്തുന്ന സ്വാഭാവിക സാഹചര്യത്തിൽ പോലും, നിർദ്ദേശം, വിദ്യാഭ്യാസം, പരിപോഷണം, പരിശീലനം എന്നിവയാണ് സാധാരണയായി നാം ചെയ്യുന്നത്. ഈ സാധാരണ പ്രക്രിയ സ്വീകരിക്കപ്പെടുന്നില്ലെങ്കിലോ ലംഘിക്കപ്പെടുന്നുണ്ടെങ്കിലോ മാത്രമേ അടി (ശിക്ഷയോടെയുള്ള പരിശീലനം) ഉപയോഗിക്കുകയുള്ളൂ.

സ്നേഹപൂർവ്വമായ നിർദ്ദേശങ്ങളും തിരുത്തലുകളും ഒരു പിതാവും മക്കളും തമ്മിലുള്ള ബന്ധത്തിൽ സാധാരണമാണ് (എബ്രായർ 12:7). നമ്മുടെ സ്വർഗ്ഗീയ പിതാവ് നമ്മെ തന്റെ പുത്രന്മാരും പുത്രിമാരുമായിട്ടാണ് പരിഗണിക്കുന്നത്. അവന്റെ തിരുത്തലുകൾ നമ്മോടുള്ള സ്നേഹത്തിന്റെ പ്രകടനമാണ്.

നമ്മെ സ്നേഹിക്കുന്നതുകൊണ്ടും നമ്മുടെ പ്രയോജനത്തിന് വേണ്ടിയുമാണ് അവൻ നമ്മെ തിരുത്തുകയും ശിക്ഷിക്കുകയും ചെയ്യുന്നത് (എബ്രായർ 12:10). നമ്മെ ഇപ്പോൾ ഇരിക്കുന്ന അവസ്ഥയിൽ നിന്ന് അവൻ ആഗ്രഹിക്കുന്ന ഉന്നതമായ മറ്റൊരു തലത്തിലേക്ക് ഉയർത്തുവാനാണ് അവൻ ഇങ്ങനെ ചെയ്യുന്നത്.

ദൈവം നമ്മെ തിരുത്തുമ്പോൾ അത് നമ്മെ നശിപ്പിക്കുവാനോ താഴ്ത്തിക്കെട്ടുവാനോ വില കുറയ്ക്കുവാനോ അല്ല ചെയ്യുന്നത്. അവന്റെ സ്നേഹപൂർവ്വമായ തിരുത്തൽ നമ്മെ ഉയർത്തുവാനും നാം ആയിരിക്കേണ്ട ഉത്തമ വ്യക്തിത്വത്തിലേക്ക് നമ്മെ എത്തിക്കുവാനുമാണ്. ഈ തിരുത്തലുകൾ അന്തസ്സുറ്റതും ചേർത്തുകൊള്ളുന്നതും കൃപയോടുകൂടിയതുമാണ്.

പിതാവിന്റെ സ്നേഹത്തിന്റെ ഈ വശം നമുക്ക് തൽക്കാലം വേദനയുണ്ടാക്കിയേക്കാം (എബ്രായർ 12:11).

നാം അനുസരണക്കേടിലേക്ക് നീങ്ങുമ്പോഴാണ് തിരുത്തലുകൾ ആവശ്യമായി വരുന്നത്. വ്യക്തമായി പറഞ്ഞാൽ നാം പിതാവിൽ വസിക്കുകയും ജീവിക്കുകയും ചെയ്യുന്ന സ്ഥാനത്തുനിന്നു മാറുമ്പോൾ.

തിരുത്തൽ എന്നാൽ ദൈവം നമ്മെ തന്റെ വചനത്തോടും ഹിതത്തോടും വഴികളോടും ചേർത്തു നിർത്തുന്നതാണ്. അവന്റെ സ്നേഹത്തിൽ വസിക്കുന്ന ആ പഴയ ഇടത്തിലേക്ക് അവൻ നമ്മെ തിരികെ കൊണ്ടുവരുന്നു. അവന്റെ സ്നേഹത്തിൽ വിശ്രമിക്കുകയും ജീവിക്കുകയും ചെയ്യുന്ന സ്ഥാനത്തേയ്ക്ക് അവൻ നമ്മെ തിരികെ അടുപ്പിക്കുന്നു.

ഇതിനോടുള്ള ശരിയായ പ്രതികരണം നമ്മുടെ സ്വർഗ്ഗീയ പിതാവിന് സമ്പൂർണ്ണമായി കീഴടങ്ങിക്കൊണ്ടുള്ള അനുസരണമാണ്. (എബ്രായർ 12:9) *"എന്റെ ഹിതമല്ല, നിന്റെ ഹിതം പോലെ നടക്കട്ടെ"* എന്ന് പറയാൻ നാം പഠിക്കുന്ന നിമിഷമാണിത്.

ദൈവം തന്റെ വചനത്തിലൂടെയും ആത്മാവിലൂടെയും മറ്റ് വ്യക്തികളിലൂടെയും ചിലപ്പോഴൊക്കെ സാഹചര്യങ്ങളിലൂടെയും നമ്മെ തിരുത്തുന്നു. ദൈവം തന്റെ വചനത്തിലൂടെ സംസാരിച്ച് നമ്മെ ഉപദേശിക്കുകയും പരിശീലിപ്പിക്കുകയും തിരുത്തുകയും ചെയ്യുന്നു (2 തിമൊഥെയൊസ് 3:16,17). ദൈവത്തിന്റെ ആത്മാവ് നമ്മെ സകല സത്യത്തിലും വഴിനടത്തുന്നു (യോഹന്നാൻ 16:13). ഇതിനർത്ഥം തെറ്റുകളിൽ വീഴാതെ നമ്മെ കാത്തുസൂക്ഷിക്കുകയും നമ്മെ തിരുത്തുകയും ചെയ്യുന്നു എന്നു കൂടിയാണ്. നമ്മുടെ ജീവിതത്തിൽ സ്വാധീനം ചെലുത്താൻ ദൈവം ചില ഭക്തരായ മനുഷ്യരെ വെച്ചിട്ടുണ്ട്. അങ്ങനെയുള്ളവരിലൂടെയും അവൻ നമ്മുടെ ഹൃദയങ്ങളിലേക്ക് തന്റെ ആലോചനകൾ തരുന്നു. ദൈവത്തിന്റെ സ്നേഹപൂർവ്വമായ സംരക്ഷണവും ഉപദേശവും തിരുത്തലുകളും ഈ മൂന്ന് വഴികളിലൂടെയും—അതായത് വചനം, ആത്മാവ്, മറ്റ് വ്യക്തികൾ എന്നിവയിലൂടെ—സ്വീകരിക്കുവാൻ നമ്മൾ എപ്പോഴും സന്നദ്ധരായിരിക്കണം. ഇതുകൂടാതെ, ചിലപ്പോഴൊക്കെ ദൈവം തന്നെ ഒരുക്കുന്ന ചില സാഹചര്യങ്ങളിലൂടെയും നമ്മെ സ്നേഹത്തോടെ അച്ചടക്കത്തിലേക്ക് നടത്താറുണ്ട്. (**കുറിപ്പ്:** സാഹചര്യങ്ങളിലൂടെ "ചിലപ്പോഴൊക്കെ" എന്ന് പ്രത്യേകം പറയാൻ കാരണമുണ്ട്. കാരണം ചില സാഹചര്യങ്ങൾ നമ്മുടെ ശത്രുവായ പിശാച് നമുക്കെതിരെ കൊണ്ടുവരുന്നതാണ്; അവയെ നമ്മൾ കീഴടക്കുകയും ജയിക്കുകയും വേണം. എന്നാൽ മറ്റ് ചില സാഹചര്യങ്ങളാകട്ടെ, നമ്മുടെ സ്വന്തം പ്രവൃത്തികളുടെ ഫലമായി ഉണ്ടാകുന്നതാണ്. അതിൽ നമ്മൾ തന്നെ ഉത്തരവാദിത്തമേറ്റെടുക്കുകയും ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും വേണം.)

ദൈവത്തിന്റെ സ്നേഹം നിറഞ്ഞ ശിക്ഷണത്തോട് നമ്മൾ എങ്ങനെ പ്രതികരിക്കുന്നു എന്നതിനെ ആശ്രയിച്ചായിരിക്കും ആത്മീയ വളർച്ചയുടെയും പക്വതയുടെയും വിശുദ്ധിയുടെയും അടുത്ത തലങ്ങളിലേക്കുള്ള നമ്മുടെ മുന്നേറ്റം. അവന്റെ സ്നേഹത്തിൽ നിലനിൽക്കുന്നതിനും നമ്മുടെ ജീവിതനിയോഗം പൂർത്തിയാക്കുന്നതിനായി മുന്നേറുന്നതിനും ഇത് വളരെ പ്രധാനമാണ്.

അതുകൊണ്ട്, ദൈവത്തോട് അനുസരണക്കേട് കാണിച്ച് നമ്മുടെ ജീവിതത്തിൽ എവിടെയെങ്കിലും തെറ്റിപ്പോയിട്ടുണ്ടെങ്കിൽ, നമ്മെ തന്നോട് വീണ്ടും ചേർത്തുവെക്കുവാൻ (ചെയ്യുവാൻ) അവനോടു

ദിവസവും യാചിക്കുകയാണ് നമുക്ക് ചെയ്യാവുന്ന ഏറ്റവും നല്ല ഒരു കാര്യം.

നിങ്ങൾ നിങ്ങളുടെ തന്നെ കാവൽക്കാരനാകണം. നിങ്ങളുടെ ഹൃദയത്തെയും ചിന്തകളെയും പ്രവൃത്തികളെയും എപ്പോഴും സൂക്ഷ്മതയോടെ കാക്കുക. അവന്റെ സ്നേഹത്തിൽ വസിക്കുക. അവന്റെ സ്നേഹത്തിൽ ജീവിക്കുവാൻ നിങ്ങളെ പ്രാപ്തരാക്കുന്ന ദൈവകൃപയും, ശാക്തീകരിക്കുന്ന പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും എപ്പോഴും നിങ്ങളോടുകൂടെയുണ്ടെന്ന് ഓർക്കുക (2 കൊരിന്ത്യർ 13:14). അനുസരണത്തിന്റെ വഴിയിൽ നിന്ന് നമ്മൾ അല്പമെങ്കിലും മാറിപ്പോകുന്നുവെന്ന് തോന്നിയാൽ, അപ്പോൾത്തന്നെ നമ്മെത്തന്നെ പരിശോധിച്ച് പിതാവിന്റെ സ്നേഹത്തിൽ വസിക്കുന്ന ആ പഴയ സ്ഥാനത്തേക്ക് മടങ്ങിവരണം.

ജീവിതത്തിൽ ചിലപ്പോഴൊക്കെ കാര്യങ്ങളെ വളരെ കർശനമായും അച്ചടക്കത്തോടും കൂടെ കൈകാര്യം ചെയ്യേണ്ടി വരാറുണ്ട്. ഉദാഹരണത്തിന്, മാതാപിതാക്കൾ എന്ന നിലയിലോ, ക്ലാസ്സ് മുറിയിലെ അധ്യാപകർ എന്ന നിലയിലോ, അല്ലെങ്കിൽ സ്ഥാപനത്തിലെ ജീവനക്കാരെ നിയന്ത്രിക്കുന്ന ഒരു പ്രൊഫഷണൽ എന്ന നിലയിലോ ഒക്കെ നമുക്ക് ഇടപെടേണ്ടി വരാം. അങ്ങനെയുള്ളപ്പോൾ മറ്റുള്ളവരെ തിരുത്തുവാനും ശാസിക്കുവാനും അവരിൽ നിന്ന് കൃത്യതയോടെ കാര്യങ്ങൾ ആവശ്യപ്പെടുവാനും നമ്മൾ നിർബന്ധിതരാകും. അത്തരം കഠിനമായ സാഹചര്യങ്ങളിൽ പോലും ഒരു ഉത്തരവാദിത്തമുള്ള നേതാവിന്റെ ഗാംഭീര്യത്തോടെ, പിതാവായ ദൈവത്തിന്റെ സ്നേഹത്താൽ നാം നയിക്കപ്പെടേണം. തിരുത്തലുകളും അച്ചടക്കവും നടപ്പിലാക്കുമ്പോൾ തന്നെ, ദൈവത്തിന്റെ നിരുപാധികമായ സ്നേഹത്തോടെ ആ സാഹചര്യങ്ങളെ കൈകാര്യം ചെയ്യുവാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കും. ഇതും പിതാവിന്റെ സ്നേഹത്തിന്റെ ഒരു വെളിപ്പെടുത്തൽ തന്നെയാണ്.

പിതാവിന്റെ സ്നേഹപൂർവ്വമായ അച്ചടക്കത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ

പിതാവായ ദൈവത്തിന്റെ സ്നേഹത്തോടെയുള്ള തിരുത്തലുകളെക്കുറിച്ച് പലപ്പോഴും മനുഷ്യർക്കിടയിൽ വിചിത്രമായ ചില തെറ്റിദ്ധാരണകളുണ്ട്. രോഗം, വിപത്തുകൾ, അപകടങ്ങൾ,

പരാജയങ്ങൾ, ദുരന്തങ്ങൾ, ദാരിദ്ര്യം തുടങ്ങിയവയെല്ലാം ദൈവത്തിന്റെ സ്നേഹനിർഭരമായ ശിക്ഷണത്തിന്റെയോ നടത്തിപ്പിന്റെയോ തിരുത്തലിന്റെയോ ഭാഗമാണെന്ന് അവർ തെറ്റായി കരുതാറുണ്ട്. പോരായ്മകളുള്ളവരായ ഭൂമിയിലെ മാതാപിതാക്കളായ നമ്മൾ പോലും നമ്മുടെ മക്കളോട് ഒരിക്കലും അങ്ങനെ ചെയ്യില്ലല്ലോ. സ്വന്തം മക്കളെ നല്ലൊരു പാഠം പഠിപ്പിക്കുവാനോ അവരുടെ സ്വഭാവം രൂപപ്പെടുത്തുവാനോ വേണ്ടി അവരെ രോഗാതുരമാക്കുകയോ, അപകടങ്ങളിൽപ്പെടുത്തുകയോ, തകർത്തു കളയുകയോ ചെയ്യുന്ന ഏതെങ്കിലും ഒരു പിതാവ് ഈ ഭൂമിയിലുണ്ടോ? ആരുമില്ല! അങ്ങനെയെങ്കിൽ, അളവറ്റ സ്നേഹമുള്ള നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ് നമ്മെ അച്ചടക്കം പഠിപ്പിക്കുവാൻ വേണ്ടി രോഗങ്ങളും വിപത്തുകളും, അപകടങ്ങളും, പരാജയങ്ങളും, ദുരന്തങ്ങളും ദാരിദ്ര്യവുമൊക്കെ നമ്മുടെ ജീവിതത്തിൽ തരുമെന്ന നമ്മുടെ ആത്മീയ അറിവ് എത്രമാത്രം അടിസ്ഥാനരഹിതവും യുക്തിശൂന്യവുമാണ്! ഭൂമിയിലെ മാതാപിതാക്കളേക്കാൾ എത്രയോ ഉത്തമനാണ് നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവെന്ന് കർത്താവായ യേശുക്രിസ്തു വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്: *"മകൻ അപ്പം ചോദിച്ചാൽ അവന്നു കല്ലു കൊടുക്കുന്ന മനുഷ്യൻ നിങ്ങളിൽ ആരുള്ളു? മീൻ ചോദിച്ചാൽ അവന്നു പാമ്പിനെ കൊടുക്കുമോ? അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു തന്നോടു ചോദിക്കുന്നവർക്കു നന്മകളെ എത്ര അധികം കൊടുക്കും."* (മത്തായി 7:9-11)

നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ സ്നേഹത്തോടെയുള്ള ശിക്ഷണവും, മനപ്പൂർവ്വമായ ദൈവനിഷേധത്തിനും അനുതാപമില്ലാത്ത പാപജീവിതത്തിനും മേൽ വരുന്ന ദൈവക്രോധത്തിന്റെ ന്യായവിധിയും തമ്മിൽ വലിയ വ്യത്യാസമുണ്ട്. വിശ്വാസികളെന്ന നിലയിലുള്ള നമ്മുടെ ജീവിതയാത്രയിൽ, സാധാരണയായി നമ്മൾ പിതാവിനെ അനുസരിച്ചാണ് ജീവിക്കുന്നത്; അതുകൊണ്ട് ദൈവത്തിന്റെ ന്യായവിധിക്ക് യോഗ്യരാകുന്ന അവസ്ഥയിലേക്ക് നമ്മൾ എത്താറില്ല. ഇനി നാം എന്തെങ്കിലും പാപം ചെയ്താൽത്തന്നെ, ദൈവത്തോട് അത് ഏറ്റുപറഞ്ഞ് അപ്പോൾത്തന്നെ എങ്ങനെ ആ ബന്ധം ശരിയാക്കണമെന്ന് നമുക്കറിയാം. നമ്മൾ ദൈവവഴിയിൽ അനുസരണത്തോടെ ജീവിക്കുമ്പോഴും, പിശാചും അവന്റെ ഭൂതങ്ങളും

തങ്ങളുടെ തന്ത്രങ്ങളുമായി നമുക്കെതിരെ വരാറുണ്ട്. ശത്രുവിന്റെ ഇത്തരം പ്രവൃത്തികളെ തിരിച്ചറിയാൻ നമുക്ക് കഴിയണം. ക്രിസ്തുവിൽ നമുക്കുള്ള അധികാരം ഉപയോഗിച്ച് അവയെ ചെറുത്തുതോൽപ്പിക്കുകയും നിരന്തരമായ വിജയത്തിൽ ജീവിക്കുകയും വേണം. അല്ലാതെ, ശത്രുവിന്റെ ദുഷ്ടപ്രവൃത്തികളായ മോഷണം, കൊല, നാശം എന്നിവയെയോ രോഗം, ദുരന്തങ്ങൾ, അപകടങ്ങൾ, പരാജയം, ദാരിദ്ര്യം തുടങ്ങിയവയെയോ ദൈവത്തിന്റെമേൽ നമ്മൾ അടിച്ചേൽപ്പിക്കരുത്.

ചിന്തയ്ക്കായി



1) സ്നേഹവാനായ ഒരു സ്വർഗ്ഗീയപിതാവ് തന്റെ മക്കളെ എന്തിനാണ് അച്ചടക്കം അഭ്യസിപ്പിക്കുന്നത്?

2) എബ്രായർ 12:5,6 വാക്യങ്ങളിൽ പറയുന്ന ശിക്ഷ, ശാസന, ചാട്ടവാറടി എന്നിവയെ ഒരു പിതാവ് തന്റെ മക്കളോട് ഇടപെടുന്ന പശ്ചാത്തലത്തിൽ എങ്ങനെ ചുരുക്കി വിവരിക്കാം?

3) ദൈവം തന്റെ സ്നേഹത്തോടെയുള്ള തിരുത്തലുകൾ നമ്മുടെ ജീവിതത്തിൽ കൊണ്ടുവരുന്ന ആ നാല് മാർഗ്ഗങ്ങൾ ഏതെല്ലാമാണ്? ദൈവത്തിന്റെ സ്നേഹപൂർവ്വമായ തിരുത്തലുകളെ വേഗത്തിൽ തിരിച്ചറിഞ്ഞ് അതിനോട് പ്രതികരിക്കുവാൻ തക്കവണ്ണം നിങ്ങളെത്തന്നെ എങ്ങനെ പാകപ്പെടുത്താം എന്ന് ചിന്തിക്കുക.

7

സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവിനെ അനുകരിക്കുക

ദൈവത്തിന്റെ സ്നേഹം അനുഭവിക്കുന്നതിലൂടെ സ്നേഹം സ്വീകരിക്കുവാനുള്ള നമ്മുടെ ശേഷി മാത്രമല്ല വീണ്ടെടുക്കപ്പെടുന്നത്, മറ്റുള്ളവരെ സ്നേഹിക്കുവാനുള്ള നമ്മുടെ ശേഷി കൂടിയാണ് പുതുക്കപ്പെടുന്നത്. നമ്മുടെ സ്വന്തം പരിമിതികൾക്കും അപ്പുറമായി സ്നേഹത്തിൽ ജീവിക്കുവാൻ (നടക്കുവാൻ) നമുക്കിനി സാധിക്കും.

അവന്റെ സ്നേഹം നമ്മളിലും നമ്മളിലൂടെയും

എഫെസ്യർ 5:1,2

[1]ആകയാൽ പ്രിയമക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പിൻ.

[2]ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കുവേണ്ടി ദൈവത്തിന്നു സൌരഭ്യവാസനയായ വഴിപാടും യാഗവുമായി ഏല്പിച്ചുകൊടുത്തതുപോലെ സ്നേഹത്തിൽ നടപ്പിൻ.

നമ്മുടെ സ്വർഗ്ഗീയ പിതാവിനെ അനുകരിക്കുവാനാണ് നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത്. അതിൽ ഒന്നാമതായി നമ്മൾ ചെയ്യേണ്ടത് സ്നേഹത്തിൽ നടക്കുക എന്നതാണ്. ഇതിനായി നമുക്ക് മുന്നിലുള്ള മാതൃക ക്രിസ്തുവും അവന്റെ സ്നേഹവും ത്യാഗവുമാണ്. യേശു ചെയ്തതുപോലെ നമ്മളും ചെയ്യുക. സ്നേഹത്തിൽ ജീവിക്കുക എന്നാൽ എന്താണെന്ന് അവൻ സ്വന്തം ജീവിതത്തിലൂടെ നമുക്ക് കാണിച്ചുതന്നു.

നമുക്ക് ഒരിക്കലും ചെയ്യുവാൻ കഴിയാത്ത (പ്രാപ്യമല്ലാത്ത) ഒരു കാര്യം ചെയ്യുവാൻ ദൈവം നമ്മളോട് ആവശ്യപ്പെടില്ല. അതുപോലെ തന്നെ, അവൻ നമ്മെ പ്രാപ്തരാക്കാത്തതൊന്നും ചെയ്യുവാൻ നമ്മോടു കൽപ്പിക്കുകയുമില്ല. അതുകൊണ്ട്, ദൈവത്തെ അനുകരിക്കുവാനും ക്രിസ്തുവിനെപ്പോലെ സ്നേഹത്തിൽ ജീവിക്കുവാനുമുള്ള അവന്റെ നിർദ്ദേശം തികച്ചും സാധ്യമായ ഒന്നാണ്; കാരണം അതിനായി അവൻ നമ്മെ പരിശുദ്ധാത്മാവിനാൽ ശക്തീകരിക്കുന്നുണ്ട്.

നമ്മൾ സ്വർഗ്ഗീയ പിതാവിനെ അനുകരിക്കുകയും ക്രിസ്തുവിനെപ്പോലെ സ്നേഹത്തിൽ ജീവിക്കുകയും ചെയ്യുമ്പോൾ, അത് പിതാവായ ദൈവത്തിന് ഏറ്റവും പ്രസാദകരമായ ഒരു യാഗമായി മാറും. യേശുവിന്റെ യാഗത്തിൽ പിതാവായ ദൈവം

എത്രത്തോളം പ്രസാദിച്ചുവോ, അതേപോലെ സുഗന്ധമുള്ളൊരു സൌരഭ്യവാസനയായിരിക്കും നമ്മുടെ ഈ ജീവിതവും.

സ്നേഹത്തിൽ ജീവിക്കുന്നത് അതിശ്രേഷ്ഠമായ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുന്നതാണ്

1 കൊരിന്ത്യർ 12:31

മികച്ച വരങ്ങളെ വാഞ്ഛിപ്പിൻ; ഇനി അതിശ്രേഷ്ഠമായൊരു മാർഗ്ഗം ഞാൻ നിങ്ങൾക്കു കാണിച്ചുതരാം.

1 കൊരിന്ത്യർ 13:1–13

[1]ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ല എങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ അത്രേ.

[2]എനിക്കു പ്രവചനവരം ഉണ്ടായിട്ടു സകല മർമങ്ങളും സകല ജ്ഞാനവും ഗ്രഹിച്ചാലും, മലകളെ നീക്കുവാൻ തക്ക വിശ്വാസം ഉണ്ടായാലും സ്നേഹമില്ല എങ്കിൽ ഞാൻ ഏതുമില്ല.

[3]എനിക്കുള്ളതെല്ലാം അന്നദാനം ചെയ്താലും എന്റെ ശരീരം ചുടുവാൻ ഏല്പിച്ചാലും, സ്നേഹം ഇല്ല എങ്കിൽ എനിക്ക് ഒരു പ്രയോജനവും ഇല്ല.

[4]സ്നേഹം ദീർഘമായി ക്ഷമിക്കയും ദയ കാണിക്കയും ചെയ്യുന്നു; സ്നേഹം സ്പർധിക്കുന്നില്ല.

[5]സ്നേഹം നിഗളിക്കുന്നില്ല. ചീർക്കുന്നില്ല; അയോഗ്യമായി നടക്കുന്നില്ല സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല;

[6]അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു.

[7]എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു.

[8]സ്നേഹം ഒരുനാളും ഉതിർന്നുപോകയില്ല. പ്രവചനവരമോ, അതു നീങ്ങിപ്പോകും; ഭാഷാവരമോ, അതു നിന്നുപോകും; ജ്ഞാനമോ, അതു നീങ്ങിപ്പോകും.

[9]അംശമായി മാത്രം നാം അറിയുന്നു; അംശമായി മാത്രം പ്രവചിക്കുന്നു;

[10]പൂർണമായതു വരുമ്പോഴോ അംശമായതു നീങ്ങിപ്പോകും.

[11]ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിച്ചു, ശിശുവിനെപ്പോലെ ചിന്തിച്ചു, ശിശുവിനെപ്പോലെ നിരൂപിച്ചു; പുരുഷനായ ശേഷമോ ഞാൻ ശിശുവിനുള്ളതു ത്യജിച്ചുകളഞ്ഞു.

[12]ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു; അപ്പോൾ മുഖാമുഖമായി കാണും; ഇപ്പോൾ ഞാൻ അംശമായി അറിയുന്നു; അപ്പോഴോ ഞാൻ അറിയപ്പെട്ടതുപോലെതന്നെ അറിയും,

[13]ആകയാൽ വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനില്ക്കുന്നു; ഇവയിൽ വലിയതോ സ്നേഹംതന്നെ.

1 കൊരിന്ത്യർ 14:1

'സ്നേഹം ആചരിപ്പാൻ ഉത്സാഹിപ്പിൻ! ആത്മികവരങ്ങളും വിശേഷാൽ പ്രവചനവരവും വാഞ്ഛിപ്പിൻ.'

1 കൊരിന്ത്യർ 12 അദ്ധ്യായത്തിൽ, ആത്മീയ വരങ്ങളെക്കുറിച്ചും ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ അംഗങ്ങളുടെ വിവിധ ശുശ്രൂഷകളെക്കുറിച്ചും (നേതൃത്വം, ഉപദേശം, ഭരണം തുടങ്ങിയവ) അപ്പോസ്തലനായ പൗലൊസ് വിശദീകരിക്കുന്നുണ്ട്. ഈ വരങ്ങളെ വാഞ്ഛിക്കുവാൻ നമ്മെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം തന്നെ, ഇതിലും *"അതിശ്രേഷ്ഠമായൊരു മാർഗ്ഗം"* (1 കൊരിന്ത്യർ 12:31) അഥവാ അത്യുത്തമമായ, ഇതിലും ഉന്നതമായ ഒരു മാർഗ്ഗം, കാണിച്ചുതരാമെന്നും അവൻ പറയുന്നു. ജനങ്ങൾക്ക് ശുശ്രൂഷ ചെയ്യുവാനും സഭയെ സേവിക്കുവാനുമായി ആത്മീയ വരങ്ങൾ ഉപയോഗിക്കുന്നതിലും സഭാംഗത്വ ധർമ്മങ്ങൾ നിർവ്വഹിക്കുന്നതിലും ഉത്തമവും ഉന്നതവുമായ ഒരു വഴിയുണ്ടെന്നാണ് പൗലൊസ് ഇവിടെ വ്യക്തമാക്കുന്നത്. ദൈവീകമായ ആ സ്നേഹത്തിൽ ജീവിക്കുന്നതിലേക്കാണ് പൌലൊസ് നമ്മുടെ ശ്രദ്ധ തിരിക്കുന്നത്.

1 കൊരിന്ത്യർ 13-ന്റെ ആദ്യഭാഗത്ത് പൗലൊസ് ഇത് വ്യക്തമായി പറയുന്നുണ്ട്: നമ്മൾ ആത്മീയ വരങ്ങളാൽ എത്ര വലിയ കാര്യങ്ങൾ ചെയ്താലും, സഭയിൽ വലിയ പദവികൾ വഹിച്ചാലും, നമ്മുടെ ശരീരം ചുട്ടുകരിക്കുവാൻ ഏൽപ്പിച്ചുകൊടുക്കുന്നതുപോലുള്ള വലിയ ജീവകാരുണ്യപ്രവർത്തനങ്ങൾ ചെയ്താലും, അതിനു പിന്നിലെ പ്രേരണയും വഴികാട്ടിയും ദൈവീക സ്നേഹമല്ലെങ്കിൽ അതൊക്കെ വെറും ശൂന്യമാണ്; അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല! നമ്മൾ ചെയ്യുന്ന ഏതു ശുശ്രൂഷയിലും സേവനത്തിലും സ്നേഹം നിലനിർത്തേണ്ടതിന്റെ പ്രാധാന്യത്തെയാണ് ഇത് കാണിക്കുന്നത്.

നമ്മൾ എന്ത് ചെയ്താലും അത് ദൈവീകമായ സ്നേഹത്താൽ നിയന്ത്രിക്കപ്പെടുന്നതും നയിക്കപ്പെടുന്നതും പ്രചോദിക്കപ്പെടുന്നതും ആയിരിക്കണം. പിതാവിന്റെ സ്നേഹത്തിൽ വിശ്രമിച്ചുകൊണ്ടും ജീവിച്ചുകൊണ്ടും ആയിരിക്കണം നാമത് ചെയ്യേണ്ടത്. 4 മുതൽ 8 വരെയുള്ള വാക്യങ്ങളിൽ പൗലൊസ് പറയുന്നതുപോലെ, നമ്മളിൽ അസഹിഷ്ണത, ദയയില്ലായ്മ, അസൂയ, വമ്പു പറയൽ, അഹംഭാവം, അയോഗ്യമായ പെരുമാറ്റം, സ്വാർത്ഥത, സ്വയപ്രശംസ, മൻകോപം, ദുഷ്ടോദ്ദേശ്യം, അനീതിയുടെയും അസത്യത്തിന്റെയും പക്ഷം നിൽക്കൽ എന്നിവയുണ്ടെങ്കിൽ നമ്മൾ സ്നേഹത്താലല്ല നയിക്കപ്പെടുന്നത്. ആത്മീയ വരങ്ങൾ എത്രയൊക്കെ പ്രദർശിപ്പിച്ചാലും അതിനു പിന്നിലെ പ്രചോദനം ശരിയല്ലെങ്കിൽ, അത് വെറും അർത്ഥശൂന്യവും

നിഷ്പ്രയോജനവുമായിത്തീരും.

ആത്മീയ വരങ്ങളെക്കാളും, ശുശ്രൂഷാ പദവികളെക്കാളും, ജീവകാരുണ്യപ്രവർത്തനങ്ങളെക്കാളും, എന്തിന്, വിശ്വാസത്തെക്കാളും, പ്രത്യാശയെക്കാളും സ്നേഹം ശ്രേഷ്ഠമായിരിക്കുന്നത് എന്തുകൊണ്ടെന്നാൽ, സ്നേഹം എന്നേക്കും നിലനിൽക്കുന്നതാണ്. മറ്റുള്ളതെല്ലാം എന്നെന്നേക്കുമായി അവസാനിക്കുന്ന ഒരു കാലം വരും; അപ്പോഴും സ്നേഹം മാത്രം നിലനിൽക്കും. ബാക്കിയുള്ളവയുടെയൊക്കെ ഉപയോഗം കഴിഞ്ഞ് അവയെല്ലാം നിഷ്ക്രിയമായിത്തീരും.

അതിനർത്ഥം നമ്മൾ ആത്മീയ വരങ്ങൾ ഉപയോഗിക്കരുതെന്നോ സഭയിലെ ശുശ്രൂഷകൾ നിർവ്വഹിക്കരുതെന്നോ അല്ല. നമ്മുടെ മുൻഗണനകൾ കൃത്യമായിരിക്കണം; ഒന്നാമതായി സ്നേഹത്തിൽ നടക്കുക, അതിനുശേഷം ആത്മീയ വരങ്ങൾക്കും ശുശ്രൂഷകൾക്കുമായി വാഞ്ഛിക്കുകയും അവ ഉപയോഗിക്കുകയും ചെയ്യുക. ഇതാണ് 1 കൊരിന്ത്യർ 14:1-ൽ പൗലൊസ് ചൂണ്ടിക്കാണിക്കുന്നത്.

ഓർക്കുക, സ്നേഹത്തിലൂടെയാണ് വിശ്വാസം പ്രാവർത്തികമാകുന്നത് (ഗലാത്യർ 5:6).

[**കുറിപ്പ്:** 1 കൊരിന്ത്യർ 13:8-ൽ പ്രവചനങ്ങളെക്കുറിച്ചും (*"പ്രവചനവരമോ, അതു നീങ്ങിപ്പോകും."*) ജ്ഞാനത്തെക്കുറിച്ചും (*"ജ്ഞാനമോ, അതു നീങ്ങിപ്പോകും."*) പറയുമ്പോൾ, "നീങ്ങിപ്പോകും" എന്നർത്ഥം വരുന്ന *'കാറ്റാർജിയോ'* എന്ന ഒരേ ഗ്രീക്ക് വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ വരങ്ങളുടെയെല്ലാം ഉപയോഗം കഴിഞ്ഞ് അവ നിഷ്ക്രിയമായിത്തീരും എന്നാണ് ഇതിന്റെ അർത്ഥം].

സ്നേഹം ഒരിക്കലും പരാജയപ്പെടുകയോ ഇല്ലാതാവുകയോ ഇല്ല

1 കൊരിന്ത്യർ 13:8

സ്നേഹം ഒരുനാളും ഉതിർന്നുപോകയില്ല.

സ്നേഹത്തോട് ചേർത്ത് ഇവിടെ "ഉതിർന്നുപോവുകയില്ല" എന്ന് വിവർത്തനം ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്ക് *'എക്പിപ്റ്റോ'* എന്നാണ്. സ്ട്രോങ്ങ്സിന്റെ (Strong's) ഗ്രീക്ക് നിഘണ്ടു പ്രകാരം ഇതിന്റെ അർത്ഥം *"തന്റെ യഥാർത്ഥ മാർഗ്ഗത്തിൽനിന്നും തെറ്റിപ്പോവുക; തോറ്റുപോവുക, നിഷ്ഫലമായിത്തീരുക"* എന്നൊക്കെയാണ്. കൂടാതെ തയെറിന്റെ (Thayer's) ഗ്രീക്ക് നിഘണ്ടു നൽകുന്ന

വിശദീകരണത്തിൽ *"പിടിച്ചുനിൽക്കുവാൻ കഴിയാത്ത ഒരിടത്തുനിന്ന് വീണുപോവുക, പദവി നഷ്ടപ്പെടുക, ശക്തിയില്ലാതെ നിലംപതിക്കുക, യാതൊരു ഫലവുമില്ലാതെ വരിക"* എന്നുകൂടി ഇതിന് അർത്ഥമുണ്ട്.

ഇതെല്ലാം കൂട്ടി വായിക്കുമ്പോൾ നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്ന ഒരു കാര്യം നമ്മൾ സ്നേഹത്തിൽ ജീവിക്കുമ്പോൾ നമ്മുടെ പാതയിൽ നിന്ന് നമ്മൾ ഒരിക്കലും വ്യതിചലിച്ചു പോകില്ല എന്നതാണ്. സ്നേഹത്തിൽ നടക്കുക എന്നാൽ ശരിയായ മാർഗ്ഗത്തിലൂടെ, നേരായ പാതയിലൂടെ സഞ്ചരിക്കുക എന്നാണ് അർത്ഥം. മാത്രമല്ല, സ്നേഹത്തിൽ ജീവിക്കുമ്പോൾ നമ്മൾ ഒരിക്കലും ബലഹീനരായി വീണുപോകില്ല, നമ്മൾ അപമാനിക്കപ്പെടുകയോ പ്രയോജനമില്ലാത്തവരായി മാറുകയോ ഇല്ല. പകരം, നമ്മുടെ ജീവിതം മറ്റുള്ളവരിൽ വലിയൊരു സ്വാധീനവും മാറ്റവും ഉണ്ടാക്കും.

അതുകൊണ്ട്, സ്നേഹത്തിൽ നടക്കുമ്പോൾ നമ്മൾ ഒരിക്കലും പരാജയപ്പെടാത്ത ഒരു മാർഗ്ഗത്തിലാണ് സഞ്ചരിക്കുന്നതെന്ന് തിരിച്ചറിയുക. ദൈവീകമായ ആ സ്നേഹത്താൽ പ്രേരിതമായും നയിക്കപ്പെട്ടും നിയന്ത്രിക്കപ്പെട്ടും നിങ്ങൾ ചെയ്യുന്ന എന്തും ഫലം പുറപ്പെടുവിക്കുക തന്നെ ചെയ്യും.

പിതാവിന്റെ സ്നേഹത്തിൽ വിശ്രമിക്കുന്നതും ആ സ്നേഹത്തിൽ ജീവിക്കുന്നതും നിങ്ങളെ എപ്പോഴും ശരിയായ മാർഗ്ഗത്തിൽതന്നെ കാത്തുസൂക്ഷിക്കും.

ദൈവസ്നേഹം സ്വീകരിക്കുന്നത് മറ്റുള്ളവരെ സ്നേഹിക്കുവാനുള്ള നമ്മുടെ ശേഷി വർദ്ധിപ്പിക്കുന്നു

റോമർ 5:3-5

[3]അതുതന്നെ അല്ല, കഷ്ടത സഹിഷ്ണതയെയും സഹിഷ്ണത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്ന് അറിഞ്ഞ്

[4]നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു

[5]പ്രത്യാശയ്ക്കോ ഭംഗം വരുന്നില്ല; ദൈവത്തിന്റെ സ്നേഹം നമുക്കു നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ

വിശ്വാസികളായ നമ്മുടെ ഇന്നത്തെ ജീവിത സാഹചര്യങ്ങളെക്കുറിച്ചാണ് അപ്പൊസ്തലനായ പൗലൊസ് ഇവിടെ എഴുതുന്നത്. നമ്മൾ നേരിടുന്ന കഷ്ടതകൾ നമ്മിൽ സഹിഷ്ണതയും (ക്ഷമയോടെ പിടിച്ചുനിൽക്കുവാനുള്ള ശേഷി), ആ

സഹിഷ്ണത സിദ്ധതയെ വളർത്തുമെന്നും, സിദ്ധത വരുവാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള നമ്മുടെ പ്രത്യാശയെ കൂടുതൽ ശക്തമാക്കുമെന്നും അവൻ വ്യക്തമാക്കുന്നു.

നമുക്കുള്ള ഈ പ്രത്യാശ ഒരിക്കലും നമ്മെ നിരാശരാക്കുകയില്ല. അക്ഷരാർത്ഥത്തിൽ പ്രത്യാശ നമ്മെ ലജ്ജിപ്പിക്കുകയില്ല, അതിനെകുറിച്ച് നമുക്കും ലജ്ജയില്ല, കാരണം, ഇപ്പോഴും ഇവിടെയും നമ്മൾ ദൈവത്തിന്റെ സ്നേഹം അനുഭവിക്കുകയാണ്—പിതാവിന്റെ അളക്കുവാനാവാത്തതും വ്യവസ്ഥകളില്ലാത്തതുമായ മഹാസ്നേഹം! പരിശുദ്ധാത്മാവിലൂടെ ഈ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് കുത്തിയൊഴുകി നിറഞ്ഞുകവിയുകയാണ് ചെയ്യുന്നത്.

പിതാവിന്റെ ഈ സ്നേഹം നമ്മുടെ ഹൃദയങ്ങളിൽ കവിഞ്ഞൊഴുകുന്നത് നമ്മൾ അത് അനുഭവിച്ച് ആസ്വദിക്കുവാൻ വേണ്ടി മാത്രമല്ല, മറ്റുള്ളവർക്ക് പകർന്നു കൊടുക്കുവാൻ വേണ്ടി കൂടിയാണ്.

ഹൃദയത്തിൽ പിതാവിന്റെ സ്നേഹം നിറയുന്നതുകൊണ്ടാണ് കഷ്ടതകളിലും നമുക്ക് സന്തോഷിക്കുവാനും നമ്മുടെ പ്രത്യാശയിൽ ഒട്ടും ലജ്ജിക്കാതിരിക്കുവാനും കഴിയുന്നത്.

പിതാവിന്റെ സ്നേഹം നമ്മുടെ ഹൃദയത്തിൽ നിറഞ്ഞുകവിയുന്നതിനാൽ ആ സ്നേഹത്തോടെ മറ്റുള്ളവരെയും സ്നേഹിക്കുവാനുള്ള നമ്മുടെ ശേഷി പല മടങ്ങ് വർദ്ധിക്കും. ദൈവത്തെപ്പോലെ മറ്റുള്ളവരെ സ്നേഹിക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ ശക്തരാക്കുകയാണ് ചെയ്യുന്നത്. ദൈവം സ്നേഹിക്കുന്നതുപോലെ നമുക്ക് സ്നേഹിക്കുവാൻ കഴിയും! സ്നേഹം എന്താണോ ചെയ്യുവാൻ ആഗ്രഹിക്കുന്നത്, അത് നാം ചെയ്യും. നമ്മൾ മറ്റുള്ളവരെ മോശമായ രീതിയിൽ വിധിക്കുന്നതും, കുറ്റപ്പെടുത്തുന്നതും, വിമർശിക്കുന്നതും അവസാനിപ്പിക്കും. നമ്മൾ സത്യം സംസാരിക്കുകയും സ്നേഹത്തോടെ തിരുത്തുകയും മാർഗ്ഗനിർദേശം നൽകുകയും ചെയ്യും. പ്രയാസകരമായ സാഹചര്യങ്ങളിലും മറ്റുള്ളവരെ വിശ്വസിക്കുവാനും ഉയർത്തിക്കൊണ്ടുവരുവാനും നാം പ്രത്യാശാപൂർണ്ണരായിരിക്കും.

ഈ സ്നേഹം ഭാര്യ-ഭർത്തൃ ബന്ധങ്ങളിലേക്ക് കടന്നുവരുന്നത് ഒന്നു സങ്കൽപ്പിച്ചു നോക്കൂ. യഥാർത്ഥത്തിൽ ദൈവവചനത്തിലൂടെ

നമ്മോട് ആവശ്യപ്പെട്ടിരിക്കുന്നതും അതുതന്നെയാണ്: ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ സ്നേഹിക്കുക; പിതാവിന്റെ സ്നേഹത്തോടെ പരസ്പരം സ്നേഹിക്കുക.

എഫെസ്യർ 5:25

ഭർത്താക്കന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. ...അവൻ തന്നേത്താൻ അവൾക്കുവേണ്ടി ഏല്പിച്ചുകൊടുത്തു.

വേദനിക്കുന്ന ഈ ലോകത്തിൽ, നമ്മുടെ വിവാഹജീവിതവും കുടുംബവും സ്നേഹത്തിന്റെ ഒരു മരുപ്പച്ചയായി മാറും. പിതാവിന്റെ സ്നേഹം അവിടെ കവിഞ്ഞൊഴുകുന്നതിനാൽ ഭർത്താവും ഭാര്യയും മക്കളുമെല്ലാം വീട്ടിലായിരിക്കുവാനും ഒരുമിച്ചിരിക്കുവാനും എപ്പോഴും ആഗ്രഹിക്കും. അങ്ങനെ നമ്മുടെ ഭവനങ്ങൾ അഭയത്തിന്റെയും ആശ്വാസത്തിന്റെയും ശക്തിയുടെയും സൌഖ്യത്തിന്റെയും ഒരു സ്ഥാനമായി മാറും.

ദൈവത്തെപ്പോലെ സ്നേഹിക്കുമ്പോൾ അത് ദൈവത്തെ വെളിപ്പെടുത്തുന്നു

1 യോഹന്നാൻ 4:12

ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല; നാം തമ്മിൽ തമ്മിൽ സ്നേഹിക്കുന്നു എങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു; അവന്റെ സ്നേഹം നമ്മിൽ തികഞ്ഞുമിരിക്കുന്നു.

ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. എന്നാൽ നമ്മൾ പരസ്പരം സ്നേഹിക്കുമ്പോൾ, ദൈവം നമ്മിൽ ജീവിക്കുകയും നമ്മിലൂടെ മറ്റുള്ളവർക്ക് കാണപ്പെടുകയും ചെയ്യും. അവന്റെ സ്നേഹത്തോടെ നമ്മൾ മറ്റുള്ളവരെ സ്നേഹിക്കുമ്പോൾ, ദൈവം നമ്മിലൂടെ വെളിപ്പെടുകയാണ് ചെയ്യുന്നത്. ദൈവത്തെപ്പോലെ സ്നേഹിക്കുന്നത് ദൈവത്തെ മറ്റുള്ളവർക്ക് മുൻപിൽ പ്രദർശിപ്പിക്കുന്നതിന് തുല്യമാണ്. തൊട്ടറിയാവുന്ന രീതിയിൽ പിതാവിന്റെ സ്നേഹം പ്രകടമാകുന്നതിലൂടെ ദൈവത്തെക്കുറിച്ചു ഒരളവിലുള്ള വെളിപ്പാടു മറ്റുള്ളവർക്ക് ലഭിക്കുന്നു.

മലാഖി 4:5,6

[5]യഹോവയുടെ വലിയതും ഭയങ്കരവുമായുള്ള നാൾ വരുന്നതിന്നു മുമ്പെ ഞാൻ നിങ്ങൾക്കു ഏലീയാപ്രവാചകനെ അയക്കും.

[6]ഞാൻ വന്നു ഭൂമിയെ ശാപംകൊണ്ടു അടിക്കാതിരിക്കേണ്ടതിന്നു അവൻ അപ്പന്മാരുടെ ഹൃദയങ്ങളെ മക്കളോടും മക്കളുടെ ഹൃദയങ്ങളെ അപ്പന്മാരോടും അടുപ്പിക്കും.

കർത്താവിന്റെ ഭയങ്കരമായ നാൾ വരുന്നതിനു മുൻപായി ദൈവം

ചെയ്യുന്ന പ്രധാനപ്പെട്ട ഒരു കാര്യം, അപ്പന്മാരുടെ ഹൃദയങ്ങളെ മക്കളോടും മക്കളുടെ ഹൃദയങ്ങളെ അപ്പന്മാരോടും അടുപ്പിക്കുക എന്നതാണ്. ഇത് നടക്കാതെ പോയാൽ ഭൂമി ശാപത്താൽ തകർക്കപ്പെടും എന്ന് പറയുന്നതിൽ നിന്ന് തന്നെ ഇതിന്റെ പ്രാധാന്യം എത്രത്തോളമാണെന്ന് നമുക്ക് മനസ്സിലാക്കാം. നമ്മുടെ സ്വന്തം കുടുംബങ്ങളുടെയും പ്രാദേശിക സഭകളുടെയും പശ്ചാത്തലത്തിൽ നമുക്കിത് ചിന്തിച്ചു നോക്കാം.

പലർക്കും നമ്മുടെ സ്വർഗ്ഗീയ പിതാവിന്റെ വ്യവസ്ഥകളില്ലാത്തതും പരിപാലിക്കുന്നതുമായ ആ വത്സലസ്നേഹം ആദ്യമായി തൊട്ടറിയാൻ സാധിക്കുന്നത് സ്വന്തം മാതാപിതാക്കളിലൂടെയാണ്. എന്നാൽ കുടുംബങ്ങളിൽ ഈ ബന്ധം തകരുമ്പോൾ, അപ്രകാരമുള്ള സ്നേഹം ഇനി എവിടെ കണ്ടെത്തുമെന്നറിയാതെ അവർ പകച്ചുപോകുന്നു. മാതാപിതാക്കളായ നമ്മൾ പലപ്പോഴും സ്വർഗ്ഗീയ പിതാവിന്റെ സ്നേഹത്തെ തെറ്റായ രീതിയിലാണ് മക്കൾക്ക് മുൻപിൽ കാണിക്കുന്നത്; അല്ലെങ്കിൽ ആ സ്നേഹത്തിന്റെ ഒരു സൂചനപോലും അവർക്ക് നൽകാറില്ല. നമ്മളിൽ ചില അപ്പന്മാർ (പിതാക്കന്മാർ) വിചാരിക്കുന്നത് മക്കളോട് സ്നേഹവും വികാരങ്ങളും പ്രകടിപ്പിക്കുന്നത് തങ്ങളുടെ ബലഹീനതയാണെന്നും അത് ഒരു "ആണിന്" ചേർന്നതല്ലെന്നുമാണ്. എന്നാൽ ഇത് സത്യമല്ല! നമ്മുടെ കുടുംബങ്ങൾക്ക് നമ്മളിൽ—അപ്പന്മാരിൽ—പിതാവായ ദൈവത്തിന്റെ സ്നേഹവും ആർദ്രതയും ശാന്തതയും നന്മയും കരുണയും ക്ഷമയും ദയയുമൊക്കെ കാണാൻ കഴിയണം. നമ്മളിൽ കാണുന്ന ആ സ്നേഹം മുഖാന്തരം നമ്മുടെ കുടുംബാംഗങ്ങൾ സ്വർഗ്ഗീയ പിതാവായ ദൈവത്തോട് കൂടുതൽ അടുക്കുകയാണ് വേണ്ടത്.

ഇത് സഭയാകുന്ന കുടുംബത്തിന്റെ കാര്യത്തിലും സത്യമാണ്. രക്ഷിക്കപ്പെടാത്തവരും വഴിതെറ്റിപ്പോയവരും ധൂർത്ത പുത്രന്മാരെപ്പോലെയുള്ളവരുമായ ആളുകൾ, സഭയിലെ "അപ്പന്മാരിലും" "അമ്മമാരിലും" പിതാവായ ദൈവത്തിന്റെ സ്നേഹം കാണുമ്പോൾ അവർ തിരികെ ഭവനത്തിലേക്ക് വരും. തകർന്നവരും വഴിതെറ്റിയവരും മുറിവേറ്റവരും കടന്നുവരുമ്പോൾ അവരെ സ്വാഗതം ചെയ്യുന്ന ഒരിടമായിരിക്കണം പ്രാദേശിക സഭ. അവിടെ അവർ പിതാവിന്റെ സ്നേഹത്താൽ പരിപാലിക്കപ്പെടുകയും പൂർണ്ണമായ സൌഖ്യത്തിലേക്ക് വരികയും വേണം.

ദൈവത്തെപ്പോലെ സ്നേഹിക്കുമ്പോൾ അവന്റെ സ്നേഹത്തെക്കുറിച്ചുള്ള നമ്മുടെ ബോധ്യം വികസിക്കുന്നു

1 യോഹന്നാൻ 4:12

ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല; നാം തമ്മിൽ തമ്മിൽ സ്നേഹിക്കുന്നു എങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു; അവന്റെ സ്നേഹം നമ്മിൽ തികഞ്ഞുമിരിക്കുന്നു.

അവന്റെ സ്നേഹത്താൽ നമ്മൾ മറ്റുള്ളവരെ സ്നേഹിക്കുമ്പോൾ, ദൈവസ്നേഹം നമ്മിൽ തികഞ്ഞുവരികയും പൂർണ്ണമാക്കപ്പെടുകയും അതിന്റെ യഥാർത്ഥ ലക്ഷ്യം നമ്മിൽ നിറവേറ്റുകയും ചെയ്യും. അപ്പോൾ നാം പിതാവിന് നമ്മോടുള്ള സ്നേഹത്തെക്കുറിച്ചു കൂടുതലായി അറിയുകയും അവന്റെ സ്നേഹത്തിന് നമ്മുടെ ജീവിതത്തിൽ ഉദ്ദേശിച്ച പ്രവൃത്തി ചെയ്യുവാൻ നമ്മെ ഏൽപ്പിച്ചുകൊടുക്കുകയും ചെയ്യും.

പിതാവിന്റെ സ്നേഹത്തെക്കുറിച്ചുള്ള ആഴമേറിയ വെളിപ്പാടിലേക്ക് വളരുവാനായി ചെയ്യുവാൻ പറ്റിയ ഏറ്റവും ഉത്തമമായ കാര്യം, അവൻ സ്നേഹിച്ചതുപോലെ മറ്റുള്ളവരെ സ്നേഹിക്കുക എന്നതാണ്. പ്രയാസകരമായ സാഹചര്യങ്ങളിൽപ്പോലും ദൈവത്തെപ്പോലെ സ്നേഹിക്കുവാൻ നമ്മൾ തീരുമാനിക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യുമ്പോൾ, ദൈവസ്നേഹത്തെക്കുറിച്ചുള്ള നമ്മുടെ വ്യക്തിപരമായ വെളിപ്പാട് വളർന്നുകൊണ്ടേയിരിക്കും. മറ്റുള്ളവരെ സ്നേഹിക്കുവാനുള്ള നമ്മുടെ ശേഷി വർദ്ധിക്കുന്തോറും, ദൈവത്തിന് നമ്മോടുള്ള സ്നേഹത്തിന്റെ മഹത്വം എത്രത്തോളമുണ്ടെന്ന് നമ്മൾ കൂടുതലായി മനസ്സിലാക്കുവാൻ തുടങ്ങും. നമ്മളിലൂടെ മറ്റുള്ളവരിലേക്ക് ഒഴുകുവാൻ ദൈവസ്നേഹത്തിന് നമ്മൾ എത്രത്തോളം ഇടം കൊടുക്കുന്നുവോ, അത്രത്തോളം ദൈവസ്നേഹത്തിന്റെ ആഴം നമുക്ക് വെളിപ്പെട്ടു കിട്ടും. അവന്റെ സ്നേഹം നമ്മൾ മറ്റുള്ളവരിലേക്ക് പകരുമ്പോൾ, ദൈവസ്നേഹം നമ്മുടെ ഉള്ളിലേക്ക് കൂടുതൽ ശക്തിയായി പകരപ്പെടുന്നത് നമ്മൾ അനുഭവിക്കും. അങ്ങനെ ദൈവസ്നേഹത്തിന്റെ വലിയൊരു വെളിപ്പാട് നമ്മുടെ സ്വന്തമായി മാറും.

സ്നേഹത്തിൽ ജീവിക്കുക എന്നാൽ ദൈവവുമായി ഏകീഭവിച്ചു ജീവിക്കുക എന്നാണ്

1 യോഹന്നാൻ 4:16

ഇങ്ങനെ ദൈവത്തിനു നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു; ദൈവം സ്നേഹം തന്നേ; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു;

ദൈവം അവനിലും വസിക്കുന്നു.

1 യോഹന്നാൻ 4:16 (ഗ്രഡ് ന്യൂസ് ട്രാൻസ്ലേഷൻ ഇംഗ്ലീഷ് ബൈബിൾ)
ദൈവത്തിന് നമ്മോടുള്ള സ്നേഹം നാം അറിയുകയും വിശ്വസിക്കുകയും ചെയ്യുന്നു. ദൈവം സ്നേഹമാണ്, സ്നേഹത്തിൽ ജീവിക്കുന്നവർ ദൈവവുമായി ഐകമത്യത്തിൽ ജീവിക്കുന്നു, ദൈവം അവരുമായും ഐകമത്യത്തിൽ ജീവിക്കുന്നു.

പിതാവിന്റെ സ്നേഹത്തിൽ വസിക്കുകയും അതിൽ ജീവിക്കുകയും ചെയ്യുമ്പോൾ നമ്മൾ ദൈവത്തിലും ദൈവം നമ്മിലും വസിക്കും. പിതാവിന്റെ സ്നേഹത്തിൽ നിലനിൽക്കുമ്പോൾ നമ്മൾ ദൈവത്തോട് പൂർണ്ണമായി ഏകീഭവിക്കുകയാണ് ചെയ്യുന്നത്. നമ്മൾ ദൈവത്തിലും ദൈവത്തിലൂടെയും ചലിക്കുന്നു, ദൈവം നമ്മിലും നമ്മിലൂടെയും ചലിക്കുന്നു. ഈ സത്യം എത്രയോ ശക്തമാണ്! നമ്മൾ സ്നേഹത്തോടെ ചലിക്കുമ്പോൾ ദൈവം നമ്മോടൊപ്പം ചലിക്കുന്നു. നമ്മൾ സ്നേഹത്തോടെ പ്രവർത്തിക്കുമ്പോൾ ദൈവം നമ്മോടൊപ്പം പ്രവർത്തിക്കുന്നു. സ്നേഹത്തോടെ നമ്മൾ ഒരാളെ തൊടുമ്പോൾ ദൈവം അവരെ തൊടുന്നു. സ്നേഹത്തോടെ നമ്മൾ സംസാരിക്കുമ്പോൾ ദൈവം സംസാരിക്കുന്നു. ദൈവീകമായ ഈ സ്നേഹത്തിൽ ജീവിക്കുമ്പോൾ നമ്മൾ ദൈവവുമായി അത്രമേൽ ഒന്നാകുന്നതുകൊണ്ട് നമ്മെ തോൽപ്പിക്കുവാൻ ആർക്കും കഴിയുകയില്ല. ശത്രുവിന് നമ്മെ തടയുവാനോ തളർത്തുവാനോ പിന്നോട്ട് വലിക്കുവാനോ ഒന്നിനും സാധിക്കുകയില്ല.

നമുക്കിത് നമ്മുടെ ജീവിതശൈലിയാക്കി മാറ്റാം. പിതാവിന്റെ സ്നേഹത്തിൽ വിശ്രമിച്ചുകൊണ്ട് അതിൽ നിന്നും ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം. അങ്ങനെ ചെയ്യുമ്പോൾ നമ്മൾ ദൈവത്തിലാണ് ചലിക്കുന്നത്; ദൈവം നമ്മിലും നമ്മിലൂടെയും ചലിക്കുന്നു.

ചിന്തയ്ക്കായി



1) ദൈവത്തെപ്പോലെ സ്നേഹിച്ചുകൊണ്ട് നമ്മുടെ സ്വർഗ്ഗീയ പിതാവിനെ അനുകരിക്കുവാൻ, ജീവിതത്തിൽ വരുത്തേണ്ട ചില മാറ്റങ്ങൾ എന്തൊക്കെയാണെന്ന് എഴുതുക; ഇതിനായി കർത്താവിന്റെ സഹായം അപേക്ഷിക്കുക.

2) സ്നേഹത്തിൽ നടക്കുന്നതിനെക്കുറിച്ചുള്ള പല പ്രധാന സത്യങ്ങളും നമ്മൾ ചിന്തിച്ചുവല്ലോ:

- സ്നേഹത്തിൽ ജീവിക്കുക എന്നാൽ അതിശ്രേഷ്ഠമായ വഴിയിലൂടെ സഞ്ചരിക്കുക എന്നാണ്.
- സ്നേഹം ഒരിക്കലും പരാജയപ്പെടുകയോ ഇല്ലാതാവുകയോ ഇല്ല.
- ദൈവസ്നേഹം സ്വീകരിക്കുമ്പോൾ മറ്റുള്ളവരെ സ്നേഹിക്കുവാനുള്ള നമ്മുടെ ശേഷി വർദ്ധിക്കുന്നു.
- ദൈവത്തെപ്പോലെ സ്നേഹിക്കുമ്പോൾ അത് ദൈവത്തെ വെളിപ്പെടുത്തുന്നു.
- ദൈവത്തെപ്പോലെ സ്നേഹിക്കുമ്പോൾ അവന്റെ സ്നേഹത്തെക്കുറിച്ചുള്ള നമ്മുടെ ബോധ്യം കൂടുതൽ വലുതാകുന്നു.
- സ്നേഹത്തിൽ ജീവിക്കുക എന്നാൽ ദൈവവുമായി ഏകീഭവിച്ചു ജീവിക്കുക എന്നാണ്.

ഈ സത്യങ്ങൾ നിങ്ങളുടെ വ്യക്തിജീവിതത്തോട് ചേർത്തുനിർത്തി, ഓരോ കാര്യവും നിങ്ങളുടെ ജീവിത സാഹചര്യങ്ങളിൽ എങ്ങനെ പ്രാവർത്തികമാക്കാമെന്ന് ഒന്നോ രണ്ടോ വാക്യങ്ങളിൽ എഴുതുക:

- സ്നേഹത്തിൽ ജീവിക്കുന്നത് ഏറ്റവും ശ്രേഷ്ഠമായ വഴിയിലൂടെ സഞ്ചരിക്കുന്നതായതുകൊണ്ട്, ഞാൻ ഇനി മുതൽ...
- സ്നേഹം ഒരിക്കലും പരാജയപ്പെടാത്തതിനാൽ, എനിക്ക്... സാധിക്കുമെന്ന് എനിക്കറിയാം.
- ദൈവസ്നേഹം സ്വീകരിക്കുന്നത് മറ്റുള്ളവരെ സ്നേഹിക്കുവാനുള്ള എന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനാൽ, എനിക്ക്... സാധിക്കുമെന്ന് എനിക്കറിയാം.
- ദൈവത്തെപ്പോലെ സ്നേഹിക്കുന്നത് ദൈവത്തെ വെളിപ്പെടുത്തുന്നതിനാൽ, ഞാൻ...
- ദൈവത്തെപ്പോലെ സ്നേഹിക്കുന്നത് അവന്റെ സ്നേഹത്തെക്കുറിച്ചുള്ള എന്റെ ബോധ്യം വലുതാക്കുന്നതിനാൽ, ഞാൻ...
- സ്നേഹത്തിൽ ജീവിക്കുന്നത് ദൈവവുമായി ഏകീഭവിച്ചു ജീവിക്കുന്നതായതിനാൽ, ഞാൻ...

ഓൺലൈനിൽ ചേരുവാൻ ഉള്ള ലിങ്ക്

(JOIN US ONLINE)

ഇംഗ്ലീഷ്
(ENGLISH)
https://youtube.com/allpeopleschurchbangalore
https://instagram.com/allpeopleschurchbangalore
https://facebook.com/apcwo
https://youtube.com/apcbiblecollege
https://instagram.com/apcbiblecollege
https://youtube.com/APCMusicindia
https://www.youtube.com/@apc-free-christian-books
https://youtube.com/@chrysalislifecounseling
https://instagram.com/ChrysalisLifeCounseling

ഹിന്ദി
(HINDI)
https://youtube.com/APCHindi
https://www.instagram.com/apc_bangalore_hindi

നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ നിങ്ങൾക്കറിയാമോ?

ഏകദേശം 2000 വർഷങ്ങൾക്ക് മുമ്പ്, ദൈവം മനുഷ്യനായി ഈ ഭൂമിയിൽ വന്നു. തന്റെ പേര് യേശു എന്നാണ്. അവൻ തികച്ചും പാപരഹിതമായ ഒരു ജീവിതം നയിച്ചു. ദൈവം ജഡത്തിൽ വന്നതാണ് യേശു എന്നതിനാൽ, താൻ പറഞ്ഞതും ചെയ്തതുമായ എല്ലാ കാര്യങ്ങളും ദൈവത്തെ നമുക്ക് വെളിപ്പെടുത്തി. താൻ പറഞ്ഞ വാക്കുകൾ ദൈവത്തിന്റെ വചനങ്ങളായിരുന്നു. താൻ ചെയ്ത കാര്യങ്ങളെല്ലാം ദൈവത്തിന്റെ പ്രവൃത്തികളായിരുന്നു. യേശു ഭൂമിയിൽ അനേകം അത്ഭുതങ്ങൾ ചെയ്തു. അവൻ രോഗികളെയും കഷ്ടമനുഭവിക്കുന്നവരെയും സൗഖ്യമാക്കി. അവൻ കുരുടർക്ക് കാഴ്ച നൽകി, ബധിരരുടെ ചെവികൾ തുറന്നു, മുടന്തരെ നടത്തി, എല്ലാത്തരം രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തി. അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ച് അവൻ വിശന്നവരെ പോഷിപ്പിക്കുകയും, കൊടുങ്കാറ്റിനെ ശാന്തമാക്കുകയും, മറ്റു പല വീര്യപ്രവൃത്തികൾ നടത്തുകയും ചെയ്തു.

ഈ പ്രവൃത്തികളെല്ലാം നമുക്ക് വെളിപ്പെടുത്തുന്നത് മനുഷ്യർ സുഖമായും, ശുഭമായും, ആരോഗ്യത്തോടെയും, സന്തോഷത്തോടെയും ജീവിക്കണമെന്ന് ആഗ്രഹിക്കുന്ന നല്ലവനായ ഒരു ദൈവത്തെയാണ്. ദൈവം ജനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുവാൻ ആഗ്രഹിക്കുന്നു.

അങ്ങനെയെങ്കിൽ എന്തിനുവേണ്ടിയാണ് ദൈവം ഒരു മനുഷ്യനാകുവാനും, ഈ ലോകത്തിലേക്കു വരുവാനും തീരുമാനിച്ചത്? എന്തിനു വേണ്ടിയാണ് യേശു വന്നത്?

നാമെല്ലാവരും പാപം ചെയ്ത് നമ്മെ സൃഷ്ടിച്ച ദൈവത്തിന്റെ മുൻപാകെ അസ്വീകാര്യമായ കാര്യങ്ങൾ ചെയ്തിരിക്കുന്നു. പാപത്തിനു അതിന്റെ അനന്തരഫലങ്ങളുണ്ട്. പാപം നമുക്കും ദൈവത്തിനുമിടയിൽ മറികടക്കാനാവാത്ത ഒരു വലിയ മതിൽ പോലെയാണ്. പാപം നമ്മെ ദൈവത്തിൽ നിന്നും വേർപ്പെടുത്തുന്നു. നമ്മെ സൃഷ്ടിച്ചവനെ അറിയുന്നതിൽ നിന്നും, അർത്ഥവത്തായ ബന്ധം പുലർത്തുന്നതിൽ നിന്നും അത് നമ്മെ തടയുന്നു. അതിനാൽ, നമ്മളിൽ പലരും ഈ ശൂന്യത മറ്റു പല കാര്യങ്ങൾകൊണ്ട് നികത്താൻ ശ്രമിക്കുന്നു.

പാപത്തിന്റെ മറ്റൊരു പരിണിതഫലം ദൈവത്തിൽ നിന്നുള്ള നിത്യമായ വേർപാടാണ്. ദൈവത്തിന്റെ കോടതിയിൽ പാപത്തിനുള്ള ശിക്ഷ മരണമാണ്. നിത്യമായി ദൈവത്തിൽ നിന്ന് വേർപെട്ട് നരകത്തിൽ കഴിയുന്നതാണ് മരണം.

എന്നാൽ സുവാർത്ത എന്തെന്നാൽ പാപത്തിൽ നിന്ന് മോചിതരാകുവാനും ദൈവത്തിങ്കലേക്ക് യഥാസ്ഥാനപ്പെടുവാനും നമുക്ക് കഴിയും. ബൈബിൾ പറയുന്നു, ***"പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ"*** **(റോമർ 6:23).** യേശു ക്രൂശിൽ മരിച്ചപ്പോൾ ലോകത്തിന്റെ മുഴുവൻ പാപത്തിനുമുള്ള മറുവില കൊടുത്തു. മൂന്നു ദിവസത്തിനു ശേഷം താൻ ഉയിർത്തെഴുന്നേറ്റു, തന്നെത്തന്നെ അനേകർക്ക് ജീവനുള്ളവനായി

വെളിപ്പെടുത്തി കൊടുത്തു, എന്നിട്ടവൻ സ്വർഗ്ഗത്തിലേക്ക് മടങ്ങിപോയി.

ദൈവം സ്നേഹത്തിന്റെയും, കാരുണ്യത്തിന്റെയും ദൈവമാണ്. ഒരു വ്യക്തിയും നരകത്തിൽ നഷ്ടമാകുവാൻ താൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട്, മുഴുവൻ മനുഷ്യവർഗ്ഗത്തിനും പാപത്തിൽ നിന്നും, അതിന്റെ ശാശ്വത അനന്തരഫലങ്ങളിൽ നിന്നും സ്വതന്ത്രരാകുവാനുള്ള ഒരു മാർഗ്ഗം പ്രദാനം ചെയ്യുവാനാണ് അവൻ വന്നത്. അവൻ പാപികളെ രക്ഷിക്കുവാനാണ് വന്നത്—എന്നെയും, നിന്നെയും പോലുള്ള മനുഷ്യരെ പാപത്തിൽനിന്നും, നിത്യമരണത്തിൽ നിന്നും വിടുവിക്കുവാനാണ് വന്നത്.

സൗജന്യമായ ഈ പാപക്ഷമ ലഭ്യമാകുവാൻ, നാം ഒരു കാര്യം മാത്രമേ ചെയ്യേണ്ടതുള്ളൂ എന്ന് ബൈബിൾ നമ്മോടു പറയുന്നു—കർത്താവായ യേശുക്രിസ്തു ക്രൂശിൽ നിവർത്തിച്ചത് അംഗീകരിക്കുകയും അവനിൽ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുകയും ചെയ്യുക എന്നതാണത്.

***".... അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമം മൂലം പാപമോചനം ലഭിക്കും"* (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 10:43).**

***"യേശുവിനെ കർത്താവ് എന്നു വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും"* (റോമർ 10:9).**

കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നുവെങ്കിൽ നിങ്ങൾക്കും നിങ്ങളുടെ പാപങ്ങൾക്ക് ക്ഷമയും, ശുദ്ധീകരണവും ലഭിക്കും.

കർത്താവായ യേശുക്രിസ്തുവിലും, ക്രൂശിൽ അവൻ നിങ്ങൾക്കായി നിവർത്തിച്ച കാര്യങ്ങളിലും വിശ്വസിക്കുവാൻ നിങ്ങളെ സഹായിക്കുന്നതിനുള്ള ലളിതമായ ഒരു പ്രാർത്ഥനയാണ് ഇനി പറയുന്നത്. യേശു നിങ്ങൾക്കുവേണ്ടി ചെയ്തിരിക്കുന്ന കാര്യങ്ങൾ അംഗീകരിക്കുവാനും, നിങ്ങളുടെ പാപങ്ങൾക്ക് ക്ഷമയും, ശുദ്ധീകരണവും പ്രാപിക്കുവാനും ഈ പ്രാർത്ഥന നിങ്ങളെ സഹായിക്കും. ഈ പ്രാർത്ഥന ഒരു മാർഗ്ഗദർശനം മാത്രമാണ്. നിങ്ങളുടെ സ്വന്തം വാക്കുകളിലും നിങ്ങൾക്കു പ്രാർത്ഥിക്കാം.

പ്രിയ കർത്താവായ യേശുവേ, ക്രൂശിൽ അങ്ങ് എനിക്കായി ചെയ്തതെന്താണെന്നു ഇന്ന് ഞാൻ മനസ്സിലാക്കിയിരിക്കുന്നു. അങ്ങ് എനിക്ക് വേണ്ടി മരിച്ചു, അങ്ങയുടെ വിലയേറിയ രക്തം ചൊരിഞ്ഞു, ഞാൻ ക്ഷമിക്കപ്പെടേണ്ടതിനു വേണ്ടി എന്റെ പാപങ്ങൾക്ക് പിഴ നൽകി. ബൈബിൾ എന്നോട് പറയുന്നത് അങ്ങയിൽ വിശ്വസിക്കുന്ന ഏവരുടെയും പാപങ്ങൾ ക്ഷമിക്കപെടും എന്നാണ്.

ഇന്ന്, അങ്ങയിൽ വിശ്വസിക്കുവാനും, ക്രൂശിൽ എനിക്കു വേണ്ടി മരിക്കുകയും മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേൽക്കുകയും ചെയ്തതിലൂടെ എനിക്കു വേണ്ടി ചെയ്തത് സ്വീകരിക്കുവാനും ഞാൻ തീരുമാനിക്കുന്നു. മറ്റൊരു മനുഷ്യനും എന്നെ രക്ഷിക്കുവാൻ കഴിയില്ലെന്നും, എന്റെ സൽപ്രവൃത്തികളാൽ എന്നെ സ്വയം

രക്ഷിക്കുവാൻ കഴിയില്ലെന്നും ഞാൻ അറിയുന്നു. എന്റെ പാപങ്ങൾക്കുള്ള ക്ഷമ എനിക്കു നേടുവാൻ കഴിയുന്ന ഒന്നല്ല.

അങ്ങ് എനിക്ക് വേണ്ടി മരിച്ചു എന്നും, അങ്ങ് എന്റെ പാപങ്ങൾക്കുള്ള പിഴ കൊടുത്തു എന്നും അങ്ങ് മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റു എന്നും ഇന്ന് ഞാൻ എന്റെ ഹൃദയത്തിൽ വിശ്വസിക്കുകയും വായ് കൊണ്ട് ഏറ്റുപറകയും ചെയ്യുന്നു. അങ്ങയിലുള്ള വിശ്വാസത്താൽ ഞാൻ എന്റെ പാപങ്ങൾക്ക് ക്ഷമയും, ശുദ്ധീകരണവും പ്രാപിക്കുന്നു.

നന്ദി യേശുവേ. അങ്ങയെ സ്നേഹിക്കുവാനും, അങ്ങയെ കൂടുതൽ അറിയുവാനും അങ്ങയോട് വിശ്വസ്തനാകുവാനും എന്നെ സഹായിക്കണമേ.

ആമേൻ.

ഓൾ പീഷിൾസ് ചർച്ചിനെ കുറിച്ച്

ഓൾ പീപ്പിൾസ് ചർച്ചിലെ ഞങ്ങളുടെ ദർശനം ബാംഗ്ലൂർ നഗരത്തിൽ ഉപ്പും, വെളിച്ചവും ആയിരിക്കുക എന്നതും, നമ്മുടെ രാജ്യത്തോടും മറ്റു രാജ്യങ്ങളോടുമുള്ള ഒരു ശബ്ദമായിരിക്കുക എന്നതുമാണ്.

ഓൾ പീപ്പിൾസ് ചർച്ച് എന്നത് **യേശുവിനെ സ്നേഹിക്കുന്ന, ദൈവവചന കേന്ദ്രീകൃതമായ, പരിശുദ്ധാത്മനിറവുള്ള, ഒരു കുടുംബ** സഭയാണ്. ഇത് ഒരു സജ്ജീകരണ കേന്ദ്രമായും, സുവിശേഷദൗത്യ താവളമായും ആഗോള സേവനത്തിനായും നിലകൊള്ളുന്നു.

• ഒരു **കുടുംബ സഭ** എന്ന നിലയിൽ, ക്രിസ്തു കേന്ദ്രീകൃത കൂട്ടായ്മയുള്ള ഒരു സമൂഹമായി ഞങ്ങൾ ഒരുമിച്ചു വളരുകയും ദൈവസഭയെന്ന നിലയിൽ സ്നേഹത്തിൽ അന്യോന്യം കരുതുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നു.

• ഒരു **സജ്ജീകരണ കേന്ദ്രം** എന്ന നിലയിൽ, വിജയകരമായി ജീവിക്കുവാനും ക്രിസ്തു സാദൃശ്യത്തിലേക്ക് വളരുവാനും തങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവോദ്ദേശങ്ങൾ നിറവേറ്റുവാനും ഓരോ വിശ്വാസിയെയും നാം ശക്തീകരിക്കുകയും, സജ്ജരാക്കുകയും ചെയ്യുന്നു.

• ഒരു **സുവിശേഷദൗത്യ താവളം** എന്ന നിലയിൽ, ദൈവവചനത്തിലൂടെയും, പരിശുദ്ധാത്മശക്തിയുടെ അസാധാരണ പ്രദർശനങ്ങളിലൂടെയും, യേശു ക്രിസ്തുവിന്റെ പൂർണ്ണ സുവിശേഷത്താൽ നമ്മുടെ നഗരത്തെയും രാഷ്ട്രത്തെയും, മറ്റു രാജ്യങ്ങളെയും അനുഗ്രഹിക്കുന്നതിനുള്ള അർത്ഥവത്തായ ശുശ്രൂഷയിൽ ഞങ്ങൾ ഏർപ്പെട്ടിരിക്കുന്നു.

• ആഗോള **സേവനത്തിന്റെ ഭാഗമായി**, ദൈവരാജ്യത്തിനായി തങ്ങളുടെ മേഖലകളെ സ്വാധീനിക്കാൻ കഴിയുന്ന ദൈവഭക്തരായ നേതാക്കന്മാരെയും, പരിശുദ്ധാത്മാവ് നിറഞ്ഞ സഭകളെയും പരിപോഷിപ്പിച്ചുകൊണ്ട് ഞങ്ങൾ പ്രാദേശികമായും ആഗോളതലത്തിലും സേവിക്കുന്നു.

എപിസി (APC) യിൽ, പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിലും പ്രദർശനത്തിലും പൂർണ്ണവും വിട്ടുവീഴ്ചയില്ലാത്തതുമായ ദൈവവചനം അവതരിപ്പിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. നല്ല സംഗീതം, സർഗ്ഗാത്മക അവതരണങ്ങൾ, ഉജ്ജ്വലമായ വിശ്വാസ സമർത്ഥനം, സമകാലീന ശുശ്രൂഷാരീതികൾ, നൂതന സാങ്കേതികവിദ്യ മുതലായവ, അടയാളങ്ങൾ, അത്ഭുതങ്ങൾ, വീര്യപ്രവർത്തികൾ, പരിശുദ്ധാത്മ വരങ്ങൾ എന്നിവ ഉപയോഗിച്ച് പരിശുദ്ധാത്മാവിന്റെ ശക്തിയിൽ വചനം പ്രസ്താവിക്കുക എന്ന ദൈവനിയമിത സമീപനത്തിന് പകരമാവില്ലെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. (1 കൊരിന്ത്യർ 2:4,5; എബ്രായർ 2:3,4). ഞങ്ങളുടെ പ്രമേയം യേശുവാണ്, ഞങ്ങളുടെ ഉള്ളടക്കം ദൈവവചനമാണ്, ഞങ്ങളുടെ രീതി പരിശുദ്ധാത്മാവിന്റെ ശക്തിയാണ്, ഞങ്ങളുടെ അഭിനിവേശം ജനങ്ങളാണ്, ഞങ്ങളുടെ ലക്ഷ്യം ക്രിസ്തുതുല്യമായ പക്വതയാണ്.

ബാംഗ്ലൂർ ആസ്ഥാനമായ ഓൾ പീപ്പിൾസ് ചർച്ചിന്, ഇന്ത്യയിൽ നിരവധിയിടങ്ങളിൽ സഭകളുണ്ട്. ഓൾ പീപ്പിൾസ് ചർച്ച് ലൊക്കേഷനുകളുടെ നിലവിലെ പട്ടികയും, ബന്ധപ്പെടേണ്ട വിവരങ്ങളും ലഭിക്കുന്നതിന് ദയവായി **apcwo.org/locations** എന്ന ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക അല്ലെങ്കിൽ **contact@apcwo.org** ലേക്ക് ഇമെയിൽ അയക്കുക.

സൗജന്യ പ്രസിദ്ധീകരണങ്ങൾ

A Church in Revival
A Real Place Called Heaven
A Time for Every Purpose
Ancient Landmarks
Baptism in the Holy Spirit
Being Spiritually Minded and Earthly Wise
Biblical Attitude Towards Work
Breaking Personal and Generational Bondages
Change
Code of Honor
Divine Favor
Divine Order in the Citywide Church
Don't Compromise Your Calling
Don't Lose Hope
Equipping the Saints
Foundations (Track 1)
Fulfilling God's Purpose for Your Life
Giving Birth to the Purposes of God
Gifts of the Holy Spirit
God Is a Good God
God's Word—The Miracle Seed
How to Help Your Pastor
Integrity
Interpreting Scripture
Kingdom Builders
Laying the Axe to the Root
Living Life Without Strife
Marriage and Family
Ministering Healing and Deliverance
Offenses—Don't Take Them
Open Heavens
Our Redemption
Receiving God's Guidance
Revivals, Visitations and Moves of God
Shhh! No Gossip!
Speak Your Faith
The Conquest of the Mind
The End Times
The Father's Love
The House of God
The Kingdom of God
The Mighty Name of Jesus
The Night Seasons of Life
The Power of Commitment
The Presence of God
The Redemptive Heart of God
The Refiner's Fire
The Spirit of Wisdom, Revelation and Power
The Wonderful Benefits of Praying in Tongues
Timeless Principles for the Workplace
Understanding the Prophetic
Water Baptism
We Are Different
Who We Are in Christ
Women in the Workplace
Work—Its Original Design

പുതിയ പുസ്തകങ്ങൾ പതിവായി പ്രസിദ്ധീകരിക്കുന്നു. PDF, ഓഡിയോ, മറ്റു ഫോർമാറ്റുകളിൽ സൗജന്യ എപിസി ക്രിസ്തീയ പുസ്തകങ്ങൾ ഡൗൺലോഡ് ചെയ്യുവാൻ **apcwo.org/books** സന്ദർശിക്കുക. ഈ പുസ്തകങ്ങളിൽ പലതും ഇതര ഭാഷകളിൽ ലഭ്യമാണ്. സൗജന്യ ഓഡിയോ, വീഡിയോ പ്രഭാഷണങ്ങൾ, പ്രഭാഷണ കുറിപ്പുകൾ, തുടങ്ങിയവക്കായി **apcwo.org/sermons** സന്ദർശിക്കുക.

ക്രിസലിസ് കൗൺസെലിംഗ്

ജീവിതത്തിലെ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനും അതിജീവിക്കുന്നതിനും വ്യക്തികളെ സഹായിക്കുന്നതിനായി ക്രിസലിസ് കൗൺസെലിംഗ് വ്യക്തിഗത കൗൺസെലിംഗ് ലഭ്യമാക്കുന്നു. വിദഗ്ധ പരിശീലനം ലഭിച്ചവരും പരിചയസമ്പന്നരുമായ ക്രിസ്ത്യൻ കൗൺസെലർമാരുടെ ഒരു സംഘമാണ് ക്രിസലിസ് കൗൺസെലിംഗ്

ഞങ്ങളുടെ സേവനങ്ങൾ എല്ലാ പ്രായക്കാർക്കുമുള്ളതാണ്, മാത്രമല്ല ജീവിതത്തിലെ വിവിധങ്ങളായ വെല്ലുവിളികളെ അഭിസംബോധന ചെയ്യുകയും ചെയ്യുന്നു.

- **കൗമാരക്കാർ**
- **വ്യക്തിപരമായ പൊരുത്തപ്പെടലുകൾ**
- **ബന്ധങ്ങളിലെ വെല്ലുവിളികൾ**
- **പഠനസംബന്ധിയായ മോശം പ്രകടനം**
- **ജോലി സംബന്ധമായ പ്രശ്നങ്ങൾ**
- **കുടുംബം / ദമ്പതികൾ: വിവാഹത്തിന് മുൻപുള്ള, വിവാഹപരമായ**
- **മാതാപിതാക്കൾ / കുട്ടികൾ / സഹോദരങ്ങൾ / സഹപ്രവർത്തകർ**
- **പെരുമാറ്റ വൈകല്യങ്ങൾ**
- **വ്യക്തിത്വ വൈകല്യങ്ങൾ**
- **മാനസിക / വൈകാരിക പ്രശ്നങ്ങൾ**
- **സമ്മർദ്ദം / മാനസികാഘാതം**
- **മദ്യം / മയക്കുമരുന്ന് ദുരുപയോഗം**
- **ആത്മീയ പ്രശ്നങ്ങൾ**
- **ജീവിത പരിശീലനം**

കൗൺസെലിംഗ് സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാകുന്നതും മിതമായ നിരക്കിലുള്ളതുമാണ്.

ഞങ്ങളുടെ പരിശീലനം ലഭിച്ച കൌൺസെലർമാരിൽ ഒരാളുമായി കൂടിക്കാഴ്ച ഷെഡ്യൂൾ ചെയ്യുവാൻ വേണ്ട വിവരങ്ങൾ:

വെബ്സൈറ്റ്: chrysalislife.org
ഫോൺ: +91-80-25452617 അല്ലെങ്കിൽ ടോൾ ഫ്രീ (ഇന്ത്യയ്ക്ക് അകത്ത്) 1-800-300-00998
ഇമെയിൽ: counselor@chrysalislife.org

ക്രിസലിസ് കൗൺസെലിംഗ് ഓൾ പീപ്പിൾസ് ചർച്ച് & വേൾഡ് ഔട്ട്റീച്ചിന്റെ ഒരു ശുശ്രൂഷയാണ്.

ഓൾ പീപ്പിൾസ് ചർച്ചിന്റെ പങ്കാളിയാകുക

ഓൾ പീപ്പിൾസ് ചർച്ച് ഒരു പ്രാദേശിക സഭ എന്ന അതിർ വരമ്പുകൾക്ക് അപ്പുറത്ത് ഇന്ത്യയിലുടനീളം, പ്രത്യേകിച്ചു ഉത്തരേന്ത്യയിൽ, (1) നേതാക്കന്മാരെ ബലപ്പെടുത്തുക, (2) യുവാക്കളെ ശുശ്രൂഷയ്ക്ക് സജ്ജരാകുക, (3) ക്രിസ്തുവിന്റെ ശരീരമായ സഭയെ പണിതെടുക്കുക എന്നീ കാര്യങ്ങളിൽ ശ്രദ്ധചെലുത്തി പ്രവർത്തങ്ങൾ നടത്തി വരുന്നു. യുവജനങ്ങൾക്കായി പ്രത്യേക പരിശീലന സെമിനാറുകളും, 'ക്രിസ്തീയ നേതൃത്വ സംഗമങ്ങളും' വർഷത്തിലുടനീളം നടത്തപ്പെടുന്നു. ഇതിനു പുറമെ, ദൈവവചനത്തിലും പരിശുദ്ധാത്മാവിലും വിശ്വാസികളെ സജ്ജരാക്കുക എന്ന ഉദ്ദേശത്തോടെ പ്രസിദ്ധീകരണങ്ങളുടെ ആയിരകണക്കിന് പകർപ്പുകൾ ഇംഗ്ലീഷിലും മറ്റു ഇന്ത്യൻ ഭാഷകളിലും സൗജന്യമായി വിതരണം ചെയ്യുന്നു.

ഒരിക്കലായോ പ്രതിമാസമോ ഒരു സംഭാവന അയച്ചുകൊണ്ട് സാമ്പത്തികമായി ഞങ്ങളുടെ സഹകാരിയാകുവാൻ ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു. നമ്മുടെ രാജ്യത്തുടനീളമുള്ള ഈ വേലയിൽ ഞങ്ങളെ സഹായിക്കുവാൻ നിങ്ങൾക്കു അയക്കാൻ കഴിയുന്ന ഏതു തുകയും വളരെയധികം വിലപ്പെട്ടതാണ്.

നിങ്ങളുടെ സംഭാവനകൾ "All Peoples Church"—ന്റെ പേരിലുള്ള ചെക്ക്/ ബാങ്ക് ഡ്രാഫ്റ്റ് ആയിട്ട് ഞങ്ങളുടെ ഓഫീസിലെ വിലാസത്തിലേക്ക് അയക്കാം. അല്ലാത്തപക്ഷം, ഞങ്ങളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉപയോഗിച്ച് ബാങ്ക് ട്രാൻസ്ഫർ വഴി നിങ്ങളുടെ സംഭാവനകൾ നേരിട്ടും അയക്കാം.

അക്കൗണ്ടിന്റെ പേര്: All Peoples Church
അക്കൗണ്ട് നമ്പർ: 50200068829058
IFSC കോഡ്: HDFC0004367
ബാങ്ക്: HDFC Bank, 7M/308 80 Ft Rd, HRBR layout, Kalyan Nagar, Bengaluru, Karnataka 560043.

ദയവായി ശ്രദ്ധിക്കുക: *ഓൾ പീപ്പിൾസ് ചർച്ചിന് ഇന്ത്യ കേന്ദ്രീകൃതമായ ബാങ്ക് അക്കൗണ്ടിൽ നിന്നും മാത്രമേ സംഭാവനകൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. സംഭാവനകൾ നൽകുമ്പോൾ, നിങ്ങളുടെ സംഭാവന ഉപയോഗിക്കപ്പെടേണ്ട പ്രത്യേക എപിസി ശുശ്രൂഷ ഏതെന്നു, ആവശ്യമെങ്കിൽ, നിങ്ങൾക്കു സൂചിപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്, ദയവായി* **apcwo.org/give** *സന്ദർശിക്കുക.*

കൂടാതെ, നിങ്ങൾക്കു കഴിയുമ്പോഴെല്ലാം ഞങ്ങൾക്കും ഞങ്ങളുടെ ശുശ്രൂഷക്കും വേണ്ടി പ്രാർത്ഥിക്കുവാൻ ഓർക്കണമേ.


നിങ്ങൾക്ക് നന്ദി, ദൈവം അനുഗ്രഹിക്കട്ടെ!

DOWNLOAD THE FREE APP!

Search for
"All Peoples Church Bangalore"
in the App or Google play stores.

Available on the App Store

ANDROID APP ON Google play





A daily 5-minute video devotional.
A daily Bible reading and prayer guide.
5-minute Sermon summary.
Toolkit with Scriptures on various topics to build faith and information to share the Gospel.
Resources with sermons, sermon notes, TV programs, books, music and more.

IF YOU LOVE IT, TELL OTHERS ABOUT IT!

निःशुल्क ऐप डाउनलोड करें:

ऐप स्टोर या प्ले स्टोर में खोजें
“ऑल पीपुल्स चर्च (APCWO)”/
All Peoples Church Hindi

Available on the App Store

ANDROID APP ON Google Play



विश्वास को मजबूत करने और सुसमाचार साझा करने के लिए विभिन्न विषयों पर आधारित वचनों के टूलकिट।
उपदेशों, टीवी कार्यक्रमों, पुस्तकों, संगीत और बहुत कुछ से भरे संसाधन।
अगर आपको यह पसंद आए, तो
दूसरों को भी इसके बारे में बताएं!

ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജ്

apcbiblecollege.org

ഇന്ത്യയിൽ, ബാംഗ്ലൂരിലുള്ള ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജും ശുശ്രൂഷ പരിശീലന കേന്ദ്രവും ഉപദേശ കൃത്യതയുള്ളതും ബൗദ്ധിക ഉത്തേജനം നൽകുന്നതുമായ വേദപഠനത്തിനൊപ്പം പരിശുദ്ധാത്മാവിന്റെ അമാനുഷിക ശക്തിയിൽ ശുശ്രൂഷിക്കുന്നതിനുമായി ആത്മനിറവോടും, അഭിഷേകത്തോടും കൂടെ പ്രായോഗികപരിചയം ഉൾക്കൊള്ളിച്ചുകൊണ്ട് പരിശീലിപ്പിക്കുകയും സജ്ജരാക്കുകയും ചെയ്യുന്നു. കർത്താവുമായുള്ള ഉറ്റ ബന്ധത്തിൽ നിന്നും ഉരുത്തിരിയുന്ന ദൈവീക സ്വഭാവം, ദൈവവചനത്തിൽ ആഴത്തിലുള്ള അടിസ്ഥാനം, അടയാളങ്ങളുടെയും, അത്ഭുതങ്ങളുടെയും, വിടുതലുകളുടെയും ശക്തമായ പ്രകടനങ്ങൾ എന്നിവയ്ക്ക് ഊന്നൽ കൊടുക്കുന്ന ശുശ്രൂഷയ്ക്കായി വ്യക്തികളെ ആകമാനമായി വളർത്തിയെടുക്കുന്നതിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജിൽ (എ.പി.സി.-ബി.സി), കൃത്യതയുള്ള അദ്ധ്യയനത്തിനൊപ്പം, ദൈവസ്നേഹത്തിന്റെ പ്രദർശനങ്ങൾക്കും, പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനും, സാന്നിധ്യത്തിനും, ദൈവത്തിന്റെ അമാനുഷിക പ്രവൃത്തികൾക്കും ഊന്നൽ നൽകുന്നു. ദൈവീക വിളി ലഭിച്ച നിരവധി യുവാക്കളെയും, യുവതികളെയും അത് നിറവേറ്റുന്നതിനായി പരിശീലിപ്പിച്ച് അയച്ചുകൊണ്ടിരിക്കുന്നു.

ഞങ്ങൾ മൂന്ന് പ്രോഗ്രാമുകൾ നൽകുന്നു.

- ദൈവശാസ്ത്രത്തിലും ക്രിസ്തീയ ശുശ്രൂഷയിലും ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ് (C.Th.)
- ദൈവശാസ്ത്രത്തിലും ക്രിസ്തീയ ശുശ്രൂഷയിലും രണ്ട് വർഷത്തെ ഡിപ്ലോമ കോഴ്സ് (Dip.Th.)
- ദൈവശാസ്ത്രത്തിലും ക്രിസ്തീയ ശുശ്രൂഷയിലും മൂന്ന് വർഷത്തെ ബാച്ച്ലേർസ് കോഴ്സ് (B.Th.)

ഓരോ പ്രവൃത്തിദിവസവും, **തിങ്കൾ മുതൽ വെള്ളി വരെ, ഇന്ത്യൻ സമയം രാവിലെ 9:00 മുതൽ ഉച്ചയ്ക്ക് 12:00 വരെ (UTC+5:30)** ക്ലാസുകൾ നടക്കുന്നു. ഞങ്ങൾ മൂന്ന് വ്യത്യസ്ത പഠന രീതികൾ നൽകുന്നു.

- **കാമ്പസിൽ:** ക്യാമ്പസിൽ നേരിട്ടുള്ള ക്ലാസുകൾ നടത്തുന്നു.
- **വിദൂര പഠനം:** ഓൺലൈനിൽ തത്സമയം പഠിപ്പിക്കുന്നു.
- **ഇ-ലേണിംഗ്:** ഓൺലൈൻ പോർട്ടലിലൂടെ സ്വയം പഠിക്കുവാനുള്ള അവസരമൊരുക്കുന്നു **apcbiblecollege.org/elearn.**

ഓൺലൈനായി അപേക്ഷിക്കുന്നതിനും, കോളേജിന്റെ പാഠ്യപദ്ധതി, യോഗ്യതാ മാനദണ്ഡങ്ങൾ, ട്യൂഷൻ ചെലവുകൾ എന്നിവയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും, അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്യുന്നതിനും ദയവായി **apcbiblecollege.org** സന്ദർശിക്കുക.

ബൈബിൾ ദൈവത്തിന്റെ പല വശങ്ങളെ വെളിപ്പെടുത്തുന്നു. ഇതിൽ, ദൈവത്തെക്കുറിച്ചുള്ള ഏറ്റവും ശക്തമായ വെളിപ്പെടുത്തലുകളിൽ ഒന്ന് അവൻ പിതാവാണ് എന്നതാണ്. ദൈവം നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവാണ്. ദൈവത്തെ "ഞങ്ങളുടെ പിതാവേ" എന്ന് വിളിക്കുവാൻ കർത്താവായ യേശു നമ്മെ പഠിപ്പിച്ചു. പിതാവിന് നമ്മോടുള്ള സ്നേഹം ബൈബിൾ വെളിപ്പെടുത്തുന്നു. ഈ പുസ്തകം പിതാവിന്റെ സ്നേഹത്തെക്കുറിച്ചുള്ള ഒരു പഠനമാണ്.ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെക്കുറിച്ചുള്ള നമ്മുടെ ധാരണയ്ക്ക് അനുസരിച്ചായിരിക്കും നാം ദൈവത്തെയും നമ്മെത്തന്നെയും മറ്റുള്ളവരെയും സ്നേഹിക്കുന്നത്.

സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവായ ദൈവം നമ്മെ നിരുപാധികമായി അളവറ്റ സ്നേഹിക്കുന്നു. പിതാവിന് നമ്മോടുള്ള സ്നേഹത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ ആവിഷ്കാരവും പ്രകടനവുമാണ് യേശുക്രിസ്തുവിന്റെ ക്രൂശ്. പിതാവിന്റെ സ്നേഹം നാം അറിയുകയും വിശ്വസിക്കുകയും സ്വീകരിക്കുകയും അതിൽ വിശ്രമിക്കുകയും ചെയ്യുമ്പോൾ എല്ലാറ്റിനും മാറ്റം വരുന്നു. നാം സൗഖ്യം പ്രാപിക്കുകയും സമ്പൂർണ്ണരാക്കപ്പെടുകയും നമ്മുടെ എല്ലാ തകർച്ചകളിൽ നിന്നും ബന്ധനങ്ങളിൽ നിന്നും മോചിപ്പിക്കപ്പെടുകയും ചെയ്യുന്നു. പിതാവിന്റെ സ്നേഹത്തിൽ നിന്ന് നാം ജീവിക്കുമ്പോൾ, നാം സ്നേഹിക്കപ്പെട്ടതുപോലെ തന്നെ മറ്റുള്ളവരെയും സ്നേഹിക്കുന്നു. നാം ദൈവത്തെയും മറ്റുള്ളവരെയും സ്വതന്ത്രമായി സ്നേഹിക്കുന്നു. ദൈവത്തിന്റെ അഭേദ്യമായ സ്നേഹത്തിലൂടെ ജീവിതത്തിലെ എല്ലാ വെല്ലുവിളികളെയും അന്ധകാര ശക്തികളെയും പൂർണ്ണമായും കീഴടക്കിയ ജയാളികളായി നാം ജീവിക്കുന്നു. ഈ പുസ്തകം **നിങ്ങൾക്കു**വേണ്ടിയുള്ളതാണ്.

All Peoples Church & World Outreach
319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

Phone: +91-80-25452617
Email: contact@apcwo.org
Website: apcwo.org